# അപ്പൊസ്തലന്മാരുടെ

# പ്രവൃത്തികൾ

*യേശുവിൻെറ സ്വർഗ്ഗാരോഹണം*

1 തെയോഫിലോസേ, യേശു താൻ തിര
ഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരി
ശുദ്ധാത്മാവിലൂടെ നിർദ്ദേശങ്ങൾ നല്കിയതി
നുശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട നാൾ
വരെ, പ്രവർത്തിച്ചും 2പഠിപ്പിച്ചും തുടങ്ങിയ
എല്ലാക്കാര്യങ്ങളെക്കുറിച്ചും ഞാൻ എൻെറ
ഒന്നാമത്തെ പുസ്തകത്തിൽ എഴുതിയിരുന്നു
വല്ലോ. 3അവിടുന്ന്, തൻെറ പീഡാനുഭവത്തി
നുശേഷം അവർക്കു തന്നെത്തന്നേ കാണിച്ചു
കൊടുത്തുകൊണ്ട് താൻ ജീവിച്ചിരിക്കുന്നു
എന്ന് അവരെ ബോധ്യപ്പെടുത്തുന്ന അനേകം
തെളിവുകൾ നല്കി. അദ്ദേഹം നാല്പതു നാൾ
അവർക്കു പ്രത്യക്ഷപ്പെടുകയും ദൈവരാജ്യ
ത്തെപ്പറ്റി അവരോടു സംസാരിക്കുകയും
ചെയ്തു. 4ഒരവസരത്തിൽ അവരുടെ കൂടെ
ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അവിടു
ന്ന് അവരോടു കല്പിച്ചു: "നിങ്ങൾ യെരൂശലേം
വിട്ടുപോകരുത്; എന്നിൽനിന്നു കേട്ട പിതാവി
ൻെറ വാഗ്ദാനത്തിനായി കാത്തിരി
ക്കേണം.5യോഹന്നാൻ വെള്ളം കൊണ്ടു[a]സ്നാ
നം കഴിപ്പിച്ചു. എന്നാൽ നിങ്ങൾക്ക് ഏറെനാൾ
കഴിയുംമുമ്പെ പരിശുദ്ധാത്മാവിനാൽ സ്നാ
നം ലഭിക്കും."

6അവർ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ,
"കർത്താവേ, അവിടുന്ന് യിസ്രായേലിന് ഇക്കാ
ലത്താണോ രാജ്യം പുനഃസ്ഥാപിച്ചുകൊടു
ക്കുന്നത്?" എന്നു ചോദിച്ചു. 7അദ്ദേഹം അവ
രോടു പറഞ്ഞു: "പിതാവ് സ്വന്തം അധികാ
രത്താൽ നിശ്ചയിച്ചിട്ടുള്ള സമയങ്ങളും കാ
ലങ്ങളും നിങ്ങൾ അറിയേണ്ടതില്ല. 8എന്നാൽ
പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ
നിങ്ങൾ ശക്തി പ്രാപിക്കുകയും യെരൂശലേമി
ലും യെഹൂദ്യയിലെല്ലായിടത്തും ശമര്യയിലും
ഭൂമിയുടെ അതിരുകൾവരെയും എൻെറ സാ
ക്ഷികളായിത്തീരുകയും ചെയ്യും." 9ഇതുപറ
ഞ്ഞശേഷംഅവർ നോക്കിക്കൊണ്ടിരിക്കെ
അവിടുന്ന് ഉയരത്തിലേക്ക് എടുക്കപ്പെട്ടു; ഒരു
മേഘം അദ്ദേഹത്തെ അവരുടെ കാഴ്ചയിൽ
നിന്നു മറച്ചു.

10അവിടുന്ന് പോകുമ്പോൾ അവർ ആകാ
ശത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു.
വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ
പെട്ടെന്ന് അവരുടെ അടുക്കൽ നിന്നു; 11 അവർ
പറഞ്ഞു, "അല്ലയോ ഗലീലക്കാരേ, നിങ്ങൾ
എന്തിന് ആകാശത്തേക്ക് നോക്കി നില്ക്കുന്നു?
നിങ്ങളിൽനിന്നു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട
ഈ യേശു താൻ സ്വർഗ്ഗാരോഹണം ചെയ്യു
ന്നതായി നിങ്ങൾ കണ്ടതുപോലെതന്നേ
തിരികെവരും."

*യൂദയ്ക്കു പകരം*
*മത്ഥിയാസിനെ തിരഞ്ഞെടുക്കുന്നു*

12പിന്നീട് അവർ, നഗരത്തിൽ നിന്ന് ഒരു
ശബ്ബത്തുദിവസത്തെ നടപ്പിൻെറ [b] ദൂരമുള്ള
ഒലിവുമല വിട്ട് യെരൂശലേമിലേക്കു മടങ്ങി
പോന്നു. 13അവിടെ എത്തിയശേഷം അവർ
തങ്ങൾ പാർത്തിരുന്ന മാളികമുറിയിൽ
പ്രവേശിച്ചു. പത്രൊസ്, യോഹന്നാൻ, യാക്കോ
ബ്, അന്ത്രെയാസ്, ഫിലിപ്പൊസ്, തോമസ്,
ബർത്തലോമായി, മത്തായി, അല്ഫായുടെ
മകനായ യാക്കോബ്, തീവ്രവാദിയായ ശിമോൻ,
യാക്കോബിൻെറ മകനായ യൂദാ എന്നിവരാണ്
അവിടെ സന്നിഹിതരായത്. 14അവരെല്ലാവരും
സ്ത്രീകളോടും യേശുവിൻെറ അമ്മയായ മറി
യയോടും യേശുവിൻെറ സഹോദരന്മാരോടും
ഒരുമിച്ച് ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴു
കിയിരുന്നു.

15 ആ കാലത്ത് പത്രൊസ് ഏകദേശം നൂറ്റി
യിരുപതുപേരടങ്ങുന്ന വിശ്വാസികളുടെ [c] ഒരു
സമൂഹത്തിൽ എഴുന്നേറ്റുനിന്ന് ഇങ്ങനെ
പറഞ്ഞു: 16"സഹോദരരേ, യേശുവിനെ പിടി
ച്ചവർക്കു വഴികാട്ടിയായിത്തീർന്ന യൂദായെ
ക്കുറിച്ചു പരിശുദ്ധാത്മാവ് ദാവീദിലൂടെ മുമ്പു
പ്രസ്താവിച്ചിരുന്ന തിരുവെഴുത്തു നിറവേ
റേണ്ടതാവശ്യമായിരുന്നു. 17അയാൾ ഞങ്ങളു

[a] 5 അഥവാ, *വെള്ളത്തിൽ* [b] 12 അതായത്, ഏകദേശം $3/4$ മൈൽ ( 1,100 മീറ്ററോളം ദൂരം )
[c] 15 ഗ്രീക്കിൽ, *സഹോദരരുടെ*

ടെ എണ്ണത്തിൽപ്പെട്ടവനും ഈ ശുശ്രൂഷയിൽ
പങ്കാളിയും ആയിരുന്നുവല്ലോ!"
18അയാൾ തൻെറ ദുഷ്ടതയ്ക്കു ലഭിച്ച
പ്രതിഫലംകൊണ്ട് ഒരു നിലം വാങ്ങി; അവിടെ
തലകീഴായി വീണു. അയാളുടെ ശരീരം പി
ളർന്ന് കുടലെല്ലാം ചിതറിപ്പോയി. 19യെരൂശ
ലേമിലുള്ള എല്ലാവരും ഇതേപ്പറ്റി കേട്ടു. അതു
കൊണ്ട് ആ നിലത്തിന് അവരുടെ ഭാഷയിൽ
രക്തനിലം എന്നർത്ഥമുള്ള 'അക്കല്ദാമാ'
എന്ന പേർ ലഭിച്ചു.
20പത്രൊസ് ഇപ്രകാരം തുടർന്നു:
" 'അവൻെറ വാസസ്ഥലം ശൂന്യമായിപ്പോ
കട്ടെ: അതിൽ ആരും പാർക്കാതിരിക്കട്ടെ' [a]
എന്നും
'അവൻെറ നേതൃസ്ഥാനം മറ്റൊരുവനു ലഭി
ക്കട്ടെ' [b]
എന്നും സങ്കീർത്തനപ്പുസ്തകത്തിൽ എഴു
തിയിരിക്കുന്നുവല്ലോ.
21"ആകയാൽ യോഹന്നാൻെറ സ്നാനം
മുതൽ യേശു നമ്മിൽനിന്ന് എടുക്കപ്പെട്ട സമയം
വരെ, കർത്താവായ യേശു നമ്മുടെ ഇടയിൽ
സഞ്ചരിച്ച കാലമെല്ലാം 22നമ്മോടുകൂടെ ഉണ്ടാ
യിരുന്നവരിൽനിന്ന് ഒരുവനെ, അയാൾ ഞങ്ങ
ളോടുകൂടെ അവിടുത്തെ പുനരുത്ഥാനത്തിനു
സാക്ഷിയായിരിക്കേണ്ടതിനു തിരഞ്ഞെടു
ക്കേണ്ടതാവശ്യമാണ്." 23അങ്ങനെ അവർ
യുസ്തൊസ് എന്നുമറുപേരുള്ള ബർശബാ
എന്ന യോസേഫ്, മത്ഥിയാസ് എന്നീ രണ്ടുപേ
രെ നിർദ്ദേശിച്ചു. 24പിന്നീട് അവർ പ്രാർത്ഥിച്ചു:
"കർത്താവേ, അവിടുന്ന് എല്ലാ ഹൃദയങ്ങ
ളെയും അറിയുന്നുവല്ലോ. 25തനിക്കു പോ
കേണ്ട സ്ഥലത്തേക്കു പോകുന്നതിനുവേണ്ടി
യൂദാ ഉപേക്ഷിച്ചുകളഞ്ഞ ഈ അപ്പൊ
സ്തലശുശ്രൂഷ ഏറ്റെടുക്കുവാൻ അങ്ങു തിര
ഞ്ഞെടുത്തിരിക്കുന്നത് ഈ രണ്ടുപേരിൽ ആ
രെയാണെന്നു ഞങ്ങൾക്കു കാണിച്ചുതരേണ
മേ." 26അനന്തരം അവർ നറുക്കിട്ടു; നറുക്കു
മത്ഥിയാസിനു വീഴുകയും അങ്ങനെ അദ്ദേഹം
പതിനൊന്ന് അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ
ചേർക്കപ്പെടുകയും ചെയ്തു.

*പരിശുദ്ധാത്മാവിൻെറ ആഗമനം*

2 പെന്തക്കോസ്തുനാൾ വന്നപ്പോൾ എല്ലാ
വരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു.
2പെട്ടെന്നു കൊടുങ്കാറ്റിൻെറ ഇരമ്പൽപോലെ
ആകാശത്തുനിന്ന് ഒരു ശബ്ദം ഉണ്ടായി. അത്
അവർ ഇരുന്ന വീടുമുഴുവനും നിറഞ്ഞു. 3തീ
ജ്വാലപോലെ പിളർന്ന നാവുകൾ അവർക്കു
പ്രത്യക്ഷമായി ഓരോരുത്തരുടെമേലും വന്ന്
ആവസിച്ചു . 4അവരെല്ലാവരും പരിശുദ്ധാത്മാ
വു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരി
പ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സം
സാരിച്ചുതുടങ്ങി.
5ലോകത്തിലെ എല്ലാ രാജ്യങ്ങളിൽനിന്നും
ഭക്തരായ യഹൂദർ അന്നു യെരൂശലേമിൽ
വന്നുപാർക്കുന്നുണ്ടായിരുന്നു. 6ഈ ആരവം
ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി തങ്ങളിൽ
ഓരോരുത്തരുടെയും ഭാഷയിൽ അവർ സംസാ
രിക്കുന്നതു കേട്ട് അമ്പരന്നുപോയി. 7അവർ
ആശ്ചര്യഭരിതരായി ചോദിച്ചു: " ഈ സംസാ
രിക്കുന്നവർ എല്ലാവരും ഗലീലക്കാർ അല്ലേ?
8എങ്കിൽ അവർ സംസാരിക്കുന്നത് നമ്മിൽ ഓ
രോരുത്തരും നമ്മുടെ സ്വന്തഭാഷയിൽ
കേൾക്കുന്നതെങ്ങനെ? 9പർത്ഥരും മേദ്യരും
ഏലാമ്യരും മെസപ്പൊത്താമ്യ, യെഹൂദ്യാ, കപ്പ
ദോക്യ, 10പൊന്തൊസ്, ഏഷ്യാപ്രവശ്യ, ഫ്രുഗ്യ,
പംഫുല്യ, ഈജിപ്റ്റ്, കുറേനയ്ക്കു സമീപമു
ള്ള ലിബ്യാപ്രദേശങ്ങൾ എന്നിവിടങ്ങളിൽ വസി
ക്കുന്നവരും റോമിൽ നിന്നു വന്ന സന്ദർശകരും
യഹൂദരും യഹൂദമതം സ്വീകരിച്ചവരും ക്രീറ്റു
നിവാസികളും അറബികളുമായ നാം
11ദൈവത്തിൻെറ അത്ഭുതകാര്യങ്ങൾ നമ്മുടെ
ഭാഷകളിൽ അവർ പ്രസ്താവിക്കുന്നതു
കേൾക്കു ന്നുവല്ലോ!" 12എല്ലാവരും വിസ്മയി
ച്ചു പരിഭ്രാന്തിയോടെ "എന്താണിതിൻെറ
അർത്ഥം?" എന്ന് അന്യോന്യം ചോദിച്ചു.
13എന്നാൽ ചിലർ, "ഇവർ പുതുവീഞ്ഞു കുടി
ച്ചു മത്തരായിരിക്കുന്നു" എന്നു പറഞ്ഞ് അവ
രെ പരിഹസിച്ചു.

*പത്രൊസിൻെറ പ്രസംഗം*

14അപ്പോൾ പത്രൊസ് പതിനൊന്നു
പേരോടുകൂടെ നിന്നുകൊണ്ട് ശബ്ദമുയർത്തി
അവരോട് ഇപ്രകാരം പറഞ്ഞു: "യഹൂദാ
ജനങ്ങളും യെരൂശലേമിൽ താമസിക്കുന്ന
ഏവരുമേ, ഇതു നിങ്ങൾ മനസ്സിലാക്കുക.
15എൻെറ വാക്കു നിങ്ങൾ ശ്രദ്ധിക്കുവിൻ.
നിങ്ങൾ ഊഹിക്കുന്നതുപോലെ ഇവർ ലഹരി
പിടിച്ചവരല്ല; രാവിലെ ഒൻപതു മണിയല്ലേ
ആയിട്ടുള്ളൂ? 16എന്നാൽ ഇതു യോവേൽ
പ്രവാചകൻ പറഞ്ഞിട്ടുള്ളതത്രേ. അതെ
ന്തെന്നാൽ:
17 'ദൈവം അരുളിച്ചെയ്യുന്നു:
അന്ത്യകാലത്തു ഞാൻ സകല
ജനങ്ങളിന്മേലും എൻെറ ആത്മാവിനെ
പകർന്നുകൊടുക്കും; നിങ്ങളുടെ പുത്രന്മാ
രും പുത്രിമാരും പ്രവചിക്കും: നിങ്ങളുടെ
യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും;
നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ
കാണും.

[a] 20 സങ്കീർത്തനം 69 : 25 [b] 20 സങ്കീർത്തനം 109: 8

18എന്റെ ദാസന്മാരുടെമേലും, ദാസി
മാരുടെമേലും കൂടെ ഞാൻ ആ നാളു
കളിൽ എന്റെ ആത്മാവിനെ പകരും;
അവർ പ്രവചിക്കും.

19ഞാൻ ഉയരെ, ആകാശത്തിൽ അത്ഭു
തങ്ങളും താഴെ, ഭൂമിയിൽ അടയാളങ്ങളും
കാണിക്കും; രക്തവും തീയും പുക
പടലങ്ങളും തന്നേ.

20കർത്താവിന്റെ വലുതും തേജസ്സേറി
യതുമായ ദിവസം വരുന്നതിനുമുമ്പേ
സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും
മാറും.

21കർത്താവിന്റെ നാമം വിളിച്ചപേക്ഷി
ക്കുന്ന എല്ലാവരും രക്ഷിക്കപ്പെടും '[a]

22"യിസ്രായേൽജനമേ ഇതു കേൾക്കുക: ന
സ്രായനായ യേശു എന്ന മനുഷ്യനെ ദൈവം
അദ്ദേഹത്തിലൂടെ നിങ്ങളുടെ ഇടയിൽ ചെയ്ത
വീര്യപ്രവർത്തികളും അത്ഭുതങ്ങളും അടയാ
ളങ്ങളും മുഖേന സാക്ഷ്യപ്പെടുത്തിയ വസ്തു
ത നിങ്ങൾക്ക് അറിയാമല്ലോ. 23ദൈവത്തിന്റെ
നിശ്ചിതപദ്ധതിയാലും മുൻനിർണ്ണയത്താലു
മാണ് അദ്ദേഹത്തെ നിങ്ങളുടെ കയ്യിൽ ഏല്പി
ച്ചുതന്നത്. നിങ്ങൾ അദ്ദേഹത്തെ അധർമ്മികളു
ടെ [b] കൈകളാൽ ക്രൂശിൽ തറച്ചുകൊന്നു.
24എന്നാൽ ദൈവം മരണപാശങ്ങളിൽനിന്ന് അ
ദ്ദേഹത്തെ സ്വതന്ത്രനാക്കി ഉയിർപ്പിച്ചു.
മരണത്തിന് അദ്ദേഹത്തെ പിടിച്ചുവയ്ക്കുന്നത്
അസാദ്ധ്യമായിരുന്നു.

25"ദാവീദ് അദ്ദേഹത്തെക്കുറിച്ച് പറയുന്നത്
ഇപ്രകാരമാണ്:

'ഞാൻ കർത്താവിനെ എപ്പോഴും എ
ന്റെ മുമ്പിൽ കണ്ടിരിക്കുന്നു: ഞാൻ കു
ലുങ്ങിപ്പോകാതവണ്ണം അവിടുന്ന് എന്റെ
വലത്തുഭാഗത്തുണ്ട്.

26അതുകൊണ്ട് എന്റെ ഹൃദയം സ
ന്തോഷിക്കുകയും എന്റെ നാവു ആനന്ദി
ക്കുകയും ചെയ്യും. തന്നെയുമല്ല എന്റെ
ജഡം പ്രത്യാശയോടെ വസിക്കും.
27എന്തെന്നാൽ എന്റെ പ്രാണനെ അവി
ടുന്ന് പാതാളത്തിൽ വിട്ടുകളയുകയില്ല.
അവിടുത്തെ പരിശുദ്ധനെ ദ്രവത്വം കാണു
വാൻ സമ്മതിക്കയുമില്ല.

28ജീവന്റെ വഴികൾ അവിടുന്ന് എന്നെ
അറിയിച്ചു തിരുസന്നിധിയിൽ എന്നെ
സന്തോഷപൂർണ്ണനാക്കും, "[c]

29"സഹോദരരേ, ഗോത്രപിതാവായ ദാവീദി
നെക്കുറിച്ച്, അദ്ദേഹം മരിച്ചു എന്നും അടക്ക
പ്പെട്ടു എന്നും എനിക്ക് നിങ്ങളോടു ഉറപ്പായി
പറയാം; അദ്ദേഹത്തിന്റെ കല്ലറ ഇന്നുവരെ
നമ്മുടെ ഇടയിൽ ഉണ്ടല്ലോ. 30ദാവീദ് ഒരു
പ്രവാചകൻ ആയിരുന്നു. അദ്ദേഹത്തിന്റെ പിൻ
ഗാമികളിൽ ഒരുവനെ ദൈവം അദ്ദേഹത്തിന്റെ
സിംഹാസനത്തിലിരുത്തും എന്നു തന്നോടു
ആണയാൽ പ്രതിജ്ഞ ചെയ്ത കാര്യം തനി
ക്കറിയാമായിരുന്നു. 31'അദ്ദേഹത്തെ പാതാ
ളത്തിൽ വിട്ടുകളഞ്ഞില്ല; അദ്ദേഹത്തിന്റെ
ശരീരം ജീർണ്ണത കണ്ടതുമില്ല' എന്നു
ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി
കണ്ടു ദാവീദ് പ്രസ്താവിച്ചു. 32ഈ യേശുവിനെ
യാണ് ദൈവം ഉയിർത്തെഴുന്നേല്പിച്ചത്. ഈ
വസ്തുതയ്ക്കു ഞങ്ങളെല്ലാവരും സാക്ഷികളാ
കുന്നു. 33അദ്ദേഹം ദൈവത്തിന്റെ വലത്തുഭാ
ഗത്തേക്ക് ഉയർത്തപ്പെടുകയും പരിശുദ്ധാത്മാ
വ് എന്ന വാഗ്ദാനം പിതാവിൽനിന്നു സ്വീകരി
ച്ച്, നിങ്ങൾ ഈ കാണുകയും കേൾക്കുകയും
ചെയ്യുന്നവ പകർന്നുതരികയും ചെയ്തിരിക്കു
ന്നു. 34ദാവീദ് സ്വർഗ്ഗാരോഹണം ചെയ്തില്ല
ല്ലോ! എങ്കിലും അദ്ദേഹം പറയുന്നത് ഇങ്ങ
നെയാണ്:

'കർത്താവ് എന്റെ കർത്താവിനോട്
അരുളിച്ചെയ്യുന്നു: 35'ഞാൻ നിന്റെ ശ
ത്രുക്കളെ നിന്റെ പാദപീഠം ആക്കുവോ
ളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്ക.'[d]

36"ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ
യേശുവിനെത്തന്നേ ദൈവം കർത്താവും
ക്രിസ്തുവുമാക്കിവച്ചു എന്നു യിസ്രായേൽ
ഗൃഹമൊക്കെയും നിശ്ചയമായി അറിഞ്ഞു
കൊള്ളട്ടെ."

37ജനങ്ങൾ ഇതുകേട്ടിട്ട് ഹൃദയത്തിൽ
കുത്തുകൊണ്ട് പത്രൊസിനോടും മറ്റു അപ്പൊ
സ്തലന്മാരോടും: "സഹോദരരേ, ഞങ്ങൾ
എന്താണ് ചെയ്യേണ്ടത്?" എന്നു ചോദിച്ചു.
38പത്രൊസ് അവരോടു പറഞ്ഞു: "നിങ്ങൾ മാ
നസാന്തരപ്പെട്ട് ഓരോരുത്തരും യേശുക്രിസ്തു
വിന്റെ നാമത്തിൽ സ്നാനം ഏല്ക്കുക; എ
ന്നാൽ നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടും;
പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭി
ക്കും. 39ഈ വാഗ്ദാനം നമ്മുടെ ദൈവമായ
കർത്താവു തന്റെ അടുത്തേക്കു വിളിക്കുന്ന
എല്ലാവർക്കും വേണ്ടിയുള്ളതാണ്; നിങ്ങൾക്കും
നിങ്ങളുടെ മക്കൾക്കും വിദൂരസ്ഥരായ ഏവർ
ക്കും തന്നേ" 40മറ്റനേകം വാക്കുകളാൽ അ
ദ്ദേഹം അവർക്കു സാക്ഷ്യം നല്കി; "വക്രതയു
ള്ള ഈ തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ"
എന്ന് ഉദ്ബോധിപ്പിച്ചു. 41അദ്ദേഹത്തിന്റെ സ
ന്ദേശം സ്വീകരിച്ചവർ സ്നാനം ഏറ്റു. അന്നു

*a* 21യോവേൽ 2: 28 - 32 *b* 23 അഥവാ, *ന്യായപ്രമാണം ഇല്ലാത്തവരുടെ* (അതായത്, വിജാതീയരുടെ)
*c* 28 സങ്കീർത്തനം 16: 8, 11 *d* 35 സങ്കീർത്തനം 110: 1

മൂവായിരത്തോളം പേർ അവരോടുചേർന്നു.

*വിശ്വാസികളുടെ കൂട്ടായ്മ*

42അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തി
ലും കൂട്ടായ്മയിലും അപ്പം മുറിക്കലിലും
പ്രാർത്ഥനയിലും മുഴുകിയിരുന്നു. 43അപ്പൊ
സ്തലന്മാർ മുഖേന അനവധി അത്ഭുതങ്ങളും
അടയാളങ്ങളും നടന്നു; എല്ലാവർക്കും ഭയമാ
യി. 44വിശ്വാസികൾ എല്ലാവരും ഒരുമയോടെ
ചേർന്നു വരികയും സകലവും പൊതുവക
എന്നു കരുതുകയും ചെയ്തു. 45തങ്ങളുടെ
സമ്പാദ്യങ്ങളും വിഭവങ്ങളും വിറ്റ് ഓരോരുത്തർ
ക്ക് ആവശ്യമുള്ളതുപോലെ അവർ എല്ലാവർ
ക്കും പങ്കിട്ടു. 46അവർ ഒരുമനപ്പെട്ട് ദിനമ്പ്രതി
ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ
അപ്പം മുറിച്ചുകൊണ്ട് ഉല്ലാസത്തോടും ഹൃദയ
പരമാർത്ഥതയോടുംകൂടെ ഭക്ഷണം കഴിക്കയും
47ദൈവത്തെ സ്തുതിക്കയും സകല ജനത്തി
ന്റെയും പ്രീതി അനുഭവിക്കയും ചെയ്തു.
കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി
സഭയോടു ചേർത്തുകൊണ്ടിരുന്നു.

*പത്രൊസ് മുടന്തനായ*
*ഭിക്ഷക്കാരനെ സൗഖ്യമാക്കുന്നു*

3 ഒരു ദിവസം പത്രൊസും യോഹന്നാനും
ഉച്ചകഴിഞ്ഞ് മൂന്നുമണിക്കുള്ള പ്രാർത്ഥനാ
സമയത്ത് ദൈവാലയത്തിലേയ്ക്കു പോകുക
യായിരുന്നു. 2ജന്മനാ മുടന്തനായ ഒരാളെ ചി
ലർ ദൈവാലയത്തിന്റെ സുന്ദരം എന്ന ഗോ
പുരത്തിങ്കലേക്ക് എടുത്തുകൊണ്ടുവന്നു.
ദൈവാലയത്തിൽ ചെല്ലുന്നവരോട് ഭിക്ഷയാചി
ക്കുവാൻ അയാളെ ദിനംപ്രതി അവിടെ ഇരുത്തു
ക പതിവായിരുന്നു. 3പത്രൊസും യോഹന്നാ
നും ദൈവാലയത്തിലേക്കു പ്രവേശിക്കുന്നതു
കണ്ട് അയാൾ അവരോടു ഭിക്ഷചോദിച്ചു.
4പത്രൊസും യോഹന്നാനും അയാളെ ഉറ്റുനോ
ക്കിയിട്ട് " ഞങ്ങളെ നോക്കൂ" എന്നു പറഞ്ഞു.
5അവരിൽനിന്നും വല്ലതും കിട്ടും എന്ന ആശ
യോടെ അയാൾ അവരെ നോക്കി. 6അപ്പോൾ
പത്രൊസ്: "വെള്ളിയോ പൊന്നോ എനിക്കില്ല;
എന്നാൽ എനിക്കുള്ളതു ഞാൻ നിനക്കു
തരുന്നു; നസറായനായ യേശുക്രിസ്തുവിന്റെ
നാമത്തിൽ നടക്കുക" എന്നു പറഞ്ഞ് 7അയാ
ളെ വലങ്കൈയ്ക്കു പിടിച്ചെഴുന്നേല്പിച്ചു. ഉടൻ
തന്നേ അയാളുടെ പാദങ്ങളും കണങ്കാലുകളും
ബലം പ്രാപിച്ചു. 8അയാൾ ചാടിയെഴുന്നേറ്റു
നിന്നു; നടന്നും തുള്ളിച്ചാടിയും ദൈവത്തെ
സ്തുതിച്ചും കൊണ്ട് അവരോടുകൂടെ ദൈവാ
ലയത്തിൽ പ്രവേശിച്ചു. അയാൾ നടക്കുന്നതും
ദൈവത്തെ സ്തുതിക്കുന്നതും എല്ലാവരും
കണ്ടു. 9സുന്ദരം എന്ന ദൈവാലയ ഗോപുരത്തി
ങ്കൽ ഭിക്ഷ യാചിച്ചുകൊണ്ട് ഇരുന്നവനാണ്
അയാളെന്ന് അവർ തിരിച്ചറിഞ്ഞു. 10അയാൾ
ക്കു സംഭവിച്ചതിനെക്കുറിച്ച് അവർ ആശ്ചര്യ
വും വിസ്മയവും നിറഞ്ഞവരായിത്തീർന്നു.

*പത്രൊസിന്റെ പ്രസംഗം*

11അയാൾ പത്രൊസിനോടും യോഹന്നാനോ
ടും ചേർന്നുനില്ക്കുമ്പോൾ ജനമെല്ലാം
ആശ്ചര്യഭരിതരായി 'ശലോമോന്റെ
മണ്ഡപം' എന്ന സ്ഥലത്ത് അവരുടെ അടു
ക്കൽ ഓടിക്കൂടി. 12അതുകണ്ടിട്ട് പത്രൊസ്
അവരോടു പറഞ്ഞു: "യിസ്രായേൽ ജനമേ,
ഇതിൽ നിങ്ങൾ ആശ്ചര്യപ്പെടുന്നത് എന്ത്?
ഞങ്ങൾ സ്വന്ത ശക്തികൊണ്ടോ ഭക്തികൊ
ണ്ടോ ഇയാളെ നടക്കുവാൻ പ്രാപ്തനാക്കി
എന്ന ഭാവത്തിൽ ഞങ്ങളെ എന്തിന് ഉറ്റുനോ
ക്കുന്നു? 13അബ്രാഹാമിന്റെയും യിസ്ഹാക്കി
ന്റെയും യാക്കോബിന്റെയും ദൈവം, നമ്മു
ടെ പിതാക്കന്മാരുടെ ദൈവം തന്നേ, തന്റെ
ദാസനായ യേശുവിനെ മഹത്വപ്പെടുത്തി; നി
ങ്ങൾ അദ്ദേഹത്തെ കൊല്ലുവാൻ ഏല്പിച്ചുകൊ
ടുത്തു; പീലാത്തോസ് അദ്ദേഹത്തെ വിട്ടയപ്പാൻ
വിധിച്ചിട്ടും നിങ്ങൾ അദ്ദേഹത്തെ തള്ളി
ക്കളഞ്ഞു. 14പരിശുദ്ധനും നീതിമാനുമായവ
നെ തള്ളിക്കളയുകയും ഒരു കൊലപാതകിയെ
വിട്ടുതരണം എന്നപേക്ഷിക്കുകയും ചെയ്തു.
15ജീവന്റെ ഉടയവനെ നിങ്ങൾ
കൊന്നുകളഞ്ഞു. എന്നാൽ ദൈവം അദ്ദേഹ
ത്തെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചു; ഇതിന്
ഞങ്ങൾ സാക്ഷികൾ ആകുന്നു. 16അവിടു
ത്തെനാമത്തിലാണ്, ആ നാമത്തിലുള്ള വിശ്വാ
സത്താലാണ്, നിങ്ങൾ കാണുകയും അറിയു
കയും ചെയ്യുന്ന ഇയാൾ ബലം പ്രാപിച്ചിരി
ക്കുന്നത്; അദ്ദേഹത്തിലുള്ള വിശ്വാസമാണ്, നി
ങ്ങളെല്ലാം കാണുന്നതുപോലെ ഇയാളെ
പൂർണ്ണസൗഖ്യം ഉള്ളവനാക്കിത്തീർത്തത്. 17സ
ഹോദരരേ, നിങ്ങളുടെ പ്രമാണികളെപ്പോലെ
നിങ്ങളും അജ്ഞത മൂലം ഇതു ചെയ്തുവെന്ന്
എനിക്കറിയാം. 18എന്നാൽ തന്റെ ക്രിസ്തു
കഷ്ടമനുഭവിക്കും എന്ന് സകല പ്രവാചകന്മാ
രും മുഖേന ദൈവം മുന്നറിയിച്ചത് ഇപ്രകാരം
നിറവേറുവാൻ ഇടയായി. 19ഇപ്പോൾ നിങ്ങളു
ടെ പാപങ്ങൾ മായിക്കപ്പെടേണ്ടതിനു മാ
നസാന്തരപ്പെട്ട് അനുതപിച്ചു ദൈവത്തിങ്ക
ലേക്കു തിരിഞ്ഞുകൊള്ളുവിൻ; 20എന്നാൽ
കർത്താവിന്റെ സന്നിധിയിൽ നിന്ന് ആശ്വാ
സകാലങ്ങൾ വരികയും നിങ്ങൾക്കായി നിയോ
ഗിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവാകുന്ന യേശു
വിനെ അവിടുന്ന് അയയ്ക്കുകയും ചെയ്യും.
21പണ്ടുകാലം മുതൽ തന്റെ വിശുദ്ധപ്രവാ
ചകരിലൂടെ ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത്

എല്ലാംഅവിടുന്ന് യഥാസ്ഥാനപ്പെടുത്തുന്ന
കാലം വരെ യേശു സ്വർഗ്ഗത്തിൽ ആയിരിക്കേ
ണ്ടതാകുന്നു. 22മോശെ ഇപ്രകാരം പറഞ്ഞുവ
ല്ലോ.'നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളു
ടെ സഹോദരരുടെ ഇടയിൽനിന്ന് എന്നെപ്പോ
ലെയുള്ള ഒരു പ്രവാചകനെ നിങ്ങൾക്കുവേണ്ടി
ഉയർത്തും; അദ്ദേഹം പറയുന്നതെല്ലാം നിങ്ങൾ
ശ്രദ്ധയോടെ കേട്ടനുസരിക്കണം. 23ആ
പ്രവാചകൻെറ വാക്കു കേൾക്കാത്ത ഏതൊരു
വനും ജനത്തിൻെറ ഇടയിൽ നിന്നു
ഛേദിക്കപ്പെടും.'[a]

24"മാത്രമല്ല, ശമൂവേൽ മുതലുള്ള എല്ലാ
പ്രവാചകന്മാരും ഈ നാളുകളെക്കുറിച്ചു
പ്രസ്താവിച്ചിട്ടുണ്ട്. 25'ഭൂമിയിലെ സകല കു
ടുംബങ്ങളും നിൻെറ സന്തതിയിലൂടെ അനു
ഗ്രഹിക്കപ്പെടും[b]' എന്നു ദൈവം അബ്രാഹാമി
നോട് അരുളിച്ചെയ്തു. അപ്രകാരം നിങ്ങൾ ആ
പ്രവാചകരുടെയും നിങ്ങളുടെ പിതാക്കന്മാരോ
ട് ദൈവം ചെയ്ത ഉടമ്പടിയുടെയും മക്കളത്രേ.
26അങ്ങനെ നിങ്ങളിൽ ഓരോരുത്തരെയും
നിങ്ങളുടെ ദുഷ്ടതയിൽ നിന്നു പിന്തിരിപ്പിച്ച്
അനുഗ്രഹിക്കേണ്ടതിനു ദൈവം തൻെറ ദാ
സനായ യേശുവിനെ എഴുന്നേല്പിച്ച് ആദ്യം
നിങ്ങളുടെ അടുത്തേക്കയച്ചു."

### *പത്രൊസും യോഹന്നാനും ന്യായാധിപസംഘത്തിനു മുമ്പിൽ*

4 പത്രൊസും യോഹന്നാനും ജനത്തോടു
സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പുരോഹി
തന്മാരും ദൈവാലയത്തിലെ സൈന്യാധിപനും
സദൂക്യരും അവരുടെ നേരെ വന്നു. 2ഈ
അപ്പൊസ്തലന്മാർ ജനത്തെ ഉപദേശിക്കുകയും
മരിച്ചവർക്ക് യേശുവിലൂടെ പുനരുത്ഥാനമുണ്ട്
എന്നു പ്രസംഗിക്കുകയും ചെയ്യുകയാൽ അവർ
വളരെ നീരസപ്പെട്ടു. 3അവർ അവരെ പിടിച്ചു;
സന്ധ്യാസമയം ആയിരുന്നതുകൊണ്ട് പിറ്റേ
ന്നാൾവരെ തടവിലാക്കി. 4എന്നാൽ വചനം
കേട്ടവരിൽ വളരെപ്പേർ വിശ്വസിച്ചു; വിശ്വസി
ച്ചവരുടെ എണ്ണം ഏകദേശം അയ്യായിരം ആയി.

5പിറ്റേന്നാൾ അധികാരികളും മൂപ്പന്മാരും
വേദജ്ഞരും യെരൂശലേമിൽ ഒന്നിച്ചുകൂടി;
6മഹാപുരോഹിതനായ ഹന്നാവും കയ്യഫാവും
യോഹന്നാനും, അലക്സാണ്ടറും മഹാപുരോ
ഹിതവംശത്തിൽപ്പെട്ട മറ്റുള്ളവരും അവിടെ
ഉണ്ടായിരുന്നു. 7അവർ പത്രൊസിനെയും
യോഹന്നാനെയും തങ്ങളുടെ മദ്ധ്യത്തിൽ
നിർത്തി, "നിങ്ങൾ എന്ത് അധികാരത്തിൽ
അഥവാ ഏതു നാമത്തിൽ ഇതു ചെയ്തു?"
എന്നു ചോദിച്ചു. 8അപ്പോൾ പത്രൊസ് പരിശു
ദ്ധാത്മാവു നിറഞ്ഞവനായി അവരോടു
പറഞ്ഞു: 9"ജനത്തിൻെറ അധികാരികളും മൂ
പ്പന്മാരും ആയുള്ളോരേ, മുടന്തനായ ഒരു മനു
ഷ്യനോടു കാണിച്ച കരുണയെയും അവനു സൗ
ഖ്യം ലഭിച്ചത് എങ്ങനെ എന്നതിനെയും സം
ബന്ധിച്ചാണ് ഞങ്ങളെ ഇന്നു വിസ്തരിക്കുന്ന
തെങ്കിൽ, 10നിങ്ങൾ ക്രൂശിച്ചവനും ദൈവം മരി
ച്ചവരിൽനിന്ന് ഉയിർപ്പിച്ചവനുമായ നസറായനാ
യ യേശുക്രിസ്തുവിൻെറ നാമത്താൽത്തന്നേ,
ഇവൻ പൂർണ്ണസൗഖ്യമുള്ളവനായി നിങ്ങളുടെ
മുമ്പിൽ നില്ക്കുന്നു എന്നു നിങ്ങളും എല്ലാ
യിസ്രായേൽജനവും അറിഞ്ഞുകൊൾവിൻ.

11" 'വീടുപണിയുന്നവരായ നിങ്ങൾ തള്ളി
ക്കളഞ്ഞതെങ്കിലും മൂലക്കല്ലായിത്തീർന്ന
കല്ല്[c] ' ഈ യേശു തന്നേ.

12"മറ്റൊരുവനിലും രക്ഷ ഇല്ല; നാം രക്ഷിക്ക
പ്പെടുവാൻ ആകാശത്തിൻകീഴിൽ, മനുഷ്യരു
ടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും
ഇല്ല."

13അവർ പത്രൊസിൻെറയും യോഹന്നാ
ൻെറയും ധൈര്യം കാണുകയും അവർ പഠിപ്പി
ല്ലാത്ത സാധാരണമനുഷ്യർ എന്നു ഗ്രഹിക്കു
കയും ചെയ്തപ്പോൾ ആശ്ചര്യപ്പെട്ടു; അവർ
യേശുവിനോടുകൂടെ ആയിരുന്നവർ എന്ന്
അവർ മനസ്സിലാക്കി. 14സൗഖ്യം പ്രാപിച്ച മനു
ഷ്യൻ അവിടെ അവരോടുകൂടെ നില്ക്കുന്നതു
കണ്ടതുകൊണ്ട് അവർക്ക് ഒന്നും എതിർത്തു
പറയുവാൻ കഴിഞ്ഞില്ല. 15അതുകൊണ്ട് അവ
രോടു ന്യായാധിപസംഘത്തിൽനിന്നു പുറത്തു
പോകുവാൻ കല്പിച്ചിട്ട് അവർ തമ്മിൽ കൂടി
യാലോചന നടത്തി; 16"ഈ മനുഷ്യരുടെ കാ
ര്യത്തിൽ നാം എന്താണു ചെയ്യേണ്ടത്? വളരെ
ശ്രദ്ധേയമായ ഒരു അത്ഭുതം അവർ
ചെയ്തിരിക്കുന്നു എന്നു യെരൂശലേമിൽ പാർ
ക്കുന്ന എല്ലാവർക്കും അറിയാം; അതു നിഷേധി
ക്കാൻ നമുക്കു സാധ്യവുമല്ല. 17എങ്കിലും അതു
ജനമദ്ധ്യേ കൂടുതൽ പ്രചരിക്കാതിരിക്കാൻ
ഇനിമേൽ ഈ നാമത്തിൽ ഒരു മനുഷ്യനോടും
അവർ സംസാരിക്കരുതെന്നു താക്കീതു
നല്കണം" എന്നു പറഞ്ഞു.

18പിന്നെ അവരെ വിളിച്ച്: "നിങ്ങൾ
യേശുവിൻെറ നാമത്തിൽ സംസാരിക്കുകയോ
ഉപദേശിക്കുകയോ അരുത്" എന്നു കല്പിച്ചു.
19അതിന് പത്രൊസും യോഹന്നാനും: "ദൈവ
ത്തേക്കാൾ അധികം നിങ്ങളെ അനുസരിക്കുന്ന
തു ദൈവദൃഷ്ടിയിൽ ശരിയോ എന്നു നിങ്ങൾ
തന്നേ വിധിപ്പിൻ. 20ഞങ്ങൾക്കോ ഞങ്ങൾ കാ
ണുകയും കേൾക്കുകയും ചെയ്തതു പ്രസ്താ
വിക്കാതിരിപ്പാൻ സാദ്ധ്യമല്ല" എന്ന് ഉത്തരം
പറഞ്ഞു. 21 ഈ സംഭവം നിമിത്തം ജനങ്ങൾ
ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടിരുന്നതി

*a* 23 ആവർത്തനം 18 : 15, 18, 19 *b* 25 ഉല്പത്തി 22: 18, 26: 4 *c* 4: 11 സങ്കീർത്തനം 118 : 22

നാൽ അവരെ ശിക്ഷിക്കുവാനുള്ള മാർഗ്ഗ
മൊന്നും അവർ കണ്ടില്ല. വീണ്ടും അവരെ ഭീ
ഷണിപ്പെടുത്തിയശേഷം വിട്ടയച്ചു. 22അത്ഭു
തകരമായ രോഗസൗഖ്യംപ്രാപിച്ച ആ മനുഷ്യന്
നാല്പതിലധികം വയസ്സുണ്ടായിരുന്നു.

*വിശ്വാസികളുടെ പ്രാർത്ഥന*

23വിമോചിതരായശേഷം പത്രൊസും
യോഹന്നാനും സ്നേഹിതരുടെ അടുക്കൽ
മടങ്ങിച്ചെന്ന് മുഖ്യപുരോഹിതന്മാരും മൂപ്പന്മാ
രും തങ്ങളോടു പറഞ്ഞതെല്ലാം അവരെ അറി
യിച്ചു. 24അതു കേട്ടപ്പോൾ അവർ ഏകമന
സ്സോടെ ഉച്ചത്തിൽ ദൈവത്തോടു പ്രാർത്ഥിച്ചു:
"ആകാശവും ഭൂമിയും സമുദ്രവും അവയിലു
ള്ള സകലവും സൃഷ്ടിച്ച നാഥാ,
25'ജനതകൾ രോഷാകുലരായിത്തീരുന്നതും
വംശങ്ങൾ വ്യർത്ഥകാര്യങ്ങൾ നിരൂപിക്കുന്നതും
എന്തിന്? 26കർത്താവിനും അവിടുത്തെ അഭി
ഷിക്തനും[a] വിരോധമായി ഭൂമിയിലെ രാജാ
ക്കന്മാർ അണിനിരക്കുകയും അധിപതികൾ
ഒന്നിച്ചുകൂടുകയും ചെയ്തിരിക്കുന്നു'
എന്ന് അവിടുത്തെ ദാസനായ ദാവീദ് മു
ഖാന്തരം അവിടുന്ന് പരിശുദ്ധാത്മാവിനാൽ
അരുളിച്ചെയ്തിരിക്കുന്നു. 27അങ്ങ് അഭിഷേകം
ചെയ്ത അവിടുത്തെ പരിശുദ്ധദാസനായ
യേശുവിനു വിരോധമായി ഹെരോദാവും
പൊന്തിയൊസ് പീലാത്തോസും വിജാതീയരോ
ടും യിസ്രായേൽജനതയോടും ഒരുമിച്ച് ഈ
നഗരത്തിൽകൂടി, 28സംഭവിക്കേണം എന്ന് അവി
ടുത്തെ ഭുജബലവും ഇച്ഛയും മുൻനിയമിച്ച
തൊക്കെയും അവർ ചെയ്തിരിക്കുന്നു. 29ഇ
പ്പോൾ കർത്താവേ, അവരുടെ ഭീഷണികൾ
നോക്കേണമേ. അങ്ങയുടെ വചനം പൂർണ്ണ
ധൈര്യത്തോടെ പ്രസ്താവിക്കുവാൻ അവിടു
ത്തെ ദാസരെ ബലപ്പെടുത്തണമേ. 30അവിടു
ത്തെ പരിശുദ്ധദാസനായ യേശുവിന്റെ നാ
മത്തിൽ സൗഖ്യം വരുത്തുവാനും അടയാ
ളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുവാനും
അവിടുത്തെ കൈ നീട്ടണമേ" 31ഇങ്ങനെ
പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം
കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവ്
നിറഞ്ഞവരായി പൂർണ്ണധൈര്യത്തോടെ
ദൈവവചനം പ്രസ്താവിച്ചു.

*വിശ്വാസികൾ സമ്പത്തു പങ്കിടുന്നു*

32വിശ്വാസികളെല്ലാവരും ഏകഹൃദയവും
ഏകമനസ്സും ഉള്ളവരായിരുന്നു; തങ്ങളുടെ
വസ്തുവകയൊന്നും സ്വന്തമെന്ന് അവരിലാരും
കരുതിയില്ല. അവർക്കുണ്ടായിരുന്നതെല്ലാം
പൊതുവകയായി അവർ കണക്കാക്കി.
33അപ്പൊസ്തലന്മാർ മഹാശക്തിയോടെ
കർത്താവായ യേശുവിന്റെ ഉയിർത്തെഴു
ന്നേല്പിനു സാക്ഷ്യം വഹിച്ചുപോന്നു. എല്ലാ
വരുടെമേലും വലിയ കൃപ ഉണ്ടായിരുന്നു.
34അവരുടെ യിടയിൽ ബുദ്ധിമുട്ടനുഭവി
ക്കുന്നവർ ആരും ഉണ്ടായിരുന്നില്ല; നിലങ്ങളോ
വീടുകളോ ഉണ്ടായിരുന്നവർ അവ വിറ്റു പണം
കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാ
ല്ക്കൽ വച്ചു; 35പിന്നെ ഓരോരുത്തർക്ക്
അവരവരുടെ ആവശ്യമനുസരിച്ച് അതു വിഭാ
ഗിച്ചുകൊടുത്തു. 36സൈപ്രസുകാരനായ
യോസേഫ് എന്നൊരു ലേവ്യൻ ഉണ്ടായിരുന്നു.
അപ്പൊസ്തലന്മാർ അയാളെ ബർന്നബാസ്
എന്നു വിളിച്ചിരുന്നു. ആ പേരിനു
പ്രബോധനപുത്രൻ എന്നാണർത്ഥം. 37അയാൾ
തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം
കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാ
ല്ക്കൽ വച്ചു.

*അനന്യാസും സഫീരയും*

5 അനന്യാസ് എന്നു പേരുള്ള ഒരു മനുഷ്യൻ
അയാളുടെ ഭാര്യ സഫീരയോടുകൂടെ ഒരു
നിലം വിറ്റു. 2ഭാര്യയുടെ അറിവോടുകൂടെ
അയാൾ വിലയിൽ കുറെ തനിക്കായിത്തന്നേ
മാറ്റിവച്ചിട്ട് ബാക്കിയുള്ളതു കൊണ്ടുവന്ന് അ
പ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ചു. 3അപ്പോൾ
പത്രൊസ് പറഞ്ഞു: "അനന്യാസേ, പരിശു
ദ്ധാത്മാവിനോടു വ്യാജം കാണിക്കാനും നില
ത്തിന്റെ വിലയിൽ കുറെയെടുത്തു മാറ്റി
വയ്ക്കാനും തക്കവണ്ണം സാത്താൻ നിന്റെ
ഹൃദയത്തെ കവർന്നതെന്ത്? 4അതു വില്ക്കു
ന്നതിനുമുമ്പേ നിന്റേതായിരുന്നില്ലേ? വിറ്റുകി
ട്ടിയ പണവും നിന്റെ കൈവശം ആയിരുന്നി
ല്ലേ? പിന്നെ ഈ പ്രവൃത്തി ചെയ്യുവാൻ നിനക്കു
മനസ്സു വന്നതെങ്ങനെ? നീ മനുഷ്യരോടല്ല
ദൈവത്തോടത്രേ വ്യാജം കാണിച്ചത്." 5ഈ
വാക്ക് കേട്ടപ്പോൾ അനന്യാസ് നിലത്തു വീണു
മരിച്ചു. ഇതു കേട്ടവർക്കെല്ലാം വലിയ ഭയമു
ണ്ടായി. 6 യുവാക്കൾ എഴുന്നേറ്റുചെന്ന് അയാ
ളുടെ ശരീരം തുണിയിൽ പൊതിഞ്ഞു പുറത്തു
കൊണ്ടുപോയി സംസ്കരിച്ചു.
7ഏകദേശം മൂന്നുമണിക്കൂർ കഴിഞ്ഞപ്പോൾ
അനന്യാസിന്റെ ഭാര്യ സംഭവിച്ചതൊന്നും അറി
യാതെ അകത്തുവന്നു. പത്രൊസ് അവളോട്:
8"പറയൂ! ഈ വിലയ്ക്കാണോ നിങ്ങൾ നിലം
വിറ്റത്?" എന്നു ചോദിച്ചു. 9"ഉവ്വ്, അത്രയ്ക്കു
തന്നേ" അവൾ പറഞ്ഞു. പത്രൊസ് അവളോട്:
"കർത്താവിന്റെ ആത്മാവിനെ പരീക്ഷിക്കാൻ
നിങ്ങൾ ഒത്തുചേർന്നതെങ്ങനെ? നിന്റെ
ഭർത്താവിനെ അടക്കം ചെയ്തവർ വാതില്ക്കൽ

[a] 26 *ക്രിസ്തു* അഥവാ *മശിഹാ*, സങ്കീർത്തനം 2: 1,2

ത്തന്നെ നില്ക്കുന്നുണ്ട്, അവർ നിന്നെയും
പുറത്തുകൊണ്ടുപോകും" എന്നു പറഞ്ഞു.
10ഉടനെ അവൾ അദ്ദേഹത്തിൻെറ കാൽക്കൽ
വീണുമരിച്ചു; യുവാക്കൾ അകത്തുവന്ന്, അവൾ
മരിച്ചുവെന്നു കണ്ട് പുറത്തു കൊണ്ടുപോയി
ഭർത്താവിൻെറ അരികെ സംസ്കരിച്ചു. 11സർ
വ്വസഭയ്ക്കും ഈ സംഭവം കേട്ട എല്ലാവർക്കും
വലിയ ഭയം ഉണ്ടായി.

### *അപ്പൊസ്തലന്മാർ അനേകർക്കു രോഗശാന്തി നല്കുന്നു*

12അപ്പൊസ്തലന്മാർ ജനത്തിൻെറ ഇടയിൽ
വളരെ അടയാളങ്ങളും അത്ഭുതങ്ങളും
പ്രവർത്തിച്ചു. വിശ്വാസികളെല്ലാം ശലോമോ
ൻെറ മണ്ഡപത്തിൽ കൂടിവരിക പതിവായി
രുന്നു. 13മറ്റുള്ളവർ ആരും അവരോടു ചേർന്നു
വരുവാൻ ധൈര്യപ്പെട്ടില്ല എങ്കിലും ജനങ്ങൾ
അവരെ അത്യധികം ബഹുമാനിച്ചു. 14കർത്താ
വിൽ വിശ്വസിച്ച് അവരോടു ചേർന്ന സ്ത്രീപു
രുഷന്മാരുടെ സംഖ്യ മേല്ക്കുമേൽ വർദ്ധിച്ചു.
15തൽഫലമായി ജനങ്ങൾ രോഗികളെ
തെരുവീഥികളിൽ കൊണ്ടുവന്ന്, പത്രൊസ്
കടന്നുപോകുമ്പോൾ അദ്ദേഹത്തിൻെറ നിഴ
ലെങ്കിലും അവരുടെമേൽ പതിയേണ്ടതിന് അവ
രെ കിടക്കകളിലും പായകളിലും കിടത്തി
പ്പോന്നു. 16യെരൂശലേമിനു ചുറ്റുമുള്ള
പട്ടണങ്ങളിൽ നിന്നുപോലും ജനങ്ങൾ അവരു
ടെ രോഗികളെയും ദുരാത്മാക്കൾ[a] ബാധിച്ചവ
രെയും കൊണ്ടുവരികയും അവരെല്ലാവരും
സൗഖ്യം പ്രാപിക്കുകയും ചെയ്തു.

### *അപ്പൊസ്തലന്മാർ പീഡിപ്പിക്കപ്പെടുന്നു*

17അപ്പോൾ മഹാപുരോഹിതനും അ
ദ്ദേഹത്തിൻെറ പക്ഷക്കാരായ സദൂക്യരും അസൂ
യ നിറഞ്ഞവരായി. 18അവർ അപ്പൊസ്തലന്മാ
രെ ബന്ധിച്ചു പൊതുതടവിലാക്കി. 19എന്നാൽ
രാത്രിയിൽ കർത്താവിൻെറ ദൂതൻ കാരാഗൃ
ഹവാതിൽ തുറന്ന് അവരെ പുറത്തുകൊണ്ടു
വന്നു. 20ദൂതൻ അവരോട്: "നിങ്ങൾ
ദൈവാലയത്തിൽ ചെന്ന് ഈ ജീവൻെറ വചനം
എല്ലാം ജനത്തെ അറിയിക്കുക" എന്നുപറഞ്ഞു.
21പ്രഭാതത്തിൽ അവർ ദൈവാലയത്തിൽ
ചെന്നു തങ്ങളോടു നിർദ്ദേശിച്ചിരുന്നതുപോലെ
ജനത്തെ ഉപദേശിച്ചു തുടങ്ങി. മഹാപുരോഹി
തനും അദ്ദേഹത്തിൻെറ പക്ഷക്കാരും വന്ന
പ്പോൾ അവർ ന്യായാധിപസംഘത്തെ, യിസ്രാ
യേൽമക്കളുടെ മൂപ്പന്മാരെയെല്ലാം, വിളിച്ചുകൂ
ട്ടി അപ്പൊസ്തലന്മാരെ കൊണ്ടുവരുവാൻ കാ
രാഗൃഹത്തിലേക്ക് ആളയച്ചു. 22എന്നാൽ അവി
ടെ ചെന്നപ്പോൾ അവരെ കാണാഞ്ഞതിനാൽ
സേവകർ മടങ്ങിവന്നു വിവരം അറിയിച്ചു. 23"കാ
രാഗൃഹം ഭദ്രമായി പൂട്ടിയിരിക്കുന്നതും കാവൽ
ക്കാർ വാതില്ക്കൽ നില്ക്കുന്നതും ഞങ്ങൾ
കണ്ടു; വാതിൽ തുറന്നപ്പോഴാകട്ടെ ആരെയും
അകത്തു കണ്ടില്ല." 24ഇതു കേട്ടപ്പോൾ
ദൈവാലയത്തിലെ കാവൽപ്പട്ടാളമേധാവിയും
മുഖ്യപുരോഹിതന്മാരും ഇതെന്തായിത്തീരും എ
ന്നോർത്ത് അവരെക്കുറിച്ചു പരിഭ്രാന്തരാ
യിത്തീർന്നു.
25അപ്പോൾ ഒരാൾ വന്ന്, "നോക്കൂ, നിങ്ങൾ
കാരാഗൃഹത്തിലടച്ച മനുഷ്യർ ദൈവാലയ
ത്തിൽ നിന്നുകൊണ്ടു ജനങ്ങളെ ഉപദേശി
ക്കുന്നു" എന്നു പറഞ്ഞു. 26അപ്പോൾ പട്ടാള
മേധാവി സേവകരോടൊപ്പം ചെന്ന്, ജനങ്ങൾ
തങ്ങളെ കല്ലെറിയുമെന്നുള്ള ഭയം നിമിത്തം
ബലപ്രയോഗം കൂടാതെ അപ്പൊസ്തലന്മാരെ
കൂട്ടിക്കൊണ്ടുവന്നു. 27അവർ അവരെ
കൊണ്ടുവന്നു ന്യായാധിപസംഘത്തിനു
മുമ്പിൽ ഹാജരാക്കി. മഹാപുരോഹിതൻ അവ
രെ വിസ്തരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:
28"ഈ നാമത്തിൽ ഉപദേശിക്കരുതെന്ന്
ഞങ്ങൾ നിങ്ങളോടു കർശനമായി കല്പിച്ചി
രുന്നു, എന്നിട്ടും നിങ്ങൾ നിങ്ങളുടെ ഉപദേശം
കൊണ്ടു യെരൂശലേം നിറച്ചിരിക്കുന്നു. ഈ
മനുഷ്യൻെറ രക്തത്തിനു ഞങ്ങളെ കുറ്റക്കാ
രാക്കുവാൻ ഉറച്ചിരിക്കയും ചെയ്തിരിക്കുന്നു."
29പത്രൊസും മറ്റ് അപ്പൊസ്തലന്മാരും ഇ
പ്രകാരം മറുപടി പറഞ്ഞു: "ഞങ്ങൾ മനുഷ്യ
രെയല്ല ദൈവത്തെയത്രേ അനുസരിക്കേണ്ടത്.
30നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവി
നെ നമ്മുടെ പിതാക്കന്മാരുടെ ദൈവം മരി
ച്ചവരിൽനിന്ന് ഉയിർപ്പിച്ചു. 31യിസ്രായേലിനു
മാനസാന്തരവും പാപക്ഷമയും നല്കേണ്ടതി
ന് ദൈവം അദ്ദേഹത്തെ പ്രഭുവും രക്ഷകനുമാ
യി തൻെറ വലത്തുഭാഗത്തേയ്ക്ക് ഉയർത്തിയി
രിക്കുന്നു. 32ഈ വസ്തുതയ്ക്കു ഞങ്ങളും
ദൈവം തന്നെ അനുസരിക്കുന്നവർക്കു
നല്കിയ പരിശുദ്ധാത്മാവും സാക്ഷികളാണ്."
33ഇതുകേട്ടപ്പോൾ അവർ കോപാകുലരായി
അവരെ കൊന്നുകളയുവാൻ ഭാവിച്ചു.
34എന്നാൽ ഒരു ന്യായപ്രമാണോപദേഷ്ടാവും
എല്ലാവർക്കും ബഹുമാന്യനുമായിരുന്ന ഗമാലി
യേൽ എന്നു പേരുള്ള ഒരു പരീശൻ ന്യായാധി
പസംഘത്തിൽ എഴുന്നേറ്റുനിന്ന് ആ മനുഷ്യ
രെ കുറെ നേരത്തേയ്ക്കു പുറത്തുകൊണ്ടുപോ
കുവാൻ ആവശ്യപ്പെട്ടു. 35അനന്തരം അദ്ദേഹം
അവരോടു പറഞ്ഞു: "യിസ്രായേൽജനമേ, നി
ങ്ങൾ ഈ മനുഷ്യരോട് എന്തു ചെയ്യുന്നുവെന്ന്
സൂക്ഷിച്ചുകൊള്ളണം. 36കുറെനാൾമുമ്പ്

[a] 16 ഗ്രീക്കിൽ *അശുദ്ധാത്മാക്കൾ*

ത്യൂദാസ് എന്നൊരാൾ മഹാനായി നടിച്ചു വന്നു.
ഏകദേശം നാനൂറുപേർ അയാളോടു ചേർന്നു.
അയാൾ കൊല്ലപ്പെടുകയും അയാളുടെ അനു
യായികളെല്ലാം ചിതറി നാമാവശേഷമാവുക
യും ചെയ്തു; 37അയാൾക്കുശേഷം ഗലീലക്കാ
രനായ യൂദാ ജനസംഖ്യയെടുപ്പിൻെറ കാലത്തു
പ്രത്യക്ഷപ്പെട്ട് ആളുകളെ വശീകരിച്ചു വിപ്ലവം
നയിച്ചു. അയാളും നശിച്ചു, അയാളുടെ അനു
യായികളെല്ലാം ചിതറിപ്പോയി. 38അതുകൊണ്ട്
ഇക്കാര്യത്തിൽ എൻെറ ഉപദേശം ഇതാണ്: ഈ
മനുഷ്യരെ വിട്ട് ഒഴിഞ്ഞു നില്ക്കുക. അവരുടെ
ആലോചനയോ പ്രവർത്തനമോ മനുഷ്യനിൽ
നിന്ന് എങ്കിൽ അതു നശിക്കും. 39അല്ല, അതു
ദൈവത്തിൽനിന്നുള്ളതെങ്കിൽ നിങ്ങൾക്ക്
അതിനെ നശിപ്പിക്കുവാൻ സാധ്യമല്ല; മാത്രമല്ല
നിങ്ങൾ ദൈവത്തോടു പോരാടുന്നവരെന്നും
വന്നേക്കാം."

40അദ്ദേഹം പറഞ്ഞത് അവർ അംഗീകരിച്ചു.
അവർ അപ്പൊസ്തലന്മാരെ വിളിച്ചുവരുത്തി
അടിപ്പിച്ചു. യേശുവിൻെറ നാമത്തിൽ മേലാൽ
സംസാരിക്കരുതെന്ന് ആജ്ഞാപിച്ച് അവരെ വി
ട്ടയച്ചു. 41തിരുനാമത്തിനുവേണ്ടി അപമാനം
സഹിക്കുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ
ആനന്ദിച്ചുകൊണ്ട് അപ്പൊസ്തലന്മാർ ന്യായാ
ധിപസംഘത്തിനു മുമ്പിൽനിന്നും പോയി.
42അവർ ഓരോ ദിവസവും ദൈവാലയത്തിലും
വീടുകളിലും മുടങ്ങാതെ ഉപദേശിക്കുകയും
യേശു തന്നേ ക്രിസ്തു എന്നു പ്രസംഗി
ക്കുകയും ചെയ്തു കൊണ്ടിരുന്നു.

### *ഏഴുപേരുടെ തിരഞ്ഞെടുപ്പ്*

6 ആ കാലത്ത് ശിഷ്യരുടെ എണ്ണം വർ
ദ്ധിച്ചുകൊണ്ടിരുന്നപ്പോൾ, പ്രതിദിനമുള്ള
ശുശ്രൂഷകളിൽ തങ്ങളുടെ വിധവമാർ
അവഗണിക്കപ്പെടുന്നതായി ഗ്രീക്കുകാരായ
യഹൂദന്മാർ എബ്രായർക്കെതിരേ പരാതിപ്പെട്ടു.
2അതിനാൽ പന്തിരുവർ ശിഷ്യരുടെ സമൂഹ
ത്തെയെല്ലാം വിളിച്ചു കൂട്ടി അവരോടു പറഞ്ഞു:
"ഞങ്ങൾ ദൈവവചന ശുശ്രൂഷ ഉപേക്ഷിച്ച്
മേശയിൽ[a] ശുശ്രൂഷ ചെയ്യുന്നതു ശരിയല്ല.
3സഹോദരരേ, ആത്മാവും ജ്ഞാനവും
നിറഞ്ഞവരായി നിങ്ങളുടെ ഇടയിൽ സാക്ഷ്യ
മുള്ള ഏഴുപേരെ തിരഞ്ഞെടുക്കുവിൻ. ഈ ചു
മതല നമുക്ക് അവരെ ഏല്പിക്കാം. 4ഞങ്ങളോ
പ്രാർത്ഥനയിലും വചനശുശ്രൂഷയിലും
ശ്രദ്ധവയ്ക്കാം."

5ഈ നിർദ്ദേശം എല്ലാവർക്കും ഇഷ്ടമായി.
അവർ വിശ്വാസവും പരിശുദ്ധാത്മാവും
നിറഞ്ഞവനായ സ്തെഫാനോസിനെയും ഫി
ലിപ്പൊസ്, പ്രൊഖൊരോസ്, നിക്കാനോർ, തി
മോൻ, പർമെനാസ്, യഹൂദമതത്തിൽ ചേർന്ന
അന്ത്യോക്ക്യക്കാരനായ നിക്കോലാവൊസ്
എന്നിവരെയും തിരഞ്ഞെടുത്തു. 6അവരെ അ
പ്പൊസ്തലന്മാരുടെ മുമ്പിൽനിർത്തി; അപ്പൊ
സ്തലന്മാർ പ്രാർത്ഥിച്ച് അവരുടെ മേൽ
കൈവയ്ക്കുകയും ചെയ്തു. 7അങ്ങനെ
ദൈവവചനം വ്യാപിച്ചു. യെരൂശലേമിൽ ശി
ഷ്യന്മാരുടെ എണ്ണം വളരെ വർദ്ധിച്ചു. പുരോഹി
തന്മാരിലും വളരെപ്പേർ വിശ്വാസത്തിനു വി
ധേയരായിത്തീർന്നു.

### *സ്തെഫാനോസ് ബന്ധിക്കപ്പെടുന്നു*

8ദൈവകൃപയും ശക്തിയും നിറഞ്ഞവനായ
സ്തെഫാനോസ് ജനങ്ങളുടെ ഇടയിൽ വലിയ
അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു.
9എങ്കിലും ലിബർത്തീനരുടെ[b] പള്ളിക്കാരിലും
കുറേനക്കാരിലും അലക്സന്ത്രിയക്കാരിലും,
കിലിക്യ, ഏഷ്യ, എന്നീ പ്രവശ്യക്കാരിലും
ചിലർ എഴുന്നേറ്റു സ്തെഫാനോസിനോടു
തർക്കിച്ചു തുടങ്ങി. 10എന്നാൽ അദ്ദേഹത്തി
ൻെറ വിവേകത്തെയും ആത്മപ്രചോദിതമായ
വാക്കുകളെയും എതിർത്തു നില്പാൻ അവർ
ക്കു സാധിച്ചില്ല. 11അപ്പോൾ അവർ, "മോ
ശെയ്ക്കും ദൈവത്തിനും എതിരായി ഇയാൾ
ദൂഷണം പറയുന്നതു ഞങ്ങൾ കേട്ടിരിക്കുന്നു"
എന്നു പറയുവാൻ ചിലരെ രഹസ്യമായി
പ്രേരിപ്പിച്ചു. 12അങ്ങനെ അവർ ജനങ്ങളെയും
മൂപ്പന്മാരെയും വേദജ്ഞരെയും ഇളക്കി. അവർ
സ്തെഫാനോസിനെ പിടികൂടി ന്യായാധിപസം
ഘത്തിനു മുമ്പിൽ ഹാജരാക്കി. 13അവർ
കള്ളസാക്ഷികളെ കൊണ്ടുവന്നുഇപ്രകാരം
പറയിച്ചു: "ഈ മനുഷ്യൻ വിശുദ്ധസ്ഥലത്തി
നും ന്യായപ്രമാണത്തിനും വിരോധമായി നി
രന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നു. 14നസറാ
യനായ യേശു ഈ സ്ഥലം നശിപ്പിക്കുമെന്നും
മോശെ നമുക്കു നല്കിയിരിക്കുന്ന ആചാ
രങ്ങൾ നീക്കിക്കളയുമെന്നും അയാൾ
പറയുന്നതു ഞങ്ങൾ കേട്ടു." 15ന്യായാധിപസം
ഘത്തിൽ ഇരുന്ന എല്ലാവരും സ്തെഫാനോ
സിനെ ഉറ്റുനോക്കി. അദ്ദേഹത്തിൻെറ മുഖം ഒരു
ദൈവദൂതൻെറ മുഖം പോലെ കാണപ്പെട്ടു.

### *സ്തെഫാനോസിൻെറ പ്രസംഗം*

7 അപ്പോൾ മഹാപുരോഹിതൻ ഈ ആരോ
പണങ്ങൾ സത്യമോ എന്നു സ്തെഫാനോ
സിനോടു ചോദിച്ചു. 2അതിന് അദ്ദേഹം ഇ
പ്രകാരം മറുപടി പറഞ്ഞു: "സഹോദരരേ, പി
താക്കന്മാരേ, ഇതു കേൾപ്പിൻ: നമ്മുടെ പിതാ

*a* 6:2 ഇതു ഭക്ഷണത്തിനോ കണക്കെഴുത്തിനോ ഉപയോഗിക്കുന്ന മേശയാകാം. *b* 8 ഇതിൻെറ അർത്ഥം *വിമോചിതർ* എന്നാണ്.

വായ അബ്രാഹാം ഹാരാനിൽ വന്നു പാർ
ക്കുന്നതിനു മുമ്പ് മെസ്സപ്പൊത്താമിയായിലായി
രുന്നപ്പോൾ, തേജോമയനായ ദൈവം അദ്ദേഹ
ത്തിനു പ്രത്യക്ഷനായി: 3'നിൻെറ ദേശത്തെയും
ചാർച്ചക്കാരെയും വിട്ടു ഞാൻ നിനക്കു കാണി
ക്കാനിരിക്കുന്ന ദേശത്തേക്കു പോകുക[a] 'എന്നു
ദൈവം അദ്ദേഹത്തോട് അരുളിച്ചെയ്തു.
4"അങ്ങനെ അദ്ദേഹം കൽദായരുടെ നാടു
വിട്ട് ഹാരാനിൽ വന്നുപാർത്തു. പിതാവിൻെറ
മരണശേഷം ദൈവം അദ്ദേഹത്തെ നിങ്ങൾ ഇ
പ്പോൾ പാർക്കുന്ന ഈ ദേശത്തേക്ക് അയച്ചു.
5അവിടുന്ന് അദ്ദേഹത്തിന് ഇവിടെ ഒരവകാ
ശവും- ഒരു ചുവടു ഭൂമിപോലും - കൊടുത്തില്ല.
എന്നാൽ അക്കാലത്ത് അബ്രാഹാമിനു സന്തതി
ഇല്ലായിരുന്നുവെങ്കിലും താനും തനിക്കുശേഷം
തൻെറ പിൻഗാമികളും ഈ ദേശം കൈവശമാ
ക്കുമെന്നു ദൈവം അദ്ദേഹത്തിനു വാഗ്ദാനം
നല്കി. 6ദൈവം അദ്ദേഹത്തോട് ഇങ്ങനെ അരു
ളിച്ചെയ്തു: 'നിൻെറ പിൻഗാമികൾ സ്വന്ത
മല്ലാത്ത ഒരു ദേശത്ത് അന്യരായി ചെന്നു പാർ
ക്കും. നാനൂറു വർഷം അവർ അവിടെ അടി
മകളായി പീഡനം സഹിക്കും. 7എന്നാൽ അവർ
അടിമകളായി സേവിക്കുന്ന രാജ്യത്തെ ഞാൻ
ശിക്ഷിക്കും. അതിനുശേഷം അവർ ആ ദേശം
വിട്ടുപോരികയും ഈ സ്ഥലത്തു വന്ന് എന്നെ
ആരാധിക്കുകയും ചെയ്യും.' [b] 8പിന്നീട് ദൈവം
അബ്രാഹാമിന് പരിച്ഛേദനമെന്ന ഉടമ്പടി
നല്കി. അബ്രാഹാമിനു യിസ്ഹാക്ക് ജനിച്ചു.
എട്ടാംദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം ശിശു
വിനു പരിച്ഛേദനം നടത്തി. യിസ്ഹാക്കിൽ
നിന്നു യാക്കോബും യാക്കോബിൽ നിന്നു പ
ന്ത്രണ്ടു ഗോത്രപിതാക്കന്മാരും ജനിച്ചു.
9"ഗോത്രപിതാക്കന്മാർ അസൂയനിമിത്തം
യോസേഫിനെ ഒരടിമയായി ഈജിപ്റ്റിലേക്കു
വിറ്റുകളഞ്ഞു. 10എന്നാൽ ദൈവം അദ്ദേഹ
ത്തോടുകൂടെയിരുന്ന് എല്ലാ ദുരിതങ്ങളിൽ
നിന്നും അദ്ദേഹത്തെ വിടുവിച്ചു. അവിടുന്ന്
യോസേഫിനു ജ്ഞാനം നല്കുകയും ഈജി
പ്റ്റിലെ രാജാവായിരുന്ന ഫറവോൻെറ
പ്രീതിനേടുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കു
കയും ചെയ്തു. അതുകൊണ്ട് ഫറവോൻ
അദ്ദേഹത്തെ ഈജിപ്റ്റിൻെറയും തൻെറ ഭവനം
മുഴുവൻെറയും ഭരണാധിപനായി നിയമിച്ചു.
11"അനന്തരം ഈജിപ്റ്റിലെല്ലായിടത്തും
കനാനിലും ക്ഷാമവും വലിയ ദുരിതങ്ങളും
ഉണ്ടായി. നമ്മുടെ പിതാക്കന്മാർക്ക് ആഹാരം
കിട്ടാതായി. 12ഈജിപ്റ്റിൽ ധാന്യം ഉണ്ടെന്നു
കേട്ടു യാക്കോബ് നമ്മുടെ പിതാക്കന്മാരെ ആദ്യ
മായി അവിടേക്കയച്ചു. 13രണ്ടാമതുചെന്ന
പ്പോൾ യോസേഫ് താൻ ആരാണെന്ന് സഹോ
ദരന്മാരോടു പറഞ്ഞു. യോസേഫിൻെറ കുടും
ബത്തെക്കുറിച്ച് അങ്ങനെ ഫറവോൻ അറിയാൻ
ഇടയായി. 14പിന്നീട് യോസേഫ് തൻെറ പിതാ
വായ യാക്കോബിനെയും അദ്ദേഹത്തിൻെറ കു
ടുംബത്തെ മുഴുവനും കൂട്ടിക്കൊണ്ടുവരുവാൻ
ആളയച്ചു. അവർ ആകെ എഴുപത്തിയഞ്ചു
പേരുണ്ടായിരുന്നു. 15അങ്ങനെ യാക്കോബ്
ഈജിപ്റ്റിലേക്കു പോയി. അവിടെ അദ്ദേഹവും
നമ്മുടെ പിതാക്കന്മാരും മരിച്ചു. 16അവരുടെ
മൃതദേഹങ്ങൾ തിരികെ ശേഖേമിൽ കൊണ്ടു
വന്ന് അവിടെ ഹാമോരിൻെറ പുത്രന്മാരോട് അ
ബ്രാഹാം വിലകൊടുത്തു വാങ്ങിയിരുന്ന
കല്ലറയിൽ അടക്കം ചെയ്തു.
17"അബ്രാഹാമിനോടുള്ള ദൈവത്തിൻെറ
വാഗ്ദാനം നിറവേറുവാനുള്ള കാലം അടുത്ത
പ്പോഴേയ്ക്കും, ഈജിപ്റ്റിലുണ്ടായിരുന്ന നമ്മു
ടെ ജനം വളരെ വർദ്ധിച്ചിരുന്നു. 18പിന്നീട്
യോസേഫിനെ അറിയാത്ത ഒരു രാജാവ്
ഈജിപ്റ്റിൻെറ ഭരണാധിപനായിത്തീർന്നു.
19അയാൾ നമ്മുടെ ജനത്തോടു കൗശലപൂർവ്വം
പ്രവർത്തിക്കുകയും ഉപായം പ്രയോഗിച്ച് നമ്മു
ടെ പിതാക്കന്മാരെ പീഡിപ്പിക്കുകയും അവരു
ടെ ശിശുക്കൾ മരിക്കേണ്ടതിന് അവരെ പുറ
ത്തെറിഞ്ഞുകളവാൻ നിർബ്ബന്ധിക്കുകയും
ചെയ്തു.
20"ആ കാലത്തു മോശെ ജനിച്ചു. ദിവ്യ
സുന്ദരനായ ഒരു ശിശുവായിരുന്നു മോശെ.
അവൻ മൂന്നുമാസം അപ്പൻെറ വീട്ടിൽ വളർ
ന്നു. 21അനന്തരം കുട്ടിയെ പുറത്തുപേക്ഷിച്ചു
കളഞ്ഞപ്പോൾ ഫറവോൻെറ പുത്രി അവനെ
എടുത്തു സ്വന്തമകനായി വളർത്തി. 22മോശെ
ഈജിപ്റ്റുകാരുടെ എല്ലാ വിദ്യകളും അഭ്യസി
ച്ചു വാക്കിലും പ്രവൃത്തിയിലും ശക്തനാ
യിത്തീർന്നു.
23"നാല്പതു വയസ്സായപ്പോൾ യിസ്രായേല്യ
രായ തൻെറ സഹോദരങ്ങളെ സന്ദർശിക്കാൻ
തീരുമാനിച്ചു.24ഒരു ഈജിപ്റ്റുകാരൻ അവരി
ലൊരാളെ ദ്രോഹിക്കുന്നതു കണ്ടിട്ട് മോശെ
അവൻെറ രക്ഷയ്ക്കുചെല്ലുകയും ഈജിപ്റ്റു
കാരനെ കൊന്ന് പീഡിതനുവേണ്ടി പ്രതികാരം
ചെയ്യുകയും ചെയ്തു. 25സ്വന്തം ജനങ്ങളെ വി
ടുവിക്കുവാൻ ദൈവം തന്നെ ഉപയോഗിക്കു
കയാണെന്ന് അവർ മനസ്സിലാക്കും എന്നു
മോശെ ചിന്തിച്ചു. എന്നാൽ അവരതു ഗ്രഹിച്ചില്ല.
26അടുത്തദിവസം മോശെ, പരസ്പരം ശണ്ഠകൂ
ടിക്കൊണ്ടിരുന്ന രണ്ടു യിസ്രായേല്യരുടെ സമീ
പത്തെത്തി, 'മനുഷ്യരേ, നിങ്ങൾ സഹോ
ദരങ്ങളല്ലേ? നിങ്ങൾ എന്തിനു പരസ്പരം ദ്രേഹി
ക്കുന്നു?' എന്നു പറഞ്ഞ് അവരെ രമ്യതപ്പെടു
ത്തുവാൻ ശ്രമിച്ചു.

[a] 7:3 ഉല്പത്തി 12:1 [b] 7 ഉല്പത്തി 15: 13, 14

27"എന്നാൽ അവരിൽ അക്രമം പ്രവർത്തി
ച്ചവൻ മോശെയെ തള്ളിമാറ്റിയിട്ടു ചോദിച്ചു:
'നിന്നെ ഞങ്ങളുടെ അധികാരിയും ന്യായാധി
പനും ആക്കിയതാര്? 28ഇന്നലെ ഈജിപ്റ്റു
കാരനെ കൊന്നതുപോലെ എന്നെയും
കൊല്ലാനാണോ നിൻെറ ഭാവം[a]?' 29ഇതുകേട്ട
പ്പോൾ മോശെ മിദ്യാനിലേയ്ക്ക് ഓടിപ്പോയി
അവിടെ ഒരു പരദേശിയായി പാർത്തു. അവി
ടെവച്ച് അദ്ദേഹത്തിനു രണ്ടു പുത്രന്മാർ ജനിച്ചു.
30"നാല്പതു വർഷം കഴിഞ്ഞപ്പോൾ സീ
നായ്മലയുടെ മരുഭൂമിയിൽ, മുൾപ്പടർപ്പിലെ
അഗ്നിജ്വാലയിൽ ഒരു ദൈവദൂതൻ
മോശെയ്ക്കു പ്രത്യക്ഷനായി. 31 ആ കാഴ്ച
കണ്ട് ആശ്ചര്യപ്പെട്ടു സൂക്ഷിച്ചുനോക്കുവാൻ
അടുത്തുചെന്നപ്പോൾ അദ്ദേഹം കർത്താവി
ൻെറ ശബ്ദം കേട്ടു: 32'ഞാൻ നിൻെറ പിതാ
ക്കന്മാരുടെ ദൈവമാണ്, അബ്രാഹാമിൻെറയും
യിസ്ഹാക്കിൻെറയും യാക്കോബിൻെറയും
ദൈവം തന്നേ[b].' ഭയംകൊണ്ടു വിറച്ച മോശെ
പിന്നെ നോക്കുവാൻ ധൈര്യപ്പെട്ടില്ല. 33അപ്പോ
ൾ കർത്താവ് അദ്ദേഹത്തോട് പറഞ്ഞു: 'നിൻെറ
ചെരിപ്പഴിച്ചു മാറ്റുക. നീ നില്ക്കുന്ന സ്ഥലം
വിശുദ്ധഭൂമിയാണ്. 34ഈജിപ്റ്റിൽ എൻെറ
ജനം അനുഭവിക്കുന്ന കഷ്ടത ഞാൻ കണ്ടിരി
ക്കുന്നു നിശ്ചയം. അവരുടെ ഞരക്കം ഞാൻ
കേട്ടിരിക്കുന്നു. അവരെ വിടുവിക്കുവാൻ ഞാൻ
ഇറങ്ങിവന്നിരിക്കുന്നു; വരിക, ഞാൻ നിന്നെ
ഈജിപ്റ്റിലേയ്ക്കു തിരികെ അയയ്ക്കും.'[c]
35"ഈ മോശെയെയാണ്, 'നിന്നെ ഞങ്ങളു
ടെ അധികാരിയും ന്യായാധിപനും ആക്കിയതാ
ര്?' എന്നു പറഞ്ഞ് അവർ തള്ളിക്കളഞ്ഞത്.
മുൾപ്പടർപ്പിൽ വെളിപ്പെട്ട ദൂതൻ മുഖേന ദൈവം
അദ്ദേഹത്തെ അവർക്ക് അധികാരിയും ന്യായാ
ധിപനുമായി നിയോഗിച്ചു. 36നാല്പതുവർഷം
ഈജിപ്റ്റിലും ചെങ്കടലിലും മരുഭൂമിയിലും
അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു
കൊണ്ട് അദ്ദേഹം അവരെ നയിച്ചു.
37"നിങ്ങളുടെ സ്വന്തജനത്തിൽ നിന്ന് എന്നെ
പ്പോലെയുള്ള ഒരു പ്രവാചകനെ ദൈവം നി
ങ്ങൾക്ക് അയച്ചുതരും[d]" എന്ന് യിസ്രായേല്യ
രോടു പറഞ്ഞത് ഈ മോശെയാണ്. 38 സീനാ
യ് മലയിൽ തന്നോടു സംസാരിച്ച ദൂതനോടു
കൂടെയും നമ്മുടെ പിതാക്കന്മാരോടു കൂടെയും
മരുഭൂമിയിലെ സഭയിൽ ഉണ്ടായിരുന്നവനും
നമുക്കു നല്കുവാൻ ജീവനുള്ള വചനം
ലഭിച്ചവനുമായിരുന്നു അദ്ദേഹം.
39"എന്നാൽ നമ്മുടെ പിതാക്കന്മാർ അദ്ദേഹ
ത്തെ അനുസരിക്കുവാൻ മനസ്സുവയ്ക്കാതെ അ
ദ്ദേഹത്തെ ഉപേക്ഷിച്ചു; അവരുടെ ഹൃദയം
ഈജിപ്റ്റിലേയ്ക്കു പിന്തിരിഞ്ഞു.
40"അവർ അഹരോനോട്: 'ഞങ്ങളെ നയി
ക്കുവാൻ ദൈവങ്ങളെ ഉണ്ടാക്കിത്തരിക.
ഈജിപ്റ്റിൽ നിന്നു ഞങ്ങളെ പുറപ്പെടുവിച്ചു
കൊണ്ടുവന്ന ഈ മോശെയ്ക്ക് എന്തു സംഭവി
ച്ചുവെന്നു ഞങ്ങൾക്ക് അറിഞ്ഞുകൂടാ'[e] എന്നു
പറഞ്ഞു. 41അക്കാലത്താണ് അവർ കാളക്കുട്ടി
യുടെ രൂപത്തിലുള്ള ഒരു വിഗ്രഹം ഉണ്ടാക്കി
യത്. അവർ അതിനു യാഗം അർപ്പിക്കുകയും
സ്വന്തകരങ്ങളുടെ സൃഷ്ടിയിൽ ആഹ്ലാദിക്കു
കയും ചെയ്തു. 42ദൈവവും അവരെ വിട്ടുമാറി
ആകാശശക്തികളെ ആരാധിക്കുവാൻ അവരെ
ഉപേക്ഷിച്ചുകളഞ്ഞു. ഇതിനെപ്പറ്റി പ്രവാചക
പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

" 'യിസ്രായേൽ ഗൃഹമേ, മരുഭൂമിയിൽ
നാല്പതു വർഷം നിങ്ങൾ യാഗങ്ങളും
വഴിപാടുകളും എനിക്കു നല്കിയോ?
43നിങ്ങൾ പൂജിക്കുവാനുണ്ടാക്കിയ
വിഗ്രഹങ്ങളായ മൊലോക്കിൻെറ കൂടാ
രവും നിങ്ങളുടെ ദേവനായ രേഫാൻെറ
നക്ഷത്രവും നിങ്ങൾ എഴുന്നള്ളിച്ചു.
ആകയാൽ ഞാൻ നിങ്ങളെ ബാബിലോ
ണിനപ്പുറത്തേയ്ക്കു നാടുകടത്തും.'[f]

44"നമ്മുടെ പിതാക്കന്മാർക്കു മരുഭൂമിയിൽ
സാക്ഷ്യകൂടാരം ഉണ്ടായിരുന്നു. അതു മോ
ശെയ്ക്കു ദൈവം നല്കിയ കല്പനയ്ക്കും അ
ദ്ദേഹത്തെ കാണിച്ച മാതൃകയ്ക്കും അനുസൃ
തമായി നിർമ്മിക്കപ്പെട്ടതായിരുന്നു. 45നമ്മുടെ
പിതാക്കന്മാർ അത് ഏറ്റുവാങ്ങി; അവരുടെ
മുമ്പിൽനിന്നു ദൈവം നീക്കിക്കളഞ്ഞ
ജനതകളുടെ ദേശം അവർ യോശുവയുടെ
നേതൃത്വത്തിൽ അവകാശമാക്കിയപ്പോൾ ആ
സാക്ഷ്യകൂടാരം അവിടേയ്ക്കു കൊണ്ടു
പോന്നു. ദാവീദിൻെറ കാലംവരെ അത് അവി
ടെ ഉണ്ടായിരുന്നു. 46ദാവീദിനു ദൈവപ്രീതി
ലഭിക്കുകയും യാക്കോബിൻെറ ദൈവത്തിന്[g]
ഒരു വാസസ്ഥലം നിർമ്മിക്കുവാൻ അനുവദി
ക്കണമെന്ന് അദ്ദേഹം അപേക്ഷിക്കുകയും
ചെയ്തു. 47എന്നാൽ ശലോമോനായിരുന്നു
ദൈവത്തിന് ഒരാലയം പണിതത്. 48എങ്കിലും
അത്യുന്നതൻ മനുഷ്യനിർമ്മിതമായ മന്ദി
രങ്ങളിൽ വസിക്കുന്നില്ല. പ്രവാചകൻ
പറയുന്നതുപോലെ:

49'സ്വർഗ്ഗം എൻെറ സിംഹാസനവും ഭൂമി
എൻെറ പാദപീഠവുമാകുന്നു. നിങ്ങൾ
എനിക്കായി പണിയുന്ന മന്ദിരം എങ്ങ
നെയുള്ളത്? എൻെറ വിശ്രമസ്ഥലവും
എവിടെ?
50ഇക്കാണുന്ന സകലതും എൻെറ കൈ

*a* 28 പുറപ്പാട് 2:1 *b* 32 പുറപ്പാട് 3:6 *c* 34 പുറപ്പാട് 3: 5, 7, 8, 10 *d* 37 ആവർത്തനം18: 15 *e* 40 പുറപ്പാട് 32:1
*f* 43 ആമോസ് 5:25 -27 *g* 46 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *യാക്കോബിൻെറ ഗൃഹത്തിന്*

ഉണ്ടാക്കിയിട്ടുള്ളതല്ലോ?
എന്നു കർത്താവു അരുളിച്ചെയ്യുന്നു.[a]
51 "ഹേ, ശാഠ്യക്കാരേ, പരിച്ഛേദനയില്ലാത്ത
ഹൃദയവും ചെവിയുമുള്ളവരേ, നിങ്ങളുടെ പി
താക്കന്മാരെപ്പോലെ തന്നെയാണു നിങ്ങളും. നി
ങ്ങൾ എന്നും പരിശുദ്ധാത്മാവിനോടെതിർത്തു
നില്ക്കുന്നു. 52നിങ്ങളുടെ പിതാക്കന്മാർ പീഡി
പ്പിച്ചിട്ടില്ലാത്ത ഒരൊറ്റ പ്രവാചകനെങ്കിലും
ഉണ്ടോ? നീതിമാനായവൻെറ വരവിനെക്കുറി
ച്ചു പ്രവചിച്ചവരെ അവർ കൊന്നുകളഞ്ഞു.
53ദൂതന്മാർ മുഖാന്തരം നടപ്പിലാക്കിയ ന്യായ
പ്രമാണം ലഭിച്ചവരെങ്കിലും അതിനെ അനുസരി
ക്കാത്തവരായ നിങ്ങൾ അവിടുത്തെ തള്ളി
പ്പറയുകയും കൊല്ലുകയും ചെയ്തിരിക്കുന്നു."

*സ്തെഫാനോസിനെ കല്ലെറിയുന്നു*

54ഇതുകേട്ടപ്പോൾ അവർ ക്രോധം
നിറഞ്ഞവരായി അദ്ദേഹത്തിനു നേരേ പല്ലു
കടിച്ചു. 55എന്നാൽ സ്തെഫാനോസ് പരിശു
ദ്ധാത്മാവു നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്കു
നോക്കി ദൈവതേജസ്സും ദൈവത്തിൻെറ
വലത്തുഭാഗത്തു യേശു നില്ക്കുന്നതും കണ്ടു.
56"ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യ
പുത്രൻ ദൈവത്തിൻെറ വലത്തുഭാഗത്തു നി
ല്ക്കുന്നതും ഞാൻ കാണുന്നു" എന്ന് അദ്ദേഹം
പറഞ്ഞു.
57അപ്പോൾ, അവർ ചെവി പൊത്തിക്കൊണ്ട്
അത്യുച്ചത്തിൽ കൂകിവിളിച്ച് അദ്ദേഹത്തിനു
നേരെ ഒരുമിച്ചുപാഞ്ഞുചെന്നു. 58അവർ അ
ദ്ദേഹത്തെ നഗരത്തിനു പുറത്തേക്കു വലിച്ചി
ഴച്ചു കല്ലെറിഞ്ഞു. സാക്ഷികൾ അവരുടെ വസ്
ത്രം ശൗൽ എന്നുപേരായ ഒരു യുവാവിൻെറ
കാല്ക്കൽ വച്ചു. 59അവർ കല്ലെറിഞ്ഞുകൊണ്ടി
രിക്കുമ്പോൾ, "കർത്താവായ യേശുവേ, എൻെറ
ആത്മാവിനെ കൈക്കൊള്ളണമേ" എന്നു
സ്തെഫാനോസ് പ്രാർത്ഥിച്ചു. 60പിന്നെ
അദ്ദേഹം മുട്ടുകുത്തി "കർത്താവേ, ഈ പാപം
അവരുടെമേൽ നിർത്തരുതേ" എന്ന് ഉച്ചത്തിൽ
നിലവിളിച്ചു. ഇതു പറഞ്ഞശേഷം അദ്ദേഹം
നിദ്ര പ്രാപിച്ചു.

8 അദ്ദേഹത്തെ വധിച്ചതിനു ശൗലിൻെറ
സമ്മതമുണ്ടായിരുന്നു.

*സഭയ്ക്കു പീഡനം*

അന്ന്, യെരൂശലേമിലെ സഭയ്ക്കെതിരേ ഒരു
കഠിനമായ പീഡനം ഉണ്ടായി. അപ്പൊസ്തലന്മാ
രൊഴികെ എല്ലാവരും യഹൂദ്യയുടെയും ശമര്യ
യുടെയും പ്രദേശങ്ങളിലേക്കു ചിതറിപ്പോയി.
2ഭക്തരായ ചിലർ സ്തെഫാനോസിനെ സം
സ്കരിച്ചു. അവർ അദ്ദേഹത്തെക്കുറിച്ചു വള
രെയധികം വിലപിച്ചു. 3ശൗൽ വീടുതോറും
ചെന്നു പുരുഷന്മാരെയും സ്ത്രീകളെയും വലി
ച്ചിഴച്ചു തടവിലാക്കിക്കൊണ്ടു സഭയെ നശിപ്പി
ക്കുവാൻ ഉദ്യമിച്ചു.

*ഫിലിപ്പൊസ് ശമര്യയിൽ*

4ചിതറിപ്പോയവർ ചെന്ന സ്ഥലങ്ങളിലെല്ലാം
വചനം അറിയിച്ചു. 5ഫിലിപ്പൊസ് ശമര്യയിലെ
ഒരു പട്ടണത്തിൽച്ചെന്ന് അവിടെ
ക്രിസ്തുവിനെപ്പറ്റി പ്രസംഗിച്ചു. 6ഫിലിപ്പൊസ്
ചെയ്ത അടയാളങ്ങൾ കാണുകയും
കേൾക്കുകയും ചെയ്ത ജനസമൂഹം അദ്ദേഹം
സംസാരിച്ച കാര്യങ്ങൾ ഏകാഗ്രതയോടെ
ശ്രദ്ധിച്ചു. 7ദുരാത്മാക്കൾ ബാധിച്ചിരുന്ന
അനേകരിൽ നിന്ന് അവ ഉച്ചത്തിൽ അലറി
ക്കൊണ്ടു പുറത്തുപോയി. പല തളർവാതരോ
ഗികളും മുടന്തരും സുഖപ്പെടുകയും ചെയ്തു.
8അങ്ങനെ ആ പട്ടണത്തിൽ മഹാസന്തോ
ഷമുണ്ടായി.

*മന്ത്രവാദിയായ ശിമോൻ*

9ശിമോൻ എന്നു പേരുള്ള ഒരു മനുഷ്യൻ
കുറെക്കാലമായി മന്ത്രവാദവിദ്യ നടത്തി, താൻ
ഒരു മഹാൻ എന്നു നടിച്ച് ശമര്യയിലെ ആളുക
ളെയെല്ലാം വിഭ്രമിപ്പിച്ചിരുന്നു. 10 "ഇയാൾ മഹതി
എന്നറിയപ്പെടുന്ന ദിവ്യശക്തിയാണ്" എന്നു
പറഞ്ഞുകൊണ്ട് വലിയവരും ചെറിയവരും
അയാളെ ശ്രദ്ധിച്ചു. 11അയാൾ തൻെറ മന്ത്രവാ
ദവിദ്യകൊണ്ട് ഏറെക്കാലമായി അവരെ
ഭ്രമിപ്പിച്ചതിനാലാണ് അവർ അയാളെ ശ്രദ്ധി
ച്ചത്. 12ദൈവരാജ്യത്തിൻെറ സുവിശേഷവും
യേശുക്രിസ്തുവിൻെറ നാമവും ഫിലിപ്പൊസ്
പ്രസംഗിച്ചതു കേട്ടപ്പോൾ സ്ത്രീകളും പുരു
ഷന്മാരും യേശുവിൽ വിശ്വസിച്ചു സ്നാനമേറ്റു.
13ശിമോനും വിശ്വസിച്ചു സ്നാനമേറ്റു. അവി
ടെ നടന്ന അടയാളങ്ങളും വീര്യപ്രവൃത്തികളും
കണ്ടു വിസ്മയിച്ച അയാൾ ഫിലിപ്പൊസിനെ
വിട്ടുമാറാതെ നിന്നു.
14ശമര്യയിലുള്ളവർ ദൈവവചനം സ്വീകരി
ച്ചുവെന്നു കേട്ടപ്പോൾ യെരൂശലേമിലുണ്ടായി
രുന്ന അപ്പൊസ്തലന്മാർ പത്രൊസിനെയും
യോഹന്നാനെയും അവരുടെ അടുത്തേക്കയച്ചു.
15അവർ വന്ന് ശമര്യർ പരിശുദ്ധാത്മാവിനെ
പ്രാപിക്കേണ്ടതിന് അവർക്കായി പ്രാർത്ഥിച്ചു.
16പരിശുദ്ധാത്മാവ് അന്നുവരെയും അവരിൽ
ആരുടെമേലും വന്നിട്ടില്ലായിരുന്നു; അവർ
കർത്താവായ യേശുവിൻെറ നാമത്തിൽ സ്നാ
നമേറ്റിരുന്നതേയുള്ളു. 17പത്രൊസും
യോഹന്നാനും അവരുടെമേൽ കൈകൾ വച്ച
പ്പോൾ അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു.

[a] 50 യെശയ്യാവ് 66:1,2

18അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ പരി
ശുദ്ധാത്മാവു ലഭിച്ചതു ശിമോൻ കണ്ടപ്പോൾ
അയാൾ അവർക്കു പണം വാഗ്ദാനം ചെയ്തു
കൊണ്ട്, 19“ഞാനും ആരുടെയെങ്കിലുംമേൽ
കൈവച്ചാൽ അവരും പരിശുദ്ധാത്മാവിനെ
പ്രാപിക്കേണ്ടതിന് ഈ ശക്തി എനിക്കും
നല്കണമേ” എന്നപേക്ഷിച്ചു. 20അതിനു പ
ത്രൊസ്: “ദൈവത്തിൻെറ ദാനം പണം
കൊടുത്തുവാങ്ങാമെന്നു നീ ചിന്തിച്ചതു
കൊണ്ട് നിൻെറ പണം നിന്നോടുകൂടെ നശിക്ക
ട്ടെ. 21നിൻെറ ഹൃദയം ദൈവസന്നിധിയിൽ
നേരുള്ളതല്ലാത്തതുകൊണ്ട് ഈ ശുശ്രൂഷയിൽ
നിനക്കു പങ്കും ഓഹരിയും ഇല്ല. 22നീ ഈ ദു
ഷ്ടതയെപ്പറ്റി അനുതപിച്ച് കർത്താവിനോടു
പ്രാർത്ഥിക്കുക. ഒരുപക്ഷേ അവിടുന്നു നിൻെറ
ഹൃദയത്തിലെ ദുഷ്ടവിചാരം ക്ഷമിച്ചുതരും.
23നീ കയ്പു നിറഞ്ഞവനും പാപത്താൽ ബന്ധി
ക്കപ്പെട്ടവനുമാണെന്ന് ഞാൻ മനസ്സിലാ
ക്കുന്നു” എന്നു പറഞ്ഞു. 24അപ്പോൾ ശിമോൻ,
“അങ്ങു പറഞ്ഞതൊന്നും എനിക്കു ഭവിക്കാതി
രിപ്പാൻ എനിക്കുവേണ്ടി കർത്താവിനോടു
പ്രാർത്ഥിക്കണമേ” എന്നു അപേക്ഷിച്ചു.
25കർത്താവിൻെറ വചനത്തിനു സാക്ഷ്യം
വഹിച്ചു പ്രസംഗിച്ചശേഷം പത്രൊസും യോഹ
ന്നാനും ശമര്യയിലെ ഒട്ടേറെ ഗ്രാമങ്ങളിൽ സു
വിശേഷം അറിയിച്ചുകൊണ്ട് യെരൂശലേമി
ലേക്കു മടങ്ങിപ്പോയി.

*ഫിലിപ്പൊസും എത്യോപ്യനും*

26കർത്താവിൻെറ ഒരു ദൂതൻ ഫിലിപ്പൊസി
നോട്: “നീ തെക്കോട്ട്, യെരൂശലേമിൽനിന്നു
ഗസ്സയിലേക്ക് മരുഭൂമിയിലൂടെ പോകുന്ന പാ
തയിലേക്കു ചെല്ലുക” എന്നു പറഞ്ഞു. 27അങ്ങ
നെ അദ്ദേഹം പോകുമ്പോൾ എത്യോപ്യ[a]
രാജ്ഞിയായ കന്ദക്കയുടെ ധനകാര്യവിചാ
രകനും മന്ത്രിയുമായ ഒരു എത്യോപ്യാക്കാരൻ
ഷണ്ഡനെ കണ്ടുമുട്ടി. ഈ മനുഷ്യൻ യെരൂശ
ലേമിൽ ആരാധിക്കുവാൻ പോയിട്ടു 28തിരികെ
പോകുമ്പോൾ രഥത്തിലിരുന്നുകൊണ്ട്
യെശയ്യാപ്രവാചകൻെറ പുസ്തകം വായിക്കു
കയായിരുന്നു. 29അപ്പോൾ പരിശുദ്ധാത്മാവ് ഫി
ലിപ്പൊസിനോട്, “അടുത്തുചെന്ന് രഥത്തോടു
ചേർന്നു നടക്കുക” എന്നു പറഞ്ഞു. 30ഫിലി
പ്പൊസ് രഥത്തിൻെറയടുത്തേക്ക് ഓടിച്ചെന്ന
പ്പോൾ ആ മനുഷ്യൻ യെശയ്യാപ്രവചനം വായി
ക്കുന്നതു കേട്ടു. “താങ്കൾ വായിക്കുന്നതു
ഗ്രഹിക്കുന്നുണ്ടോ?” ഫിലിപ്പൊസ് ചോദിച്ചു.
31“ആരെങ്കിലും വിശദീകരിച്ചുതരാതെ ഞാൻ
എങ്ങനെ ഗ്രഹിക്കും?” അയാൾ ചോദിച്ചു.
രഥത്തിൽക്കയറിവന്ന് തന്നോടൊപ്പം ഇരിക്കു
വാൻ അയാൾ ഫിലിപ്പൊസിനെ ക്ഷണിച്ചു.
32ഷണ്ഡൻ വായിച്ചുകൊണ്ടിരുന്ന വേദഭാഗം
ഇതായിരുന്നു:

“കൊല്ലുവാനുള്ള ആടിനെപ്പോലെ
അവനെ കൊണ്ടുപോയി; രോമം കത്രി
ക്കുന്നവരുടെ മുമ്പിൽ മിണ്ടാതെ നി
ല്ക്കുന്ന കുഞ്ഞാടിനെപ്പോലെ അവൻ
വായ് തുറക്കാതെ നിന്നു.
33അപമാനിതനായ അവസ്ഥയിൽ
അവനു നീതി നിഷേധിക്കപ്പെട്ടു: അവൻെറ
പിൻതലമുറയെപ്പറ്റി വിവരിക്കുവാൻ
ആർക്കു കഴിയും? അവൻെറ ജീവൻ ഭൂമി
യിൽ നിന്ന് എടുക്കപ്പെട്ടുവല്ലോ! [b]”

34ഷണ്ഡൻ ഫിലിപ്പൊസിനോട്: “പ്രവാ
ചകൻ ഇത് ആരെക്കുറിച്ചാണ് പറയുന്നത്? ത
ന്നെക്കുറിച്ചോ അതോ മറ്റാരെയെങ്കിലുംകുറി
ച്ചോ? ദയവായി പറഞ്ഞുതരണം” എന്നപേക്ഷി
ച്ചു. 35ഫിലിപ്പൊസ് ഈ വേദഭാഗം ആധാരമാ
ക്കി യേശുവിനെപ്പറ്റിയുള്ള സുവിശേഷം അയാ
ളെ അറിയിച്ചു. 36അവർ യാത്ര തുടർന്നു
കൊണ്ടിരിക്കെ വെള്ളമുള്ള ഒരു സ്ഥല
ത്തെത്തി. ഷണ്ഡൻ ഫിലിപ്പൊസിനോട്, “ഇതാ,
ഇവിടെ വെള്ളമുണ്ട്; ഞാൻ സ്നാനമേല്ക്കു
ന്നതിന് എന്തു തടസ്സം?” എന്നു ചോദിച്ചു.
37[ഫിലിപ്പോസ് അയാളോട്, താങ്കൾ പൂർണ്ണഹൃ
ദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം.”
എന്നു പറഞ്ഞു. “യേശുക്രിസ്തു ദൈവപുത്രൻ
എന്നു ഞാൻ വിശ്വസിക്കുന്നു” എന്നു ഷണ്ഡൻ
ഉത്തരം പറഞ്ഞു.] 38രഥം നിർത്തുവാൻ അയാ
ൾ കല്പിച്ചു. പിന്നെ ഫിലിപ്പൊസും ഷണ്ഡനും
വെള്ളത്തിലിറങ്ങി. ഫിലിപ്പൊസ് ഷണ്ഡനെ
സ്നാനം കഴിപ്പിച്ചു. 39അവർ വെള്ളത്തിൽ
നിന്നു കയറിയ ഉടനേ കർത്താവിൻെറ
ആത്മാവ് ഫിലിപ്പൊസിനെ എടുത്തുകൊണ്ടു
പോയി. ഷണ്ഡൻ അദ്ദേഹത്തെ പിന്നെ കണ്ടില്ല.
അയാൾ സന്തോഷിച്ചുകൊണ്ട് തൻെറ വഴിക്കു
പോയി. 40ഫിലിപ്പൊസിനെ പിന്നീട് അസ്തോ
ദിൽ കണ്ടു; അദ്ദേഹം സഞ്ചരിച്ച് എല്ലാ
പട്ടണങ്ങളിലും സുവിശേഷം അറിയിച്ചുകൊണ്ട്
കൈസര്യയിലെത്തി.

*ശൗലിൻെറ മാനസാന്തരം*

9 ഈ കാലത്ത് ശൗൽ കർത്താവിൻെറ ശിഷ്യ
ന്മാർക്കെതിരേ വധഭീഷണി നിശ്വസിച്ചു
കൊണ്ടിരുന്നു. അയാൾ മഹാപുരോഹിതൻെറ
അടുക്കൽചെന്ന്, 2ഈ മാർഗ്ഗത്തിൽപ്പെട്ട പുരു
ഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ
അവരെ ബന്ധിച്ച് യെരൂശലേമിലേയ്ക്കു
കൊണ്ടു വരാൻ ദമസ്കോസിലെ യഹൂ
ദപള്ളികൾക്ക് കത്തുകൾ നല്കണമെന്ന്

[a] 27 അതായത്, നൈലിൻെറ മുകളിലുള്ള പ്രദേശം. [b] 33 യെശയ്യാവ് 53:7,8

ആവശ്യപ്പെട്ടു. 3അങ്ങനെ അയാൾ യാത്ര പുറ
പ്പെട്ടു ദമസ്ക്കോസിനടുത്തെത്തിയപ്പോൾ
പെട്ടെന്ന് ആകാശത്തുനിന്ന് ഒരു പ്രകാശം
അയാൾക്കു ചുറ്റും മിന്നി. 4അയാൾ നിലത്തു
വീണു. "ശൗലേ, ശൗലേ, നീയെന്നെ പീഡിപ്പി
ക്കുന്നതെന്ത്?" എന്നു തന്നോടു ചോദിക്കുന്ന
ഒരു ശബ്ദം അയാൾ കേട്ടു.
5"അങ്ങ് ആരാകുന്നു, കർത്താവേ?" ശൗൽ
ചോദിച്ചു. "നീ പീഡിപ്പിക്കുന്ന യേശുവാണു
ഞാൻ" അവിടുന്നു മറുപടി പറഞ്ഞു, 6"നീ എഴു
ന്നേറ്റ് പട്ടണത്തിൽ ചെല്ലുക. എന്തു
ചെയ്യണമെന്ന് അവിടെവച്ച് നിനക്കു പറഞ്ഞു
തരും." 7ശൗലിനോടുകൂടി യാത്ര ചെയ്തി
രുന്നവർ സ്തബ്ധരായി നിന്നു. അവർ ശബ്ദം
കേട്ടു; എങ്കിലും ആരെയും കണ്ടില്ല. 8ശൗൽ
നിലത്തുനിന്നെഴുന്നേറ്റു. എന്നാൽ കണ്ണു
തുറന്നപ്പോൾ ഒന്നും കാണാൻ കഴിഞ്ഞില്ല.
അതുകൊണ്ട് അവർ അയാളെ ദമസ്കോസി
ലേക്കു കൈപിടിച്ചു നടത്തി. 9മൂന്നുദിവസം
അയാൾ കാഴ്ച ഇല്ലാതെയും ഒന്നും തിന്നുക
യോ കുടിക്കുകയോ ചെയ്യാതെയും ഇരുന്നു.
10ദമസ്കോസിൽ അനന്യാസ് എന്നുപേരു
ള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. കർത്താവ്
അയാളെ ഒരു ദർശനത്തിൽ "അനന്യാസേ",
എന്നു വിളിച്ചു. "ഇതാ ഞാൻ, കർത്താവേ,"
അയാൾ വിളികേട്ടു. 11കർത്താവ് അയാളോട്:
"നീ നേർവീഥി എന്ന തെരുവിൽ യൂദായുടെ
ഭവനത്തിൽ ചെന്ന് തർസോസുകാരനായ ശൗ
ലിനെ അന്വേഷിക്കുക. അയാൾ പ്രാർത്ഥിച്ചു
കൊണ്ടിരിക്കുന്നു. 12അനന്യാസ് എന്നൊരാൾ
വന്ന് തനിക്കു വീണ്ടും കാഴ്ച ലഭിക്കുവാൻ
തന്റെമേൽ കൈവയ്ക്കുന്നതായി അയാൾ ദർ
ശനത്തിൽ കണ്ടിരിക്കുന്നു" എന്നു പറഞ്ഞു.
13അനന്യാസ് അതിനു മറുപടിയായി: "കർത്താ
വേ, ഈ മനുഷ്യൻ യെരൂശലേമിലുള്ള അവിടു
ത്തെ വിശുദ്ധർക്കു ചെയ്ത എല്ലാ ഉപദ്രവങ്ങ
ളെക്കുറിച്ചും പലരിൽനിന്നും ഞാൻ
കേട്ടിരിക്കുന്നു. 14അവിടുത്തെ നാമം വിളിച്ച
പേക്ഷിക്കുന്ന ഏവരെയും പിടികൂടുവാൻ മു
ഖ്യപുരോഹിതന്മാരിൽനിന്നുള്ള അധികാരവു
മായിട്ടാണ് അയാൾ ഇവിടെ എത്തിയിരി
ക്കുന്നത്" എന്നുപറഞ്ഞു. 15എന്നാൽ കർത്താ
വ് അനന്യാസിനോട്: "നീ പോകുക; വിജാതീ
യരുടെയും അവരുടെ രാജാക്കന്മാരുടെയും യി
സ്രായേൽ ജനത്തിന്റെയും മുമ്പാകെ എന്റെ
നാമം വഹിക്കുവാൻ ഞാൻ തിരഞ്ഞെടുത്തിരി
ക്കുന്ന എന്റെ ഉപകരണമാണയാൾ. 16എന്റെ
നാമത്തിനുവേണ്ടി അയാൾ എത്രയധികം
കഷ്ടം സഹിക്കണം എന്നുള്ളത് ഞാൻ അയാൾ
ക്കു കാണിച്ചുകൊടുക്കും" എന്നു പറഞ്ഞു.
17അനന്തരം അനന്യാസ് ആ വീട്ടിൽ ചെന്നു.
അദ്ദേഹം ശൗലിന്റെമേൽ കൈകൾവച്ചു, "ശൗ
ലേ, സഹോദരാ, നീ ഇവിടേയ്ക്കുവരുമ്പോൾ,
വഴിയിൽവച്ചു നിനക്കു പ്രത്യക്ഷനായ കർത്താ
വായ യേശു, നിനക്കു വീണ്ടും കാഴ്ച ലഭിക്കു
വാനും നീ പരിശുദ്ധാത്മാവിനാൽ നിറയുവാ
നുമായി എന്നെ അയച്ചിരിക്കുന്നു." എന്നു
പറഞ്ഞു. 18തൽക്ഷണം ചെതുമ്പൽ പോലുള്ള
ഏതോ ഒന്ന് ശൗലിന്റെ കണ്ണുകളിൽനിന്ന് വീ
ണു; അയാൾക്ക് വീണ്ടും കാഴ്ചകിട്ടി. അയാൾ
കാഴ്ച പ്രാപിച്ച് എഴുന്നേറ്റു സ്നാനമേല്ക്കു
കയും 19ഭക്ഷണം കഴിച്ചു ബലം പ്രാപിക്കുകയും
ചെയ്തു.

*ശൗൽ ദമസ്കോസിലും*
*യെരൂശലേമിലും*

ശൗൽ ദമസ്കോസിലെ ശിഷ്യന്മാരോടൊപ്പം
കുറെ ദിവസങ്ങൾ ചെലവഴിച്ചു. 20യേശു
ദൈവപുത്രൻതന്നേ എന്ന് താമസമെന്യേ അ
ദ്ദേഹം പള്ളികളിൽ പ്രസംഗിച്ചു തുടങ്ങി. 21അ
ദ്ദേഹത്തിന്റെ വാക്കുകൾ കേട്ടവരെല്ലാം വി
സ്മയിച്ചു: "യെരൂശലേമിൽ ഈ നാമം വിളിച്ച
പേക്ഷിക്കുന്നവർക്ക് നാശം വരുത്തിയ മനു
ഷ്യൻ ഇയാളല്ലേ? ഇയാൾ ഇവിടെ വന്നിരി
ക്കുന്നത് അവരെ ബന്ധിച്ചു മുഖ്യപുരോഹി
തന്മാരുടെഅടുക്കൽ കൊണ്ടുപോകുന്നതിനു
വേണ്ടിയല്ലേ?" എന്നു ചോദിച്ചു. 22എന്നാൽ
ശൗൽ മേല്ക്കുമേൽ ശക്തിപ്രാപിച്ചു,
യേശുതന്നേ ക്രിസ്തു എന്നു തെളിയിച്ചു
കൊണ്ട് ദമസ്കോസിൽപാർക്കുന്ന യഹൂദന്മാ
രെ മിണ്ടാതാക്കി.
23കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ യഹൂ
ദന്മാർ അദ്ദേഹത്തെ കൊല്ലുവാൻ ഗൂഢാലോ
ചന നടത്തി. 24എന്നാൽ ശൗൽ അവരുടെ ഉപാ
യം ഗ്രഹിച്ചു. അദ്ദേഹത്തെ കൊല്ലുവാൻ അവർ
രാവും പകലും നഗരവാതിലുകളിൽ കാവൽ
നിർത്തി. 25എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യ
ന്മാർ രാത്രിയിൽ അദ്ദേഹത്തെ ഒരു കുട്ടയിലാ
ക്കി മതിലിനു മുകളിലൂടെ ഇറക്കിവിട്ടു.
26യെരൂശലേമിൽ വന്നപ്പോൾ ശിഷ്യന്മാ
രോടു ചേരുവാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ
അദ്ദേഹം ഒരു യഥാർത്ഥശിഷ്യനാണ് എന്ന്
അവർ വിശ്വസിക്കാതെ അദ്ദേഹത്തെ ഭയ
പ്പെട്ടു. 27 എന്നാൽ ബർന്നബാസ് അദ്ദേഹത്തെ
കൂട്ടിക്കൊണ്ട് അപ്പൊസ്തലന്മാരുടെ അടു
ത്തെത്തി. ശൗൽ യാത്രാമദ്ധ്യേ കർത്താവിനെ
കണ്ടതും കർത്താവ് അദ്ദേഹത്തോടു സംസാരി
ച്ചതും അദ്ദേഹം ദമസ്കോസിൽ കർത്താവി
ന്റെ നാമത്തിൽ നിർഭയം പ്രസംഗിച്ചതുമെല്ലാം
ബർന്നബാസ് അവരെ പറഞ്ഞുകേൾപ്പിച്ചു.
28അങ്ങനെ, ശൗൽ അവരോടുകൂടെ പാർത്ത്
കർത്താവിന്റെ നാമത്തിൽ ധൈര്യപൂർവ്വം

സംസാരിച്ചുകൊണ്ട് യെരൂശലേമിൽ യഥേഷ്ടം സഞ്ചരിച്ചു. 29ഗ്രീക്കുകാരായ യഹൂദരോട് അദ്ദേഹം സംസാരിക്കുകയും വാദിക്കുകയും ചെയ്തു. അവരാകട്ടെ, അദ്ദേഹത്തെ കൊല്ലുവാൻ ശ്രമിച്ചു. 30സഹോദരന്മാർ ഇതേപ്പറ്റി അറിഞ്ഞപ്പോൾ അദ്ദേഹത്തെ കൈസര്യവരെ കൊണ്ടുപോകയും അവിടെ നിന്ന് തർസോസിലേക്ക് യാത്രയാക്കുകയും ചെയ്തു.

31അങ്ങനെ യഹൂദ്യാ, ഗലീല, ശമര്യ എന്നിവിടങ്ങളിൽ എല്ലാം സഭയ്ക്ക് സമാധാനം ലഭിച്ചു. സഭ പരിശുദ്ധാത്മാവിനാൽ ശക്തിയും ഉത്സാഹവും പ്രാപിച്ചു; ദൈവഭയത്തിൽ നിലകൊണ്ടു,എണ്ണത്തിൽ വർദ്ധിക്കുകയും ചെയ്തു.

*ഐനെയാസും തബീഥയും*

32പത്രൊസ് ദേശത്തെല്ലായിടത്തും സഞ്ചരിക്കുമ്പോൾ, ലുദ്ദയിൽ പാർത്തിരുന്ന വിശുദ്ധരെയും സന്ദർശിക്കുവാൻ പോയി. 33അവിടെ അദ്ദേഹം, എട്ടുവർഷമായി തളർവാതം പിടിച്ചുകിടന്നിരുന്ന ഐനെയാസ് എന്നൊരാളെ കണ്ടു. 34പത്രൊസ് അയാളോട്: "ഐനെയാസേ, യേശുക്രിസ്തു നിന്നെ സൗഖ്യമാക്കുന്നു. എഴുന്നേല്ക്കുക; നിൻെറ കിടക്ക നീ സൂക്ഷിച്ചു കൊള്ളുക" എന്നു പറഞ്ഞു. ഉടൻതന്നേ ഐനെയാസ് എഴുന്നേറ്റു. 35ലുദ്ദയിലും ശാരോനിലും പാർത്തിരുന്ന എല്ലാവരും അയാളെ കണ്ട് കർത്താവിങ്കലേക്കു തിരിഞ്ഞു.

36 പേടമാൻ[a] എന്നർത്ഥമുള്ള, തബീഥാ എന്ന ഒരു ശിഷ്യ യോപ്പയിൽ ഉണ്ടായിരുന്നു. അവൾ വളരെ നന്മ ചെയ്യുന്നവളും ദരിദ്രരെ സഹായിക്കുന്നവളും ആയിരുന്നു. 37ആയിടയ്ക്ക് അവൾ ദീനംപിടിച്ചു മരിച്ചു. അവർ അവളെ കുളിപ്പിച്ചു മാളികമുറിയിൽ കിടത്തി. 38ലുദ്ദ യോപ്പയ്ക്കു സമീപമായിരുന്നു. പത്രൊസ് ലുദ്ദയിലുണ്ടെന്നു ശിഷ്യന്മാർ കേട്ട് രണ്ടുപേരെ അദ്ദേഹത്തിൻെറ അടുത്തേക്കയച്ചു. "അങ്ങ് ഉടൻതന്നേ ഇവിടംവരെ വരേണം" എന്ന് അവർ അപേക്ഷിച്ചു. 39പത്രൊസ് അവരോടുകൂടെ പോയി. അവിടെ എത്തിയപ്പോൾ അദ്ദേഹത്തെ അവർ മാളികമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. തബീഥാ തങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ തുന്നിയ ഉടുപ്പുകളും മറ്റു വസ്ത്രങ്ങളും പത്രൊസിനെ കാണിച്ചുകൊണ്ട് വിധവമാർ അദ്ദേഹത്തിൻെറ ചുറ്റുംനിന്നു വിലപിച്ചു. 40പത്രൊസ് അവരെയെല്ലാം മുറിക്കു പുറത്തേക്കയച്ചശേഷം മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു. അനന്തരം, മരിച്ചവളുടെ നേരെ തിരിഞ്ഞ് അദ്ദേഹം: "തബീഥയേ, എഴുന്നേല്ക്കുക" എന്നു പറഞ്ഞു. അവൾ കണ്ണുതുറന്നു. പത്രൊസിനെ കണ്ടിട്ട് എഴുന്നേറ്റിരുന്നു. 41അദ്ദേഹം അവളെ കൈക്കുപിടിച്ച് എഴുന്നേല്പിച്ചു. അതിനുശേഷം വിശുദ്ധരെയും വിധവമാരെയും വിളിച്ച് അവളെ ജീവനുള്ളവളായി അവരെ ഏല്പിച്ചു. 42യോപ്പയിലെല്ലായിടത്തും ഇതു പ്രസിദ്ധമായി; വളരെ ആളുകൾ കർത്താവിൽ വിശ്വസിച്ചു. 43യോപ്പയിൽ ശിമോൻ എന്നുപേരുള്ള ഒരു തോല്പ്പണിക്കാരനോടു കൂടെ കുറെനാൾ പത്രൊസ് പാർത്തു.

*കൊർന്നേല്യൊസും പത്രൊസും*

10 കൈസര്യയിൽ കൊർന്നേല്യൊസ് എന്നുപേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അയാൾ "ഇറ്റലിക്കാരുടെ സൈന്യം" എന്നറിയപ്പെട്ടിരുന്ന സൈന്യവിഭാഗത്തിൽ ഒരു ശതാധിപനായിരുന്നു. 2അദ്ദേഹവും എല്ലാ കുടുംബാംഗങ്ങളും ഭക്തിയും ദൈവഭയവും ഉള്ളവരായിരുന്നു; അദ്ദേഹം ഔദാര്യമായി ദാനധർമ്മം ചെയ്യുകയും പതിവായി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. 3ഒരുദിവസം ഉച്ചകഴിഞ്ഞ് ഒരു ദൂതൻ തൻെറ അടുത്തു വന്ന്, " കൊർന്നേല്യൊസേ" എന്നു വിളിക്കുന്നത് ഒരു ദർശനത്തിൽ അദ്ദേഹം വ്യക്തമായി കണ്ടു.

4കൊർന്നേല്യൊസ് ഭയപ്പെട്ട് ആ ദൂതനെ ഉറ്റുനോക്കി. "എന്താകുന്നു കർത്താവേ?" അദ്ദേഹം ചോദിച്ചു.

അതിനു ദൂതൻ, "നിൻെറ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ എത്തിയിരിക്കുന്നു. 5യോപ്പയിലേക്ക് ആളയച്ചു പത്രൊസ് എന്നു വിളിക്കപ്പെടുന്ന ശിമോൻ എന്നയാളെ വരുത്തുക. 6അയാൾ തോല്പ്പണിക്കാരനായ ശിമോനോടുകൂടെ പാർക്കുന്നു. അവൻെറ വീട് കടൽപ്പുറത്താണ്" എന്നു പറഞ്ഞു. 7തന്നോടു സംസാരിച്ച ദൂതൻ പോയശേഷം കൊർന്നേല്യൊസ് തൻെറ വേലക്കാരിൽ രണ്ടുപേരെയും പടയാളികളിൽ ഭക്തനായ ഒരുവനെയും വിളിച്ചു, 8സംഭവിച്ചതെല്ലാം അവരോടു പറഞ്ഞിട്ട് അദ്ദേഹം അവരെ യോപ്പയിലേയ്ക്കയച്ചു.

*പത്രൊസിൻെറ ദർശനം*

9അവർ യാത്രചെയ്തു പിറ്റേദിവസം ഉച്ചസമയത്ത് പട്ടണത്തിനടുത്തെത്തി. അപ്പോൾ പത്രൊസ് പ്രാർത്ഥിക്കുവാൻ വീടിൻെറ മട്ടുപ്പാവിലേയ്ക്കു കയറി. 10വിശന്നതിനാൽ എന്തെങ്കിലും ഭക്ഷിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഭക്ഷണം തയ്യാറായിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം ആത്മവിവശതയിലായി. 11സ്വർഗ്ഗം തുറന്നിരിക്കുന്നതും നാലുകോണും കെട്ടിയ വലിയ വിരിപോലെയുള്ള ഒരു പാത്രം

[a] 36 *തബീഥാ* (അരാമ്യപദം) *ഡോർക്കസ്* (ഗ്രീക്ക്) എന്നിവയുടെ അർത്ഥം *പേടമാൻ* എന്നാണ്

ഭൂമിയിലേക്ക് ഇറങ്ങിവരുന്നതും അദ്ദേഹം
കണ്ടു. 12അതിൽ സകലവിധ നാല്ക്കാലികളും
ഇഴജന്തുക്കളും ആകാശത്തിലെ പക്ഷികളും
ഉണ്ടായിരുന്നു. 13അപ്പോൾ ഒരു ശബ്ദം അ
ദ്ദേഹത്തോട്: “പത്രൊസേ, എഴുന്നേറ്റു
കൊന്നുതിന്നുക” എന്നു പറഞ്ഞു. 14“തീർച്ചയാ
യും ഇല്ല, കർത്താവേ” പത്രൊസ് മറുപടി
പറഞ്ഞു: “അശുദ്ധമോ മലിനമോ ആയ
തൊന്നും ഞാനൊരിക്കലും ഭക്ഷിച്ചിട്ടില്ല.”
15രണ്ടാമതും ആ ശബ്ദം “ദൈവം ശുദ്ധീകരിച്ച
തൊന്നും അശുദ്ധമെന്നു പറയരുത്” എന്നു
പറഞ്ഞു. 16മൂന്നു പ്രാവശ്യം ഇപ്രകാരം സംഭവി
ച്ചു. ഉടൻതന്നേ ആ പാത്രം സ്വർഗ്ഗത്തിലേയ്ക്ക്
തിരികെ എടുക്കപ്പെട്ടു. 17ഈ ദർശനത്തിൻെറ
അർത്ഥം എന്തായിരിക്കും എന്ന് പത്രൊസ്
ചിന്തിച്ചു കുഴങ്ങുമ്പോൾ കൊർന്നേല്യൊസ്
അയച്ചിരുന്ന പുരുഷന്മാർ ശിമോൻെറ വീട്
തേടിപ്പിടിച്ചു പടിവാതില്ക്കലെത്തി. 18“പത്രൊ
സ് എന്നറിയപ്പെടുന്ന ശിമോൻ ഇവിടെയാണോ
പാർക്കുന്നത്?” എന്ന് അവർ വിളിച്ചു ചോദിച്ചു.
19പത്രൊസ് ദർശനത്തെപ്പറ്റി ചിന്തിച്ചുകൊണ്ടി
രിക്കുമ്പോൾ ആത്മാവ് അദ്ദേഹത്തോട്: “ശിമോ
നേ, മൂന്നുപേർ [a] നിന്നെ അന്വേഷിക്കുന്നു.
20എഴുന്നേറ്റ് ഇറങ്ങിച്ചെല്ലുക. അവരോടുകൂടെ
പോകാൻ മടിക്കേണ്ടാ; ഞാനാണ് അവരെ
അയച്ചിരിക്കുന്നത്” എന്നു പറഞ്ഞു. 21അദ്ദേഹം
താഴെ ഇറങ്ങിച്ചെന്ന് അവരോട്: “നിങ്ങൾ അ
ന്വേഷിക്കുന്ന ആൾ ഞാൻ തന്നേ. നിങ്ങൾ വന്ന
കാര്യം എന്ത്?” എന്നു ചോദിച്ചു. 22അവർ
പറഞ്ഞു: “ഞങ്ങൾ ശതാധിപനായ കൊർന്നേ
ല്യൊസിൻെറ അടുക്കൽ നിന്നാണു വരുന്നത്.
അദ്ദേഹം നീതിമാനും ദൈവഭക്തനും എല്ലാ
യഹൂദരാലും ബഹുമാനിക്കപ്പെടുന്നവനുമാണ്.
അങ്ങേയ്ക്കു പറയുവാനുള്ളതു കേൾക്കുവാൻ
അങ്ങയെ അദ്ദേഹത്തിൻെറ വീട്ടിലേയ്ക്കു
വരുത്തണമെന്ന് ഒരു വിശുദ്ധദൂതനാൽ അ
ദ്ദേഹത്തിന് അരുളപ്പാടുണ്ടായി എന്നു
പറഞ്ഞു.” 23അപ്പോൾ പത്രൊസ് അവരെ വീടി
നുള്ളിലേക്കു ക്ഷണിച്ച് അവിടെ പാർപ്പിച്ചു.

### *പത്രൊസ് കൊർന്നേല്യൊസിൻെറ ഭവനത്തിൽ*

പിറ്റേദിവസം പത്രൊസ് അവരോടുകൂടെ
പുറപ്പെട്ടു. യോപ്പയിലെ ഏതാനും സഹോ
ദരന്മാരും അദ്ദേഹത്തോടൊപ്പം പോയി.
24അടുത്തദിവസം അദ്ദേഹം കൈസര്യയി
ലെത്തി. കൊർന്നേല്യൊസ് അവരെ കാത്തിരി
ക്കുകയായിരുന്നു; ബന്ധുക്കളെയും ഉറ്റ
മിത്രങ്ങളെയും അദ്ദേഹം അവിടെ വിളിച്ചുകൂട്ടി
യിരുന്നു. 25പത്രൊസ് ഭവനത്തിൽ പ്രവേശിച്ച
പ്പോൾ കൊർന്നേല്യൊസ് അദ്ദേഹത്തെ കണ്ട്
ആദരപൂർവ്വം കാല്ക്കൽവീണു വന്ദിച്ചു.
26പത്രൊസ് അദ്ദേഹത്തെ എഴുന്നേല്പിച്ചു
കൊണ്ട്, “എഴുന്നേല്ക്കുക, ഞാൻ കേവലം ഒരു
മനുഷ്യനത്രേ” എന്നു പറഞ്ഞു. 27കൊർന്നേ
ല്യൊസിനോട് സംസാരിച്ചുകൊണ്ടു പത്രൊസ്
അകത്തേക്കു ചെന്നു. അവിടെ ഒരു വലിയ
ജനക്കൂട്ടം ഉണ്ടായിരുന്നു. 28അദ്ദേഹം അവരോ
ടു പറഞ്ഞു: “ഒരു യഹൂദൻ വിജാതീനായ ഒരാ
ളോടു സഹകരിക്കുകയോ അവനെ സന്ദർശി
ക്കുകയോ ചെയ്യുന്നതു ഞങ്ങളുടെ ന്യായപ്രമാ
ണത്തിനു വിരുദ്ധമാണെന്നു നിങ്ങൾക്കറിയാമ
ല്ലോ! എന്നാൽ ഒരു മനുഷ്യനെയും അശുദ്ധനെ
ന്നോ മലിനനെന്നോ വിളിക്കരുതെന്നു ദൈവം
എനിക്കു കാണിച്ചു തന്നിരിക്കുന്നു. 29ആക
യാൽ എനിക്ക് ആളയച്ചപ്പോൾ യാതൊരെ
തിർപ്പും പറയാതെ ഞാൻ പോരുകയാണുണ്ടാ
യത്. ഇനി ഞാൻ ചോദിക്കട്ടെ, നിങ്ങൾ എന്തി
നാണ്എന്നെ വിളിപ്പിച്ചത്?”

30കൊർന്നേല്യൊസ് മറുപടി പറഞ്ഞു: “നാ
ലുദിവസം മുമ്പ് ഉച്ചയ്ക്കു ഞാൻ എൻെറ വീ
ട്ടിൽ ഏകദേശം മൂന്നുമണി സമയത്ത്
പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു.
പെട്ടെന്ന്, മിന്നുന്ന വസ്ത്രം ധരിച്ച ഒരു മനു
ഷ്യൻ എൻെറ മുന്നിൽ നിന്നുകൊണ്ട്: 31‘കൊർ
ന്നേല്യൊസേ, ദൈവം നിൻെറ പ്രാർത്ഥന
കേൾക്കുകയും നിൻെറ ദാനധർമ്മങ്ങൾ ഓർ
ക്കുകയും ചെയ്തിരിക്കുന്നു. 32ഇപ്പോൾ
യോപ്പയിലേക്ക് ആളയച്ച് പത്രൊസ് എന്നു വി
ളിക്കപ്പെടുന്ന ശിമോനെ വരുത്തുക. അദ്ദേഹം
കടൽപ്പുറത്തു തോല്പണിക്കാരനായ ശിമോ
ൻെറ വീട്ടിൽ അതിഥിയായി പാർക്കുന്നു’ എന്ന്
എന്നോടു പറഞ്ഞു. 33അപ്പോൾ ഞാൻ ഉടൻ
തന്നേ അങ്ങേയ്ക്കായി ആളെ അയച്ചു. അങ്ങു
വന്നതു വലിയ ഉപകാരം. ഇപ്പോൾ ഞങ്ങളോ
ടു പറയുവാൻ ദൈവം അങ്ങയോടു കല്പിച്ചി
ട്ടുള്ളതൊക്കെയും കേൾക്കുവാൻ ഞങ്ങൾ
ഇതാ ദൈവസന്നിധിയിൽ കൂടിയിരിക്കുന്നു.”

### *പത്രൊസിൻെറ പ്രസംഗം*

34അപ്പോൾ പത്രൊസ് ഇപ്രകാരം പറഞ്ഞു:
“ദൈവത്തിനു പക്ഷപാതമില്ലെന്നും, 35ഏ
തൊരു ജനതയിലും ദൈവത്തെ ഭയപ്പെട്ട് നീതി
പ്രവർത്തിക്കുന്നവരെ അവിടുന്ന് അംഗീകരി
ക്കുന്നുവെന്നും ഉള്ളത് എത്ര സത്യമെന്ന് ഞാനി
പ്പോൾ മനസ്സിലാക്കുന്നു. 36എല്ലാവരുടെയും
കർത്താവായ യേശുക്രിസ്തുവിലൂടെ സമാധാ
നത്തിൻെറ സുവിശേഷം അറിയിച്ചുകൊണ്ട്
ദൈവം യിസ്രായേൽമക്കൾക്കു നല്കിയ സ
ന്ദേശം ഇതാണ്: 37യോഹന്നാൻ പ്രസംഗിച്ച

[a] 10:19 ചില കയ്യെഴുത്തുപ്രതികളിൽ സംഖ്യ രേഖപ്പെടുത്തിയിട്ടില്ല.

സ്നാനത്തിനുശേഷം ഗലീലയിൽതുടങ്ങി
യഹൂദ്യയിലെല്ലായിടത്തും സംഭവിച്ച കാര്യ
ങ്ങളും 38നസറായനായ യേശുവിനെ ദൈവം
പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭി
ഷേകം ചെയ്തതും ദൈവം തന്നോടുകൂടെയി
രുന്നതിനാൽ അദ്ദേഹം നന്മ ചെയ്തും
പൈശാചിക ശക്തിക്ക് അധീനരായിരുന്നവരെ
സൗഖ്യമാക്കിക്കൊണ്ട് സഞ്ചരിച്ചതും നിങ്ങൾ
ക്കറിവുണ്ടല്ലോ! 39യഹൂദരുടെ ദേശത്തും യെരൂ
ശലേമിലും അദ്ദേഹം ചെയ്തതിനെല്ലാം
ഞങ്ങൾ സാക്ഷികളാണ്. അവർ അദ്ദേഹത്തെ
മരത്തിൽ തൂക്കിക്കൊന്നു. 40എന്നാൽ മൂന്നാം
ദിവസം ദൈവം മരിച്ചവരിൽ നിന്ന് അദ്ദേഹത്തെ
ഉയിർത്തെഴുന്നേല്പിച്ചു പ്രത്യക്ഷനാക്കി.
41എല്ലാവർക്കുമല്ല, പിന്നെയോ സാക്ഷികളായി
രിക്കുവാൻ ദൈവം നേരത്തെതന്നേ തിര
ഞ്ഞെടുത്തിരുന്നവരായ ഞങ്ങൾക്കു പ്രത്യക്ഷ
നാക്കി. അദ്ദേഹം മരിച്ചവരിൽനിന്ന് ഉയിർ
ത്തെഴുന്നേറ്റശേഷം അദ്ദേഹത്തോടൊപ്പം
ഞങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു.
42ജനങ്ങളോടു പ്രസംഗിക്കുവാനും, ജീവിച്ചിരി
ക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപതി
യായി ദൈവം നിയോഗിച്ചിരിക്കുന്നത് അദ്ദേഹ
ത്തെയാണെന്ന് സാക്ഷിപ്പാനും അവിടുന്നു
ഞങ്ങളോടു കല്പിച്ചിരിക്കുന്നു. 43അദ്ദേഹ
ത്തിൽ വിശ്വസിക്കുന്ന ഏവർക്കും അദ്ദേഹത്തി
ൻെറ നാമത്തിലൂടെ പാപക്ഷമ ലഭിക്കുമെന്ന്
എല്ലാ പ്രവാചകന്മാരും സാക്ഷ്യം പറയുന്നു."
44പത്രൊസ് ഈ വാക്കുകൾ പ്രസ്താവിക്കു
മ്പോൾതന്നേ വചനം ശ്രവിച്ച എല്ലാവരുടെ
മേലും പരിശുദ്ധാത്മാവു വന്നു. 45വിജാതീയരു
ടെമേലും പരിശുദ്ധാത്മാവ് എന്ന ദാനം
പകർന്നതിൽ പത്രൊസിനോടൊപ്പം വന്ന പരി
ച്ഛേദനക്കാരായ വിശ്വാസികൾ വിസ്മയഭരി
തരായി, 46എന്തെന്നാൽ അവർ അന്യഭാഷയിൽ
സംസാരിക്കുകയും ദൈവത്തെ സ്തുതിക്കു
കയും ചെയ്തു. 47അപ്പോൾ പത്രൊസ്, "നമ്മെ
പ്പോലെതന്നെ പരിശുദ്ധാത്മാവിനെ പ്രാപി
ച്ചിരിക്കുന്ന ഇവരെ ജലത്താൽ സ്നാനം
ഏല്ക്കുന്നതിൽനിന്നു വിലക്കുവാൻ ആർക്കു
കഴിയും?" എന്നു പറഞ്ഞു. 48അനന്തരം അവ
രെ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാ
നം കഴിപ്പിക്കുവാൻ അദ്ദേഹം കല്പിച്ചു. തങ്ങ
ളോടൊപ്പം ഏതാനും ദിവസം പാർക്കണമെന്ന്
അവർ പത്രൊസിനോട് അപേക്ഷിച്ചു.

### *പത്രൊസ് തൻെറ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു*

11 വിജാതീയജനങ്ങളും ദൈവവചനം
സ്വീകരിച്ചുവെന്ന് അപ്പൊസ്തലന്മാരും
യഹൂദ്യയിൽ എല്ലായിടത്തുമുള്ള സഹോദരരും
കേട്ടു. 2പത്രൊസ് യെരൂശലേമിൽ എത്തിയ
പ്പോൾ പരിച്ഛേദനമേറ്റ വിശ്വാസികൾ അ
ദ്ദേഹത്തെ വിമർശിച്ചു. 3"താങ്കൾ പരിച്ഛേദന
മേല്ക്കാത്തവരുടെ വീട്ടിൽ പോയി അവരോടു
കൂടെ ഭക്ഷണം കഴിച്ചു" എന്നു പറഞ്ഞു.
4പത്രൊസ് എല്ലാക്കാര്യങ്ങളും സംഭവിച്ചതു
പോലെതന്നേ സൂക്ഷ്മമായി അവർക്കു വിശദീ
കരിച്ചുകൊടുത്തു. 5"ഞാൻ യോപ്പാ
നഗരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ,
ആത്മവിവശതയിൽ ഒരു ദർശനം കണ്ടു. വലി
യ വിരിപോലെയുള്ള ഒരു പാത്രം നാലുകോ
ണും കെട്ടി സ്വർഗ്ഗത്തിൽനിന്ന് ഇറക്കുന്നതായി
ഞാൻ കണ്ടു. അതു താണുവന്ന് ഞാനിരിക്കു
ന്നേടത്തെത്തി. 6ഞാൻ സൂക്ഷിച്ചുനോക്കിയ
പ്പോൾ ഭൂമിയിലെ നാല്ക്കാലികൾ , കാട്ടുജന്തു
ക്കൾ, ഇഴജാതികൾ, ആകാശത്തിലെ പക്ഷി
കൾ എന്നിവയെ അതിനുള്ളിൽ കണ്ടു.
7അനന്തരം, 'പത്രൊസേ, എഴുന്നേറ്റ് കൊന്നു
തിന്നുക' എന്ന് എന്നോടു പറയുന്ന ഒരു ശബ്ദം
ഞാൻ കേട്ടു.
8" 'ഇല്ല കർത്താവേ, അശുദ്ധമോ മലിനമോ
ആയ യാതൊന്നും ഒരിക്കലും ഞാൻ കഴിച്ചി
ട്ടില്ല' എന്നു ഞാൻ ഉത്തരം പറഞ്ഞു.
9"ആ ശബ്ദം സ്വർഗ്ഗത്തിൽനിന്നു രണ്ടാമതും
എന്നോട്, 'ദൈവം ശുദ്ധീകരിച്ചതൊന്നും
അശുദ്ധമെന്നു പറയരുത്' എന്നരുളിച്ചെയ്തു.
10ഇങ്ങനെ മൂന്നു പ്രാവശ്യം ഉണ്ടായി. പിന്നെ
അതെല്ലാം സ്വർഗ്ഗത്തിലേക്കു തിരികെ എടു
ക്കപ്പെട്ടു.
11"അപ്പോൾത്തന്നെ കൈസര്യയിൽനിന്ന്
എൻെറ അടുത്തേയ്ക്ക് അയയ്ക്കപ്പെട്ട മൂന്നു
പേർ ഞാൻ പാർത്തിരുന്ന വീട്ടിലെത്തി. 12'മടി
ക്കാതെ അവരോടുകൂടെ പോവുക' എന്ന്
ആത്മാവ് എന്നോടു കല്പിച്ചു. ഈ ആറു സ
ഹോദരന്മാരും എൻെറ കൂടെ പോന്നു. അങ്ങനെ
ഞങ്ങൾ ആ മനുഷ്യൻെറ വീട്ടിലെത്തി. 13ത
ൻെറ ഭവനത്തിൽ ഒരു ദൈവദൂതൻ പ്രത്യക്ഷ
പ്പെട്ടത് കണ്ടുവെന്നും ആ ദൂതൻ അദ്ദേഹ
ത്തോട്, 'നീ യോപ്പയിലേയ്ക്ക് ആളയച്ചു
പത്രൊസ് എന്നുപേരുള്ള ശിമോനെ വരുത്തു
ക; 14നീയും നിൻെറ കുടുംബത്തിലുള്ളവരും
രക്ഷിക്കപ്പെടുവാനുള്ള സന്ദേശം അദ്ദേഹം
നിനക്കു നല്കും' എന്ന് അറിയിച്ചുവെന്നും
അദ്ദേഹം ഞങ്ങളോടു പറഞ്ഞു.
15"ഞാൻ സംസാരിച്ചുതുടങ്ങിയപ്പോൾ പരി
ശുദ്ധാത്മാവ് ആദിയിൽ നമ്മുടെമേൽ വന്നതു
പോലെ അവരുടെമേലും വന്നു. 16അപ്പോൾ:
'യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴി
പ്പിച്ചു, എന്നാൽ നിങ്ങൾക്കോ പരിശുദ്ധാത്മാ
വിനാൽ സ്നാനം ലഭിക്കും' എന്ന് കർത്താവു
പറഞ്ഞ വാക്ക് എനിക്ക് ഓർമ്മ വന്നു. 17അതു

കൊണ്ട് ദൈവം യേശുക്രിസ്തുവിൽ വിശ്വസി
ച്ച നമുക്കു തന്ന അതേ ദാനം അവർക്കും നല്കി
യെങ്കിൽ ദൈവത്തോട് എതിർത്തു നില്ക്കു
വാൻ ഞാനാര്?"
18ഇതു കേട്ടുകഴിഞ്ഞപ്പോൾ, അവർ മിണ്ടാ
തിരുന്നു. "അങ്ങനെയെങ്കിൽ ദൈവം വിജാതീ
യർക്കും ജീവനിലേക്കു നയിക്കുന്ന മാനസാ
ന്തരം നല്കിയിരിക്കുന്നുവല്ലോ" എന്നു പറഞ്ഞ്
അവർ ദൈവത്തെ സ്തുതിച്ചു.

*അന്ത്യോക്യയിലെ സഭ*

19സ്തെഫാനോസ് നിമിത്തം ഉണ്ടായ പീ
ഡനത്താൽ ചിതറിപ്പോയവർ യഹൂദരോടു
മാത്രം സുവിശേഷം അറിയിച്ചുകൊണ്ടു
ഫൊയ്നീക്യ, സൈപ്രസ്, അന്ത്യോക്യ എന്നീ
പ്രദേശങ്ങൾവരെ സഞ്ചരിച്ചു. 20അവരിൽ
സൈപ്രസിൽനിന്നും കുറേനെയിൽനിന്നുമുള്ള
ചിലർ അന്ത്യോക്യയിലെത്തി യവനന്മാരോടും
കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവി
ശേഷം അറിയിച്ചു. 21കർത്താവിന്റെ കൈ അവ
രോടുകൂടെ ഉണ്ടായിരുന്നു; വലിയൊരു
ജനസമൂഹം വിശ്വസിച്ചു കർത്താവിങ്കലേക്കു
തിരിഞ്ഞു. 22ഈ വാർത്ത യെരൂശലേമിലെ സഭ
കേട്ടു. അവർ ബർന്നബാസിനെ അന്ത്യോക്യയി
ലേക്കയച്ചു. 23അദ്ദേഹം അവിടെ എത്തി,
ദൈവകൃപ വ്യാപരിച്ചതുകണ്ട് സന്തോഷിച്ചു,
ഹൃദയനിർണ്ണയത്തോടെ കർത്താവിനോടു
ചേർന്നു നില്ക്കുവാൻ അവരെ പ്രബോധിപ്പിച്ചു.
24അദ്ദേഹം ഒരു നല്ല മനുഷ്യനും പരിശുദ്ധാ
ത്മാവും വിശ്വാസവും നിറഞ്ഞവനും ആയി
രുന്നു. ഒരു വലിയകൂട്ടം ആളുകൾ കർത്താവിങ്ക
ലേക്കു ചേർക്കപ്പെട്ടു. 25അനന്തരം, ശൗലിനെ
അന്വേഷിക്കുവാൻ ബർന്നബാസ് തർസൊസി
ലേക്കു പോയി. 26അദ്ദേഹത്തെ കണ്ടെത്തി അ
ന്ത്യോക്യയിലേക്കു കൂട്ടിക്കൊണ്ടുവന്നു.
ബർന്നബാസും ശൗലും ഒരു വർഷം മുഴുവനും
സഭായോഗങ്ങളിൽ പങ്കെടുക്കുകയും വളരെ
ആളുകളെ പഠിപ്പിക്കുകയും ചെയ്തു. ശിഷ്യ
ന്മാരെ ആദ്യം ക്രിസ്ത്യാനികൾ എന്നു വിളി
ച്ചത് അന്ത്യോക്യയിൽവച്ചാണ്.
27ആ കാലത്ത് പ്രവാചകർ യെരൂശലേമിൽ
നിന്ന് അന്ത്യോക്യയിൽ വന്നു. 28അവരിൽ അഗ
ബൊസ് എന്നു പേരുള്ള ഒരാൾ എഴുന്നേറ്റു
നിന്ന് റോമാസാമ്രാജ്യത്തിലെല്ലായിടത്തും ഒരു
വലിയ ക്ഷാമം ഉണ്ടാകുമെന്ന് ആത്മാവിൽ
പ്രവചിച്ചു. ക്ലൗദ്യോസിന്റെ കാലത്ത് ഇതു സം
ഭവിച്ചു. 29ശിഷ്യന്മാരെല്ലാവരും അവരവരുടെ
കഴിവനുസരിച്ച് യഹൂദ്യയിൽ പാർക്കുന്ന
സഹോദരർക്കു സഹായം നല്കുവാൻ നി
ശ്ചയിച്ചു. 30അവർ ബർന്നബാസിന്റെയും
ശൗലിന്റെയും കൈവശം തങ്ങളുടെ ദാനം
കൊടുത്തയച്ച് ഇക്കാര്യം നിറവേറ്റി.

*പത്രൊസ് കാരാഗൃഹത്തിൽനിന്ന്*
*അത്ഭുതകരമായി രക്ഷപ്പെടുന്നു*

12 ഇക്കാലത്ത് ഹെരോദാരാജാവ് സഭ
യിൽപ്പെട്ട ചിലരെ, പീഡിപ്പിക്കുവാനാ
യി പിടികൂടി. 2അയാൾ യോഹന്നാന്റെ സ
ഹോദരനായ യാക്കോബിനെ വാൾകൊണ്ടു
കൊന്നു. 3അതു യഹൂദരെ സന്തോഷിപ്പിച്ചു
എന്നു കണ്ടപ്പോൾ അയാൾ പത്രൊസിനെയും
ബന്ധനത്തിലാക്കുവാൻ ഒരുമ്പെട്ടു. പുളിപ്പി
ല്ലാത്ത അപ്പത്തിന്റെ പെരുന്നാളിൽ ഇതു
സംഭവിച്ചു. 4അയാൾ അദ്ദേഹത്തെ ബന്ധിച്ച്
കാരാഗൃഹത്തിലാക്കി നാലു പടയാളികൾ വീ
തമുള്ള നാലു കൂട്ടങ്ങളുടെ കാവലിലാക്കി.
പെസഹായ്ക്കു ശേഷം അദ്ദേഹത്തെ പുറത്തു
കൊണ്ടുവന്ന് പരസ്യമായി വിസ്തരിക്കണ
മെന്നായിരുന്നു ഹെരോദാവിന്റെ ഉദ്ദേശ്യം.
5 പത്രൊസ് കാരാഗൃഹത്തിൽ ആയിരിക്കു
മ്പോൾ സഭ അദ്ദേഹത്തിനുവേണ്ടി ജാഗ്രതയോ
ടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.
6ഹെരോദാവ് അദ്ദേഹത്തെ വിസ്താരത്തി
നായി കൊണ്ടുവരാനിരുന്നതിന്റെ തലേരാത്രി
പത്രൊസ് രണ്ടു പടയാളികളുടെ നടുവിൽ,
രണ്ടു ചങ്ങലകളാൽ ബന്ധിതനായി കി
ടന്നുറങ്ങുകയായിരുന്നു. കാവല്ക്കാർ കാരാഗൃ
ഹത്തിന്റെ വാതില്ക്കൽ നില്ക്കുന്നുണ്ടായി
രുന്നു. 7പെട്ടെന്ന്, കർത്താവിന്റെ ഒരു ദൂതൻ
പ്രത്യക്ഷനായി. കാരാഗൃഹത്തിൽ ഒരു വെളിച്ചം
പ്രകാശിച്ചു. ദൂതൻ പത്രൊസിനെ പാർശ്വത്തിൽ
തട്ടിയുണർത്തി. "വേഗം എഴുന്നേല്ക്കൂ!" ദൂതൻ
പറഞ്ഞു; പത്രൊസിന്റെ കൈകളിൽനിന്നു
ചങ്ങലകൾ താഴെ വീണു.
8ദൂതൻ പത്രൊസിനോട്: "നിന്റെ വ
സ്ത്രവും ചെരുപ്പും ധരിക്കുക" എന്നു പറഞ്ഞു;
അദ്ദേഹം അങ്ങനെ ചെയ്തു. "പുതപ്പു പുതച്ചു
കൊണ്ട് എന്റെ പിന്നാലെ വരിക" ദൂതൻ
പറഞ്ഞു. 9പത്രൊസ് ദൂതന്റെ പുറകെ നടന്ന്
കാരാഗൃഹത്തിനു പുറത്തു വന്നു. എന്നാൽ ദൂ
തൻ മുഖേന സംഭവിച്ചത് യഥാർത്ഥമാണെന്ന്
അദ്ദേഹം അറിഞ്ഞില്ല. താൻ ഒരു ദർശനം
കാണുകയാണെന്ന് അദ്ദേഹം ചിന്തിച്ചു.
10അവർ ഒന്നാം കാവലും രണ്ടാം കാവലും കടന്ന്
നഗരത്തിലേക്കു നയിക്കുന്ന ഇരുമ്പുവാതി
ല്ക്കലെത്തി. അത് അവർക്കായി തനിയേ
തുറന്നു. അവർ അതിലൂടെ പുറത്തുവന്ന് ഒരു
തെരുവു കടന്നയുടൻ ദൂതൻ പെട്ടെന്ന് അദ്ദേഹ
ത്തെ വിട്ടുപോയി.
11 അപ്പോൾ പത്രൊസിനു സ്വബോധം
കൈവന്നു. " കർത്താവു തന്റെ ദൂതനെ
അയച്ചു ഹെരോദാവിന്റെ പിടിയിൽനിന്നും

യഹൂദജനങ്ങൾ പ്രതീക്ഷിച്ചിരുന്ന എല്ലാറ്റിൽ
നിന്നും എന്നെ രക്ഷിച്ചിരിക്കുന്നു എന്ന് ഞാൻ
ഇപ്പോൾ നിശ്ചയമായി അറിയുന്നു" എന്ന് അ
ദ്ദേഹം പറഞ്ഞു.
12ഇതു ബോധ്യമായശേഷം അദ്ദേഹം, മർ
ക്കൊസ് എന്നും പേരുള്ള യോഹന്നാൻെറ
അമ്മയായ മറിയയുടെ വീട്ടിൽ ചെന്നു; അവിടെ
വളരെപ്പേർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു കൊണ്ടി
രിക്കുകയായിരുന്നു. 13പത്രൊസ് പുറത്തെ വാ
തില്ക്കൽ മുട്ടി. അപ്പോൾ രോദാ എന്നു പേരുള്ള
ഒരു വേലക്കാരിപെൺകുട്ടി വിളികേൾപ്പാൻ
വാതില്ക്കൽ വന്നു. 14പത്രൊസിൻെറ ശബ്ദം
തിരിച്ചറിഞ്ഞപ്പോൾ അവൾ സന്തോഷാധി
ക്യത്താൽ കതകു തുറക്കാതെ തിരികെ ഓടി
ച്ചെന്ന്, "പത്രൊസ് അതാ വാതില്ക്കൽ നില്
ക്കുന്നു!" എന്ന് ആശ്ചര്യത്തോടെ പറഞ്ഞു.
15"നിനക്കു ഭ്രാന്താണ്," അവർ അവളോടു
പറഞ്ഞു. "അല്ല, അതങ്ങനെതന്നേ" എന്ന്
അവൾ തറപ്പിച്ചു പറഞ്ഞുകൊണ്ടിരുന്നു.
"എങ്കിൽ അത് അദ്ദേഹത്തിൻെറ ദൂതൻ
ആയിരിക്കും" എന്ന് അവർ പറഞ്ഞു.
16പത്രൊസ് വാതില്ക്കൽ പിന്നെയും മുട്ടി
ക്കൊണ്ടിരുന്നു. കതകു തുറന്നപ്പോൾ അവർ
അദ്ദേഹത്തെ കണ്ടു വിസ്മയഭരിതരായി.
17നിശ്ശബ്ദരായിരിക്കാൻ ആംഗ്യം കാട്ടിക്കൊണ്ട്
പത്രൊസ് അവരോട് കർത്താവ് തന്നെ കാരാ
ഗൃഹത്തിൽനിന്നു പുറത്തുകൊണ്ടുവന്നതെങ്ങ
നെയെന്ന് വിവരിച്ചുകേൾപ്പിച്ചു. "യാക്കോബി
നെയും സഹോദരന്മാരെയും ഇക്കാര്യം അറിയി
ക്കണം" എന്നു പറഞ്ഞിട്ട് അദ്ദേഹം മറ്റൊരു
സ്ഥലത്തേക്കു പോയി.
18പ്രഭാതമായപ്പോൾ, പത്രൊസിന് എന്തു സം
ഭവിച്ചിരിക്കും എന്നതിനെക്കുറിച്ച് പടയാളികൾ
ക്കിടയിൽ വലിയ പരിഭ്രമമുണ്ടായി. 19അദ്ദേഹ
ത്തെ കണ്ടുപിടിക്കാൻ സമഗ്രമായ ഒരന്വേ
ഷണം നടത്തിയിട്ടും കാണാഞ്ഞതിനാൽ
ഹെരോദാവ് കാവല്ക്കാരെ വിസ്തരിക്കുകയും
അവരെ വധിക്കുവാൻ ഉത്തരവിടുകയും
ചെയ്തു.

### *ഹെരോദാവിൻെറ മരണം*

അനന്തരം ഹെരോദാവ് യഹൂദ്യയിൽനിന്ന്
കൈസര്യയിലെത്തി കുറേക്കാലം അവിടെ
പാർത്തു. 20അയാൾ സോരിലെയും സീദോനി
ലെയും ജനങ്ങളോടു കോപിച്ചിരിക്കുകയായി
രുന്നു. എന്നാൽ ഈ സമയത്ത് അവർ
ഒത്തുകൂടി അദ്ദേഹവുമായി ഒരു കൂടി
ക്കാഴ്ചയ്ക്ക് അവസരം അന്വേഷിച്ചു. അവർ
ഭക്ഷണസാധനങ്ങൾക്കായി രാജാവിൻെറ
ദേശത്തെ ആശ്രയിച്ചിരുന്നതുകൊണ്ട് രാജാവി
ൻെറ വിശ്വസ്തസേവകരിൽ ഒരുവനായ ബ്ളസ്
തോസിൻെറ സഹായത്തോടെ സമാധാനത്തി
നായി അപേക്ഷിച്ചു.
21നിശ്ചിതദിവസം ഹെരോദാവ് രാജകീ
യവസ്ത്രങ്ങൾ അണിഞ്ഞ്, സിംഹാസനത്തിൽ
ഇരുന്നുകൊണ്ട് ജനങ്ങളോടു പ്രസംഗിച്ചു. 22"ഇ
തു മനുഷ്യൻെറ ശബ്ദമല്ല, ദേവൻെറ ശബ്ദമ
ത്രേ" -ജനം ആർത്തുവിളിച്ചു. 23ഹെരോദാവ്
ദൈവത്തെ മഹത്ത്വപ്പെടുത്താതിരുന്നതു
കൊണ്ട് ഒരു ദൂതൻ തൽക്ഷണം അയാളെ അടി
ച്ചുവീഴ്ത്തി; അയാൾ കൃമികൾക്ക് ഇരയായി
മരണമടഞ്ഞു.
24എന്നാൽ ദൈവവചനം വളർന്നുവ്യാപിച്ചു
കൊണ്ടിരുന്നു.
25ബർന്നബാസും ശൗലും തങ്ങളുടെ ദൗത്യം
പൂർത്തിയാക്കിയശേഷം മർക്കൊസ് എന്നും
പേരുള്ള യോഹന്നാനെയും കൂട്ടി യെരൂശ
ലേമിൽനിന്ന്[a] മടങ്ങിപ്പോന്നു.

### *ബർന്നബാസും ശൗലും നിയോഗിക്കപ്പെടുന്നു*

13 അന്ത്യോക്യയിലെ സഭയിൽ ബർന്ന
ബാസ്, നിഗർ എന്നു വിളിക്കപ്പെട്ട ശി
മോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭു
വായ ഹെരോദാവിനോടൊപ്പം വളർത്തപ്പെട്ട
മനായേൻ, ശൗൽ എന്ന പ്രവാചകരും ഉപ
ദേഷ്ടാക്കളും ഉണ്ടായിരുന്നു. 2അവർ കർത്താ
വിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കു
മ്പോൾ, പരിശുദ്ധാത്മാവ് അവരോട്:
"ബർന്നബാസിനെയും ശൗലിനെയും ഞാൻ വി
ളിച്ചിരിക്കുന്ന പ്രവർത്തനത്തിനായി വേർതിരി
ക്കുവിൻ" എന്നു പറഞ്ഞു. 3അങ്ങനെ അവർ
ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെമേൽ
കൈകൾവച്ച് അവരെ പറഞ്ഞയച്ചു.

### *സൈപ്രസ് ദ്വീപിൽ*

4പരിശുദ്ധാത്മനിയോഗത്താൽ അയയ്ക്ക
പ്പെട്ട അവർ രണ്ടുപേരും സെലൂക്യയിൽ ചെന്നു;
അവിടെനിന്നും സൈപ്രസിലേയ്ക്കു കപ്പൽ
കയറി. 5സലമീസിൽ എത്തിയിട്ട് യഹൂദപള്ളി
കളിൽ ദൈവവചനം പ്രസംഗിച്ചു. യോഹന്നാൻ
അവർക്കു സഹായിയായി ഉണ്ടായിരുന്നു.
6അവർ ദ്വീപിൽ എല്ലായിടത്തും സഞ്ചരിച്ച്
പാഫോസിലെത്തി; അവിടെ ബർ-യേശു എന്നു
പേരുള്ള കള്ള പ്രവാചകനായ ഒരു യഹൂദമന്ത്ര
വാദിയെ കണ്ടുമുട്ടി. 7അയാൾ സെർഗ്യൊസ്പൗ
ലോസ് എന്ന ബുദ്ധിമാനായ ദേശാധിപതിയുടെ
കൂടെയായിരുന്നു. ദേശാധിപതി ബർന്നബാസി
നെയും ശൗലിനെയും വിളിച്ചുവരുത്തി
ദൈവവചനം കേൾക്കുവാൻ ആഗ്രഹിച്ചു.

[a] 25 ചില കയ്യെഴുത്തുപ്രതികളിൽ *യെരൂശലേമിലേക്ക്*

8എന്നാൽ 'എലീമാസ്' എന്ന ആ മന്ത്രവാദി
(അതാണ് അയാളുടെ പേരിന്റെ അർത്ഥം)
അവരെ എതിർക്കുകയും ദേശാധിപതിയെ വി
ശ്വാസത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ
ശ്രമിക്കുകയും ചെയ്തു. 9അപ്പോൾ പൗലോസ്
എന്നും പേരുള്ള ശൗൽ പരിശുദ്ധാത്മാവു
നിറഞ്ഞവനായി എലീമാസിനെ ഉറ്റുനോക്കി
ഇങ്ങനെ പറഞ്ഞു: 10"ഹേ, പിശാചിന്റെ മക
നെ, എല്ലാ നന്മയുടെയും ശത്രുവെ, സകലവിധ
വഞ്ചനയും കൗശലവും നിന്നിൽ നിറഞ്ഞിരി
ക്കുന്നു. കർത്താവിന്റെ നേർപാതകൾ മറിച്ചു
കളയുന്നതു നീ നിറുത്തുകയില്ലേ? 11ഇപ്പോൾ,
കർത്താവിന്റെ കൈ നിനക്കു വിരോധമായിരി
ക്കുന്നു. കുറെക്കാലത്തേക്കു നീ അന്ധനായി,
സൂര്യന്റെ വെളിച്ചം കാണാൻ കഴിയാത്തവനാ
യിരിക്കും." ഉടൻതന്നേ ഇരുട്ടും ഒരു മൂടലും
അയാളെ ആവരണം ചെയ്തു. ആരെങ്കിലും ത
ന്നെ കൈപിടിച്ചു നടത്താനായി തിരഞ്ഞു
കൊണ്ട് അയാൾ തപ്പിത്തടഞ്ഞു നടന്നു.
12ദേശാധിപതി ഈ സംഭവിച്ചതുകണ്ട് വി
സ്മയംപൂണ്ടു കർത്താവിന്റെ ഉപദേശത്തിൽ
വിശ്വസിച്ചു.

*പിസിദ്യയിലെ അന്ത്യോക്യയിൽ*

13പൗലോസും കൂടെയുള്ളവരും പാഫോ
സിൽനിന്ന് കപ്പൽ കയറി പംഫുല്യയിലെ
പെർഗ്ഗയിൽ എത്തി. യോഹന്നാൻ അവരെ വിട്ട്
അവിടെനിന്ന് യെരൂശലേമിലേയ്ക്കു മടങ്ങി.
14പെർഗ്ഗയിൽനിന്ന് അവർ പിസിദ്യായിലെ അ
ന്ത്യോക്യയിൽ വന്നുചേർന്നു. ശബ്ബത്തുദിവസം
അവർ യഹൂദപ്പള്ളിയിൽച്ചെന്ന് അവിടെ
ഇരുന്നു. 15ന്യായപ്രമാണത്തിൽനിന്നും
പ്രവാചകപുസ്തകങ്ങളിൽനിന്നുമുള്ള വായന
യ്ക്കുശേഷം പള്ളി അധികാരികൾ അവരോട്:
"സഹോദരരേ, ജനത്തിനു നല്കുവാൻ വല്ല
പ്രബോധനവചനവും നിങ്ങൾക്കുണ്ടെങ്കിൽ
സംസാരിച്ചാലും" എന്ന് അറിയിച്ചു.
16പൗലോസ് എഴുന്നേറ്റുനിന്ന് ആംഗ്യം കാ
ട്ടിക്കൊണ്ട് ഇപ്രകാരം സംസാരിച്ചു: "യിസ്രാ
യേൽജനമേ, ദൈവത്തെ ആരാധിക്കുന്ന വിജാ
തീയരേ, എന്റെ വാക്കു ശ്രദ്ധിക്കുവിൻ.
17യിസ്രായേൽ ജനത്തിന്റെ ദൈവം നമ്മുടെ
പിതാക്കന്മാരെ തിരഞ്ഞെടുത്തു; അവർ ഈജി
പ്റ്റിൽ പാർക്കുന്ന കാലത്ത് അവർക്ക് അഭിവൃ
ദ്ധി വരുത്തി; തന്റെ മഹാശക്തിയാൽ അവരെ
ആ ദേശത്തുനിന്നു വിടുവിച്ചു; 18മരുഭൂമിയിൽ
നാല്പതു വർഷം അവരുടെ പെരുമാറ്റം ക്ഷമ
യോടെ സഹിച്ചു.[a] 19അവിടുന്ന് കനാനിലുണ്ടാ
യിരുന്ന ഏഴു ജാതികളെ പുറത്താക്കി അവരു
ടെ ദേശം അവർക്ക് അവകാശമായി കൊടുത്തു.
20അങ്ങനെ ഏകദേശം നാനൂറ്റമ്പതുവർഷം കഴി
ഞ്ഞു. അതിന്റെ ശേഷം, ദൈവം അവർക്കു
ശമൂവേൽപ്രവാചകന്റെ കാലംവരെ ന്യായാധി
പന്മാരെ കൊടുത്തു. 21പിന്നെ ജനങ്ങൾ ഒരു
രാജാവിനെ ആവശ്യപ്പെട്ടു. അപ്പോൾ അവിടുന്ന്
അവർക്ക് ബന്യാമീൻഗോത്രക്കാരനായ കീശി
ന്റെ മകൻ ശൗലിനെ കൊടുക്കുകയും അയാൾ
നാല്പതു വർഷം ഭരണം നടത്തുകയും
ചെയ്തു. 22ശൗലിനെ നീക്കം ചെയ്തിട്ട് അവി
ടുന്ന് ദാവീദിനെ അവരുടെ രാജാവാക്കി. ദാവീ
ദിനെക്കുറിച്ച് അവിടുന്ന്, 'ഞാൻ യിശ്ശായിയു
ടെ പുത്രനായ ദാവീദിനെ എന്റെ ഹൃദയത്തി
നു ചേർന്ന ഒരു മനുഷ്യനായി കണ്ടിരിക്കുന്നു.
അവൻ എന്റെ ഹിതമെല്ലാം നിറവേറ്റും'
എന്നരുളിച്ചെയ്തു.

23"അദ്ദേഹത്തിന്റെ സന്തതികളിൽനിന്നു
ദൈവം തന്റെ വാഗ്ദാനപ്രകാരം യേശു എന്ന
രക്ഷകനെ യിസ്രായേലിനു നല്കി. 24യേശു
വരുന്നതിനുമുമ്പേ യോഹന്നാൻ എല്ലാ യിസ്രാ
യേൽജനങ്ങളോടും മാനസാന്തരത്തിന്റെ
സ്നാനം പ്രസംഗിച്ചു. 25തന്റെ ദൗത്യം അവസാ
നിക്കാറായപ്പോൾ യോഹന്നാൻ, 'നിങ്ങൾ
എന്നെ ആരെന്നു കരുതുന്നു? ഞാൻ അല്ല,
ഒരുവൻ എന്റെ പിന്നാലെ വരുന്നുണ്ട്. അവിടു
ത്തെ ചെരിപ്പ് അഴിക്കാൻ ഞാൻ യോഗ്യനല്ല'
എന്നു പറഞ്ഞു.

26"സഹോദരരേ, അബ്രാഹാമിന്റെ മക്കളേ,
ദൈവത്തെ ഭയപ്പെടുന്ന യഹൂദേതരജനങ്ങളേ,
രക്ഷയുടെ ഈ സന്ദേശം ദൈവം അയച്ചിരി
ക്കുന്നതു നമുക്കുവേണ്ടിയാണ്. 27യെരൂശലേമി
ലെ ജനങ്ങളും അവരുടെ ഭരണകർത്താക്കളും
യേശുവിനെയോ ശബ്ബത്തുതോറും വായിച്ചു
പോരുന്ന പ്രവാചകവാക്യങ്ങളെയോ തിരിച്ചറി
യാതെ അദ്ദേഹത്തെ കൊല്ലുവാൻ വിധിച്ചതി
ലൂടെ, ആ വചനങ്ങളെ നിറവേറ്റി. 28മരണശി
ക്ഷയ്ക്കു മതിയായ അടിസ്ഥാനം കാണാഞ്ഞി
ട്ടുകൂടി അദ്ദേഹത്തെ വധിക്കണമെന്ന് അവർ
പീലാത്തോസിനോട് ആവശ്യപ്പെട്ടു. 29അദ്ദേഹ
ത്തെപ്പറ്റി എഴുതപ്പെട്ടിരുന്നതെല്ലാം നിറവേറ്റിയ
ശേഷം അവർ അദ്ദേഹത്തെ മരത്തിൽനിന്ന്
ഇറക്കി ഒരു കല്ലറയിൽ വച്ചു. 30എന്നാൽ
ദൈവമോ അദ്ദേഹത്തെ മരിച്ചവരിൽനിന്ന്
ഉയിർത്തെഴുന്നേല്പിച്ചു. 31ഗലീലയിൽനിന്നു
യെരൂശലേമിലേയ്ക്കു തന്നെ അനുഗമിച്ചവർ
ക്ക് അദ്ദേഹം പലദിവസം പ്രത്യക്ഷനായി.
അവരിപ്പോൾ നമ്മുടെ ജനത്തിന്റെ മുമ്പിൽ
അദ്ദേഹത്തിന്റെ സാക്ഷികളാണ്.

32"ഈ സുവാർത്ത ഞങ്ങൾ നിങ്ങളോടറി
യിക്കുന്നു. 33ദൈവം നമ്മുടെ പിതാക്കന്മാർക്കു
നല്കിയിരുന്ന വാഗ്ദാനം അവിടുന്ന്

[a] 18 ചില കയ്യെഴുത്തുപ്രതികളിൽ *ക്ഷമയോടെ സഹിച്ച് അവർക്കുവേണ്ടി കരുതി.*

യേശുവിനെ ഉയിർപ്പിച്ചതിലൂടെ അവരുടെ
മക്കളായ നമുക്കുവേണ്ടി നിറവേറ്റിയിരിക്കുന്നു.
രണ്ടാം സങ്കീർത്തനത്തിൽ:

'നീ എൻെറ പുത്രൻ, ഇന്നു ഞാൻ നിൻെറ
പിതാവായിരിക്കുന്നു' [a]

എന്നെഴുതിയിരിക്കുന്നുവല്ലോ. 34യേശു ഇനി
ഒരിക്കലും ജീർണ്ണതയ്ക്ക് അധീനനാകാത്തവി
ധം ദൈവം അദ്ദേഹത്തെ മരിച്ചവരിൽനിന്ന്
ഉയിർപ്പിച്ചു എന്ന വസ്തുത,

"ദാവീദിനു വാഗ്ദാനം ചെയ്ത വിശുദ്ധവും
ഉറപ്പുള്ളതുമായ അനുഗ്രഹങ്ങൾ ഞാൻ
നിങ്ങൾക്കു നല്കും [b]"

എന്ന വചനത്തിൽ വ്യക്തമാക്കിയിരിക്കുന്നു.
35മറ്റൊരിടത്ത് ഇങ്ങനെ പറയുന്നു:

"നിൻെറ പരിശുദ്ധനെ ജീർണ്ണത
കാണാൻ അങ്ങ് അനുവദിക്കു
കയില്ല. [c] "

36"ദാവീദു തൻെറ തലമുറയിൽ
ദൈവോദ്ദേശ്യം നിറവേറ്റിയശേഷം നിദ്ര
പ്രാപിച്ചു; പിതാക്കന്മാരോടൊപ്പം അടക്കപ്പെട്ടു.
അദ്ദേഹത്തിൻെറ ശരീരം ജീർണ്ണിച്ചുപോകയും
ചെയ്തു. 37എന്നാൽ ദൈവം, മരിച്ചവരുടെ
ഇടയിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചവനോ
ജീർണ്ണത കണ്ടില്ല. 38അതിനാൽ സഹോദരരേ,
നിങ്ങളോട് ഉദ്ഘോഷിച്ചിരിക്കുന്നതുപോലെ
നിങ്ങൾക്കു പാപക്ഷമ യേശുവിലൂടെയെന്നു നി
ങ്ങൾ അറിയണമെന്നു ഞാനാഗ്രഹിക്കുന്നു.
39മോശെയുടെ ന്യായപ്രമാണത്താൽ നീതീ
കരണം പ്രാപിക്കുവാൻ സാധിക്കാഞ്ഞ
എല്ലാറ്റിൽ നിന്നും വിശ്വസിക്കുന്ന ഏവനും
യേശുവിലൂടെ നീതീകരിക്കപ്പെടുന്നു. 40പ്രവാ
ചകന്മാർ പ്രസ്താവിച്ചിട്ടുള്ളതു നിങ്ങൾക്കു ഭവി
ക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ:

41 'അല്ലയോ, പരിഹാസികളേ,
നോക്കുവിൻ; ആശ്ചര്യപ്പെട്ടു നശിച്ചുപോ
കുവിൻ. ഞാൻ നിങ്ങളുടെ കാലത്ത് ഒരു
പ്രവൃത്തി ചെയ്യുന്നു; ആരെങ്കിലും നിങ്ങ
ളോട് അതു പറഞ്ഞാൽ നിങ്ങൾ വിശ്വസി
ക്കയില്ല.' [d]"

42പൗലൊസും ബർന്നബാസും പള്ളിവിട്ടു
പോകുമ്പോൾ, അടുത്ത ശബ്ബത്തിലും ഈ കാ
ര്യങ്ങളെപ്പറ്റി കൂടുതലായി സംസാരിക്കണ
മെന്നു ജനങ്ങൾ അവരോടപേക്ഷിച്ചു. 43യോ
ഗം പിരിഞ്ഞശേഷം യഹൂദന്മാരിലും യഹൂദമതം
സ്വീകരിച്ചവരിലും അനേകർ പൗലൊസി
നെയും ബർന്നബാസിനെയും അനുഗമിച്ചു;
അവർ അവരോടു സംസാരിക്കുകയും ദൈവ
കൃപയിൽ നിലനില്ക്കുവാൻ പ്രേരിപ്പിക്കുകയും
ചെയ്തു.

44പിന്നത്തെ ശബ്ബത്തുദിവസം പട്ടണവാസി
കൾ ഏതാണ്ട് എല്ലാവരുംതന്നെ കർത്താവി
ൻെറ വചനം കേൾപ്പാൻ വന്നുകൂടി. 45യഹൂദർ
ജനക്കൂട്ടത്തെ കണ്ടപ്പോൾ, അസൂ
യനിറഞ്ഞവരായി പൗലൊസ് പറഞ്ഞതിനെ
എതിർക്കുകയും അദ്ദേഹത്തെ ദുഷിച്ചു സംസാ
രിക്കുകയും ചെയ്തു. 46അപ്പോൾ പൗലൊസും
ബർന്നബാസും ധൈര്യപൂർവ്വം ഇങ്ങനെ
പറഞ്ഞു: "ദൈവവചനം ആദ്യം നിങ്ങളോടു പറ
യേണ്ടത് ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ
അതു നിരസിച്ച് നിങ്ങളെത്തന്നേ നിത്യജീവന്
അയോഗ്യരെന്നു തെളിയിച്ചിരിക്കുകയാൽ
ഞങ്ങളിപ്പോൾ വിജാതീയ ജനങ്ങളിലേക്കു
തിരിയുന്നു.

47'നീ ഭൂമിയുടെ അതിരുകൾവരെ രക്ഷ
എത്തിക്കേണ്ടതിനു ഞാൻ നിന്നെ വി
ജാതീയർക്കു വെളിച്ചമാക്കിയിരിക്കുന്നു.' [e]

എന്നു കർത്താവു ഞങ്ങളോടു കല്പിച്ചിട്ടുണ്ട്."
48വിജാതീയർ ഇതുകേട്ടു സന്തോഷിച്ച്
ദൈവവചനത്തെ പ്രകീർത്തിച്ചു. നിത്യജീവനാ
യി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിച്ചു.
49കർത്താവിൻെറ വചനം ആ പ്രദേശത്തെല്ലാം
വ്യാപിച്ചു. 50എന്നാൽ യഹൂദർ ദൈവാരാധന
ക്കാരായ മാന്യസ്ത്രീകളെയും പട്ടണത്തിലെ
പ്രധാനികളെയും ഇളക്കി; അവർ പൗലൊസി
നും ബർന്നബാസിനുംനേരേ ഉപദ്രവമുണ്ടാക്കി
അവരെ ആ പ്രദേശത്തുനിന്നു പുറത്താക്കി.
51അവരോ തങ്ങളുടെ കാലിലെ പൊടി അവർ
ക്കെതിരെ തട്ടിക്കളഞ്ഞശേഷം ഇക്കോന്യയി
ലേയ്ക്കു പോയി. 52ശിഷ്യന്മാരാകട്ടെ സന്തോ
ഷവും പരിശുദ്ധാത്മാവും നിറഞ്ഞവരാ
യിത്തീർന്നു.

### *ഇക്കോന്യയിൽ*

14 ഇക്കോന്യയിൽ, പൗലൊസും
ബർന്നബാസും ഒരുമിച്ചു ശബ്ബത്തിൽ
യഹൂദരുടെ പള്ളിയിൽ ചെന്നു. അവർ അവി
ടെ ശക്തിയോടെ പ്രസംഗിക്കുകയും യഹൂദരും
ഗ്രീക്കുകാരുമായ നിരവധി ആളുകൾ വിശ്വസി
ക്കുകയും ചെയ്തു. 2എന്നാൽ വിശ്വസിക്കാതി
രുന്ന യഹൂദരാകട്ടെ വിജാതീയരെ ഇളക്കിവിടു
കയും സഹോദരർക്കു വിരോധമായി അവരു
ടെ ഹൃദയത്തിൽ വിദ്വേഷം ജനിപ്പിക്കുകയും
ചെയ്തു. 3അതിനാൽ പൗലൊസും ബർന്നബാ
സും കർത്താവിനുവേണ്ടി ധൈര്യത്തോടെ
പ്രസംഗിച്ചുകൊണ്ടു വളരെനാൾ അവിടെ
ചെലവഴിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും
പ്രവർത്തിക്കുവാൻ അവരെ പ്രാപ്തരാക്കി
ക്കൊണ്ട് കർത്താവ് തൻെറ കൃപയുടെ സന്ദേശ

[a] 33 സങ്കീർത്തനം 2:7 [b] 34 യെശയ്യാവ് 55:3 [c] 35 സങ്കീർത്തനം 16:10 [d] 41 ഹബക്കൂക് 1:5
[e] 47 യെശയ്യാവ് 49:6

ത്തെ ഉറപ്പിച്ചു. 4പട്ടണത്തിലെ ജനങ്ങൾ
ഭിന്നിച്ചു; ചിലർ യഹൂദപക്ഷത്തും മറ്റുള്ളവർ
അപ്പൊസ്തലന്മാരുടെപക്ഷത്തും ചേർന്നു. 5വി
ജാതീയരും യഹൂദന്മാരുമായ ചിലർ അവരുടെ
നേതാക്കന്മാരോടുകൂടെ അപ്പൊസ്തലന്മാരെ
ഉപദ്രവിക്കുവാനും കല്ലെറിയുവാനും ഗൂഢാലോ
ചന നടത്തി. 6എന്നാൽ അവർ അതു മനസ്സിലാ
ക്കി. ലുസ്ത്ര, ദെർബ്ബ എന്നീ ലുക്കവോന്യ
പട്ടണങ്ങളിലേക്കും അവയുടെ സമീപപ്ര
ദേശങ്ങളിലേക്കും ഓടിപ്പോയി, 7അവിടെ അവർ
സുവിശേഷം അറിയിച്ചു.

*ലുസ്ത്രയിലും ദെർബ്ബയിലും*

8ലുസ്ത്രയിൽ ജന്മനാ മുടന്തനും ഒരിക്കലും
നടന്നിട്ടില്ലാത്തവനുമായ ഒരു മനുഷ്യൻ ഉണ്ടാ
യിരുന്നു. 9അയാൾ പൗലൊസിൻെറ വാക്കുകൾ
ശ്രദ്ധിച്ചുകേട്ടു. പൗലൊസ് അയാളെ ഉറ്റുനോ
ക്കി. സൗഖ്യം പ്രാപിക്കുവാനുള്ള വിശ്വാസമു
ണ്ടെന്നു മനസ്സിലാക്കിയിട്ട് 10"എഴുന്നേറ്റു
കാലൂന്നി നിവർന്നു നില്ക്കുക" എന്നു ഉറക്കെ
പ്പറഞ്ഞു. അതുകേട്ടയുടനേ ആ മനുഷ്യൻ
ചാടിയെഴുന്നേറ്റു നടന്നുതുടങ്ങി.
11പൗലൊസ് ചെയ്തതുകണ്ടിട്ട് ജനങ്ങൾ,
'ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ ഇടയി
ലേയ്ക്കു വന്നിരിക്കുന്നു' എന്നു ലുക്കവോന്യ
ഭാഷയിൽ വിളിച്ചു പറഞ്ഞു. 12ബർന്നബാസി
നെ അവർ സീയൂസ് (ഇന്ദ്രൻ) എന്നും പൗലൊ
സ് മുഖ്യപ്രസംഗകനായിരുന്നതിനാൽ അദ്ദേഹ
ത്തെ ഹെർമിസ് (ബുധൻ) എന്നും വിളിച്ചു.
13നഗരത്തിനു തൊട്ടുവെളിയിലുള്ള ഇന്ദ്രക്ഷേ
ത്രത്തിലെ പുരോഹിതനും ജനങ്ങളും അവർ
ക്കു യാഗം കഴിക്കാൻ നിശ്ചയിച്ച് യാഗത്തിനാ
യി കാളകൾ, പൂച്ചെണ്ടുകൾ എന്നിവ നഗരവാ
തില്ക്കൽ കൊണ്ടുവന്നു. 14അപ്പൊസ്തലന്മാ
രായ ബർന്നബാസും പൗലൊസും ഇതേപ്പറ്റി
കേട്ടപ്പോൾ തങ്ങളുടെ വസ്ത്രം കീറിക്കൊണ്ട്
ജനക്കൂട്ടത്തിലേയ്ക്ക് ഓടിച്ചെന്ന് ഇങ്ങനെ വി
ളിച്ചുപറഞ്ഞു: 15"ഹേ മനുഷ്യരേ, നിങ്ങളെന്താ
ണു ചെയ്യുന്നത്? ഞങ്ങൾ നിങ്ങളെപ്പോലെ
കേവലം മനുഷ്യരത്രേ. നിങ്ങൾ ഈ വ്യർത്ഥകാ
ര്യങ്ങൾ വിട്ട് ആകാശവും ഭൂമിയും അവയിലു
ള്ള സകലവും സൃഷ്ടിച്ച ജീവനുള്ള
ദൈവത്തിങ്കലേയ്ക്കു തിരിയണമെന്നുള്ള സു
വിശേഷം ഞങ്ങൾ നിങ്ങളോടറിയിക്കുന്നു.
16കഴിഞ്ഞ കാലങ്ങളിൽ അവിടുന്ന് എല്ലാ
ജനതകളെയും സ്വന്തം വഴികളിൽ നടക്കാൻ
അനുവദിച്ചു. 17എങ്കിലും അവിടുന്നു ചെയ്യുന്ന
നന്മകളാൽ ദൈവം തന്നെക്കുറിച്ചുള്ള സാക്ഷ്യം
നല്കിയിട്ടുണ്ട്. യഥാകാലം ആകാശത്തുനിന്നു
മഴ പെയ്യിക്കുകയും നിങ്ങൾക്കു വിളവുകൾ
നല്കുകയും ചെയ്യുന്നു. അവിടുന്ന് നിങ്ങൾക്കു
സമൃദ്ധിയായി ഭക്ഷണം തരുന്നു. നിങ്ങളുടെ
ഹൃദയത്തെസന്തോഷംകൊണ്ടു നിറയ്ക്കു
ന്നു." 18ഇത്രയൊക്കെ പറഞ്ഞിട്ടും തങ്ങൾക്കു
യാഗം കഴിക്കുന്നതിൽനിന്നും ജനക്കൂട്ടത്തെ
പിന്തിരിപ്പിക്കുവാൻ അവർക്കു പിന്നെയും പാടു
പെടേണ്ടിവന്നു. 19അനന്തരം അന്ത്യോക്യയിൽ
നിന്നും ഇക്കോന്യയിൽനിന്നും ചില യഹൂദർ
വന്ന് ജനക്കൂട്ടത്തെ അവരുടെ വശത്താക്കി.
അവർ പൗലൊസിനെ കല്ലെറിഞ്ഞു. അദ്ദേഹം
മരിച്ചുവെന്നു കരുതി പട്ടണത്തിനു
വെളിയിലേയ്ക്കു വലിച്ചിഴച്ചു. 20എന്നാൽ
ശിഷ്യന്മാർ തനിക്കുചുറ്റും വന്നുകൂടിയതിനു
ശേഷം അദ്ദേഹം എഴുന്നേറ്റു പട്ടണത്തിലേക്കു
തിരികെപ്പോയി. അടുത്തദിവസം അദ്ദേഹവും
ബർന്നബാസും ദെർബ്ബയിലേക്കു പോയി.

*സിറിയയിലെ*
*അന്ത്യോക്യയിലേയ്ക്കു മടക്കയാത്ര*

21അവർ ആ പട്ടണത്തിൽ സുവിശേഷം
പ്രസംഗിച്ച് ഒട്ടധികം പേരെ ശിഷ്യരാ
ക്കിത്തീർത്തു. 22അതിനുശേഷം അവർ ലുസ്
ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നിവിടങ്ങളി
ലേയ്ക്കു മടങ്ങിച്ചെന്ന് ശിഷ്യന്മാരെ ശക്തി
പ്പെടുത്തി. നാം അനേകം കഷ്ടതകളിലൂടെയാ
ണ് ദൈവരാജ്യത്തിൽ കടക്കേണ്ടത് എന്നു
പ്രബോധിപ്പിച്ച് വിശ്വാസത്തിൽ ഉറച്ചുനില്ക്കു
വാൻ അവരെ പ്രോത്സാഹിപ്പിച്ചു. 23പൗലൊ
സും ബർന്നബാസും വിശ്വാസികൾക്കുവേണ്ടി
ഓരോ സഭയിലും മൂപ്പന്മാരെ നിയമിച്ചു. അവർ
പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടെ
തങ്ങൾ ആശ്രയംവച്ച കർത്താവിൽ അവരെ ഭര
മേല്പിച്ചു. 24പിസിദ്യയിലൂടെ സഞ്ചരിച്ച് അവർ
പംഫുല്യയിലെത്തി. 25പെർഗ്ഗയിൽ വചനം
പ്രസംഗിച്ചശേഷം അവർ അത്തല്യയിലേക്കു
പോയി. 26അത്തല്യയിൽ നിന്ന് അവർ കപ്പലിൽ
തിരികെ അന്ത്യോക്യയിലേക്കു പോയി. തങ്ങൾ
പൂർത്തിയാക്കിയ പ്രവർത്തനത്തിനായി
അവരെ ദൈവകൃപയിൽ സമർപ്പിച്ചത് അവി
ടെവച്ചായിരുന്നുവല്ലോ. 27അവിടെയെത്തിയ
ശേഷം അവർ സഭയെ വിളിച്ചുകൂട്ടി. ദൈവം
തങ്ങളിലൂടെ ചെയ്ത എല്ലാക്കാര്യങ്ങളും, അവി
ടുന്നു വിജാതീയർക്കായി വിശ്വാസത്തിൻെറ വാ
തിൽ തുറന്നുകൊടുത്തതും അവരെ പറഞ്ഞു
കേൾപ്പിച്ചു. 28അനന്തരം ശിഷ്യരോടുകൂടെ
അവർ ഏറെനാൾ അവിടെ പാർത്തു.

*യെരൂശലേമിലെ കൗൺസിൽ*

15 യഹൂദ്യയിൽനിന്നു ചിലർ അന്ത്യോ
ക്യയിൽ വന്ന്, "നിങ്ങൾ മോശെ പഠിപ്പി
ച്ച ആചാരമനുസരിച്ചു പരിച്ഛേദനം ഏല്
ക്കാത്തപക്ഷം രക്ഷ പ്രാപിക്കുകയില്ല" എന്ന്

സഹോദരരെ ഉപദേശിച്ചു. 2ഇതുനിമിത്തം പൗ
ലോസിനും ബർന്നബാസിനും അവരോട്
അനല്പമായ അഭിപ്രായഭിന്നതയും തർക്കവും
ഉണ്ടായി. ഈ തർക്കസംഗതി സംബന്ധിച്ച്
യെരൂശലേമിൽചെന്ന് അപ്പൊസ്തലന്മാരെയും
മൂപ്പന്മാരെയും കാണുന്നതിന് പൗലൊസും
ബർന്നബാസും മറ്റുചില വിശ്വാസികളും നിയോ
ഗിക്കപ്പെട്ടു. 3സഭ അവരെ യാത്രയാക്കി; അവർ
ഫൊയ്നിക്യയിലും ശമര്യയിലും കൂടി
പോകുമ്പോൾ യഹൂദേതരർ മാനസാന്തര
പ്പെട്ടതിനെക്കുറിച്ചു വിവരിച്ചു; സഹോദരർ
ഇതുകേട്ട് വളരെ സന്തോഷിച്ചു. 4അവർ യെരൂ
ശലേമിൽ എത്തിയപ്പോൾ സഭയും അപ്പൊ
സ്തലന്മാരും മൂപ്പന്മാരും അവരെ സ്വാഗതം
ചെയ്തു; ദൈവം തങ്ങളിലൂടെ നിർവ്വഹിച്ച
എല്ലാകാര്യങ്ങളും അവർ അവരെ അറിയിച്ചു.
5അപ്പോൾ പരീശവിഭാഗത്തിൽപ്പെട്ട ഏതാനും
വിശ്വാസികൾ എഴുന്നേറ്റു നിന്ന് യഹൂദേതരവി
ശ്വാസികളോട് പരിച്ഛേദനം ഏല്ക്കുവാനും
മോശെയുടെ ന്യായപ്രമാണം അനുസരിക്കുവാ
നും കല്പിക്കണം എന്ന് അഭിപ്രായപ്പെട്ടു. 6ഈ
പ്രശ്നം പരിഗണിക്കുവാൻ അപ്പൊസ്തലന്മാ
രും മൂപ്പന്മാരും ഒരുമിച്ചുകൂടി.

7സുദീർഘമായ ചർച്ചയ്ക്കുശേഷം പത്രൊ
സ് എഴുന്നേറ്റുനിന്ന് അവരോടിങ്ങനെ പറഞ്ഞു:
“യഹൂദേതരർ എന്റെ അധരങ്ങളിൽനിന്നു
സുവിശേഷം കേൾക്കുകയും വിശ്വസിക്കുകയും
ചെയ്യേണ്ടതിനു കുറച്ചുനാൾമുമ്പ്, ദൈവം നി
ങ്ങളുടെ ഇടയിൽനിന്ന് എന്നെ തിരഞ്ഞെടുത്ത
വസ്തുത നിങ്ങൾക്കറിയാമല്ലോ! 8ഹൃദയങ്ങ
ളെ അറിയുന്നവനായ ദൈവം നമുക്കു നല്കി
യതുപോലെ അവർക്കും പരിശുദ്ധാത്മാവിനെ
നല്കിക്കൊണ്ട് അവരെ അംഗീകരിച്ചുവെന്നു
സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. 9അവിടുന്ന് വി
ശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീ
കരിച്ചതുകൊണ്ട് നമുക്കും അവർക്കും തമ്മിൽ
വ്യത്യാസമൊന്നും വച്ചിട്ടില്ല. 10അതുകൊണ്ട്,
നമ്മുടെ പിതാക്കന്മാർക്കും നമുക്കും വഹിക്കാൻ
കഴിയാതിരുന്ന നുകം ശിഷ്യരുടെ കഴുത്തിൽ
വച്ച് ദൈവത്തെ പരീക്ഷിക്കുവാൻ നാം എന്തി
നു ശ്രമിക്കുന്നു? 11കർത്താവായ യേശുവിന്റെ
കൃപയാൽ രക്ഷ ലഭിക്കുമെന്നു നാം വിശ്വസി
ക്കുന്നതുപോലെ അവരും വിശ്വസിക്കുന്നു.”

12ബർന്നബാസും പൗലൊസും തങ്ങളിലൂടെ
ദൈവം വിജാതീയരുടെ ഇടയിൽ പ്രവർത്തിച്ച
അടയാളങ്ങളും അത്ഭുതങ്ങളും വിവരിച്ചതു
സഭാജനങ്ങൾ ഒന്നടങ്കം നിശ്ശബ്ദരായി കേട്ടു
കൊണ്ടിരുന്നു. 13അവർ സംസാരിച്ചുകഴിഞ്ഞ
പ്പോൾ യാക്കോബ് ഇപ്രകാരം പ്രസ്താവിച്ചു:
“സഹോദരരേ, എന്റെ വാക്കു ശ്രദ്ധിക്കുവിൻ.
14വിജാതീയരിൽനിന്ന് ദൈവം ഒരു ജനതയെ
തന്റെ നാമത്തിനായി തിരഞ്ഞെടുത്തതിലൂടെ
ദൈവം അവരെ ആദ്യമായി കടാക്ഷിച്ചതി
നെപ്പറ്റി ശിമോൻ[a] നമ്മോടു സംസാരിച്ചുവല്ലോ.
15പ്രവാചകന്മാരുടെ വാക്കുകൾ ഇതിനോടു വള
രെ ചേർന്നുവരുന്നു:

16‘ഇതിനുശേഷം ഞാൻ മടങ്ങി വരികയും
ദാവീദിന്റെ വീണുപോയ കൂടാരം വീണ്ടും
പണിയുകയും ചെയ്യും; ഞാൻ അതിന്റെ
ശൂന്യാവശിഷ്ടങ്ങൾ വീണ്ടും പണിത്
അതിനെ യഥാസ്ഥാനപ്പെടുത്തും; 17മനു
ഷ്യരിൽ ശേഷിക്കുന്നവരും എന്റെ നാമം
വഹിക്കുന്ന വിജാതീയരും കർത്താവിനെ
അന്വേഷിക്കും[b] എന്ന് 18ഇവ പൂർവ്വകാലം
മുതൽ അറിയിക്കുന്ന കർത്താവ് അരുളി
ച്ചെയ്യുന്നു.’

19“ആകയാൽ, ദൈവത്തിങ്കലേക്കു തിരി
യുന്ന വിജാതീയർക്ക് നാം പ്രയാസങ്ങൾ സൃ
ഷ്ടിക്കരുതെന്നാണ് എന്റെ തീരുമാനം. 20വി
ഗ്രഹങ്ങ ളാൽ ഉള്ള മലിന്യം, വ്യഭിചാരം, ശ്വാ
സംമുട്ടിച്ചു കൊന്നവ, രക്തം എന്നിവയിൽനിന്ന്
അകന്നിരിക്കണമെന്നു നാം അവർക്ക് എഴുതി
അയയ്ക്കണം. 21മോശെയുടെ ന്യായപ്രമാണം,
പൂർവ്വകാലംമുതൽ എല്ലാ പട്ടണങ്ങളിലും
പ്രസംഗിച്ചുപോരുന്നതിനാൽ ശബ്ബത്തുതോറും
പള്ളികളിൽ വായിക്കുന്നുണ്ടല്ലോ!”

*വിജാതീയ വിശ്വാസികൾക്കുള്ള കത്ത്*

22അപ്പൊസ്തലന്മാരും മൂപ്പന്മാരും സഭ മുഴു
വനുംകൂടെ തങ്ങളുടെ കൂട്ടത്തിലുള്ള ചിലരെ
തിരഞ്ഞെടുത്ത് പൗലൊസിനോടും ബർന്നബാ
സിനോടുംകൂടെ അന്ത്യോക്യയിലേയ്ക്ക്
അയയ്ക്കണമെന്നു നിശ്ചയിച്ചു. സഹോദരന്മാ
രുടെ ഇടയിൽ നേതൃത്വം നല്കിയിരുന്ന ബർ
ശബാസ് എന്നു വിളിക്കുന്ന യൂദായെയും ശീ
ലാസിനെയും അവർ തിരഞ്ഞെടുത്തു.
23അവരുടെ കയ്യിൽ കൊടുത്തയച്ച കത്തിൽ
ഇങ്ങനെ എഴുതിയിരുന്നു:

അപ്പൊസ്തലന്മാരും മൂപ്പന്മാരുമായ
സഹോദരന്മാർ,
അന്ത്യോക്യ, സിറിയാ, കിലിക്യ എന്നിവി
ടങ്ങളിലുള്ള വിജാതീയ വിശ്വാസികൾ
ക്കെഴുതുന്നത്:
നിങ്ങൾക്കു വന്ദനം!

24ഞങ്ങളുടെയിടയിൽനിന്നു ചിലർ
വന്നു നിങ്ങളെ ശല്യപ്പെടുത്തുകയും
തങ്ങളുടെ വാക്കുകളാൽ നിങ്ങൾക്കു
മനഃപ്രയാസം ഉളവാക്കുകയും

[a] 14 ഗ്രീക്കിൽ, *ശിമെയോൻ. ശിമോൻ* എന്നതിന്റെ മറ്റൊരു രൂപമാണ്. ഇവിടെ, *പത്രൊസിനെ* സൂചിപ്പിച്ച് ഉപയോഗിക്കുന്നു. [b] 17 ആമോസ് 9:11,12

ചെയ്തുവെന്നു ഞങ്ങൾ കേട്ടു. അവ
രെ ഞങ്ങൾ അധികാരപ്പെടുത്തിയതല്ല.
25അതുകൊണ്ടു ചിലരെ തിര
ഞ്ഞെടുത്ത്, നമ്മുടെ പ്രിയസ്നേഹി
തരായ ബർന്നബാസിനോടും പൗലൊ
സിനോടുംകൂടെ നിങ്ങളുടെ അടു
ത്തേക്ക് അയയ്ക്കണമെന്നു ഞങ്ങൾ
ഏകമനസ്സോടെ തീരുമാനിച്ചു. 26അവർ
ഇരുവരും നമ്മുടെ കർത്താവായ
യേശുക്രിസ്തുവിന്റെ നാമത്തിനു
വേണ്ടി സ്വജീവൻ പണയപ്പെടുത്തി
യവരാണല്ലോ. 27ആകയാൽ, ഞങ്ങൾ
എഴുതി അയയ്ക്കുന്ന കാര്യങ്ങൾ വാ
മൊഴിയാൽ ഉറപ്പാക്കുന്നതിനു വേണ്ടി
അവരോടൊപ്പം യൂദയെയും ശീലാസി
നെയും അയയ്ക്കുന്നു. 28താഴെപ്പറ
യുന്ന കാര്യങ്ങൾ ഒഴികെ മറ്റൊന്നു
കൊണ്ടും നിങ്ങളെ ഭാരപ്പെടുത്തരു
തെന്നു പരിശുദ്ധാത്മാവിനും ഞങ്ങൾ
ക്കും തോന്നിയിരിക്കുന്നു: 29വിഗ്രഹാർ
പ്പിതഭക്ഷണം, രക്തം, ശ്വാസംമുട്ടിച്ചു
കൊന്നവ, വ്യഭിചാരം എന്നിവ നിങ്ങൾ
വർജ്ജിക്കണം; ഈ കാര്യങ്ങളിൽനിന്ന്
ഒഴിഞ്ഞിരിക്കുന്നത് നല്ലത്.
നിങ്ങൾക്കു മംഗളം!

30അങ്ങനെ അവർ വിടവാങ്ങി അന്ത്യോക്യ
യിലെത്തി; സഭയെ കൂട്ടിവരുത്തി എഴുത്തുകൊ
ടുത്തു. 31ജനങ്ങൾ അതു വായിച്ച് അതിലെ
പ്രോത്സാഹജനകമായ സന്ദേശം നിമിത്തം സ
ന്തോഷിച്ചു. 32പ്രവാചകർ കൂടിയായിരുന്ന യൂ
ദയും ശീലാസും അനേകം വചനങ്ങളാൽ സ
ഹോദരരെ പ്രബോധിപ്പിക്കുകയും ഉറപ്പിക്കു
കയും ചെയ്തു. 33അവർ കുറെക്കാലം അവിടെ
പാർത്തു. അതിനുശേഷം, അയച്ചവരുടെ അടു
ക്കലേക്ക് സഹോദരർ അവരെ സമാധാനാശം
സയോടെ തിരികെ അയച്ചു.[a] 34എന്നാൽ പൗ
ലൊസും ബർന്നബാസും അന്ത്യോക്യയിൽ
പാർത്തു. മറ്റുപലരോടുംചേർന്ന് ദൈവവചനം
പഠിപ്പിക്കുകയും പ്രസംഗിക്കുകയും
ചെയ്തുപോന്നു.

*പൗലൊസും ബർന്നബാസും*
*തമ്മിൽ അഭിപ്രായഭിന്നത*

35കുറെ നാളുകൾക്കുശേഷം പൗലൊസ്
ബർന്നബാസിനോട്, "കർത്താവിന്റെ വചനം
പ്രസംഗിച്ച പട്ടണങ്ങളിലേക്കു നമുക്ക് മടങ്ങി
ച്ചെന്നു സഹോദരരെ സന്ദർശിക്കുകയും അവരു
ടെ ക്ഷേമം അന്വേഷിക്കുകയും ചെയ്യാം" എന്നു
പറഞ്ഞു. 36മർക്കൊസ് എന്നും പേരുള്ള
യോഹന്നാനെയുംകൂടി തങ്ങളുടെകൂടെ
കൊണ്ടുപോകണമെന്നു ബർന്നബാസ് ആ
ഗ്രഹിച്ചു. 37 പൗലൊസാകട്ടെ, പ്രവർത്തന
ത്തിൽ തുടർന്നു പങ്കെടുക്കാതെ പംഫുല്യയിൽ
വച്ചു തങ്ങളെ ഉപേക്ഷിച്ചുപോയ ഒരാളെ കൂ
ടെക്കൊണ്ടുപോകുന്നത് ഉചിതമല്ല എന്നു
ചിന്തിച്ചു. 38അവർ തമ്മിൽ ശക്തമായ അഭി
പ്രായഭിന്നതയുണ്ടാവുകയും അങ്ങനെ അവർ
വേർപിരിയുകയും ചെയ്തു. ബർന്നബാസ് മർ
ക്കൊസിനെയും കൂട്ടിക്കൊണ്ട് സൈപ്രസി
ലേയ്ക്കു കപ്പലിൽ യാത്രയായി. 39പൗലോസ്
ശീലാസിനെയും കൂട്ടി, സഹോദരരാൽ
ദൈവകൃപയിൽ ഭരമേല്പിക്കപ്പെട്ട് യാത്രതി
രിച്ചു. 40അദ്ദേഹം സിറിയയിലും കിലിക്യയിലും
കൂടെ സഞ്ചരിച്ച് സഭകളെ ശക്തിപ്പെടുത്തി.

*തിമൊഥെയോസ് പൗലൊസിനോടും*
*ശീലാസിനോടും ചേരുന്നു*

16 അദ്ദേഹം ദെർബ്ബയിലും ലുസ്ത്രയിലും
ചെന്നു. ലുസ്ത്രയിൽ തിമൊഥെയോസ്
എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു.
അയാളുടെ അമ്മ വിശ്വാസിനിയായ ഒരു യഹൂ
ദസ്ത്രീയും അപ്പൻ ഗ്രീക്കുകാരനും ആയിരുന്നു.
2ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോ
ദരരുടെ ഇടയിൽ അയാൾ നല്ല സാക്ഷ്യ
മുള്ളവനായിരുന്നു. 3അയാൾ തന്നോടുകൂടി
പോരണമെന്നു പൗലൊസ് ആഗ്രഹിച്ചു. അയാ
ളുടെ അപ്പൻ ഗ്രീക്കുകാരനെന്ന് ആ പ്രദേശത്തു
പാർത്തിരുന്ന യഹൂദർ അറിഞ്ഞിരുന്നതു
കൊണ്ട് പൗലൊസ് അവരെ ഓർത്ത് അയാൾ
ക്കു പരിച്ഛേദനം നടത്തി. 4അവർ പട്ടണം
തോറും സഞ്ചരിക്കുകയും ജനങ്ങൾ അനുസരി
ക്കേണ്ടതിന് യെരൂശലേമിലുള്ള അപ്പൊ
സ്തലന്മാരും മൂപ്പന്മാരും നല്കിയിരുന്ന നിർ
ദ്ദേശങ്ങൾ അവരെ ഏല്പിക്കുകയും ചെയ്തു.
5അങ്ങനെ സഭകൾ വിശ്വാസത്തിൽ ശക്തി
പ്പെട്ടും എണ്ണത്തിൽ ദിനംപ്രതി വർദ്ധിച്ചും
കൊണ്ടിരുന്നു.

*പൗലൊസിന്*
*മക്കദോന്യക്കാരനെക്കുറിച്ചുള്ള ദർശനം*

6പൗലൊസും കൂടെയുള്ളവരുംകൂടി ഫ്രുഗ്യ,
ഗലാത്യ എന്നീ പ്രദേശങ്ങളിലൂടെ യാത്ര
ചെയ്തു; ഏഷ്യാപ്രവശ്യയിൽ വചനം
പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവു അവ
രെ വിലക്കിയിരുന്നു. 7മുസ്യയുടെ അതിർത്തി
യിൽ എത്തിയപ്പോൾ, അവർ ബിഥുന്യയി
ലേയ്ക്കു പ്രവേശിക്കുവാൻ ശ്രമിച്ചു; എന്നാൽ

[a] 33 ചില കയ്യെഴുത്തുപ്രതികളിൽ, *എന്നാൽ ശീലാസ് അവിടെ താമസിക്കുവാൻ തീരുമാനിച്ചു* എന്നുമുണ്ട്.

യേശുവിൻെറ ആത്മാവ് അവരെ അനുവദി
ച്ചില്ല. 8അതുകൊണ്ട് അവർ മുസ്യ കടന്ന്
ത്രോവാസിൽ എത്തി. 9"മക്കദോന്യയിലേയ്ക്കു
വന്നു ഞങ്ങളെ സഹായിക്കണമേ" എന്ന് ഒരു
മക്കദോന്യക്കാരൻ നിന്നു യാചിക്കുന്നതായി
പൗലൊസ് രാത്രിയിൽ ഒരു ദർശനം കണ്ടു. 10ദർ
ശനം കണ്ടശേഷം, മക്കദോന്യരോടു സുവി
ശേഷം പ്രസംഗിക്കുവാൻ ദൈവം ഞങ്ങളെ വിളി
ച്ചിരിക്കുന്നു എന്ന ബോധ്യത്തിൽ അവിടേക്കു
യാത്ര തിരിക്കുവാൻ ഞങ്ങൾ ഉടനെ തയ്യാറായി.

*ലുദിയായുടെ മാനസാന്തരം*

11ഞങ്ങൾ ത്രോവാസിൽനിന്നു കപ്പൽ നീ
ക്കി നേരേ സമൊത്രാക്കെയിലേക്കും പിറ്റേ
ന്നാൾ നവപൊലിയിലേയ്ക്കും പോയി. 12അവി
ടെനിന്നു ഫിലിപ്യയിലേക്ക് യാത്ര ചെയ്തു.
അത് ഒരു റോമൻ കോളനിയും മക്കദോന്യജി
ല്ലയിലെ ഒരു പ്രമുഖ നഗരവും ആയിരുന്നു. അവി
ടെ ഞങ്ങൾ കുറെനാൾ പാർത്തു. 13ശബ്ബത്തു
ദിവസത്തിൽ ഞങ്ങൾ നഗരവാതിലിനുപുറത്ത്
പുഴവക്കത്തേക്കു ചെന്നു. അവിടെ പ്രാർത്ഥന
യ്ക്കൊരു സ്ഥലം കണ്ടെത്താമെന്നു ഞങ്ങൾ
കരുതി. ഞങ്ങൾ അവിടെ ഇരുന്നു പുഴവക്കത്തു
കൂടിവന്ന സ്ത്രീകളോടു സംസാരിച്ചു. 14കേട്ടു
കൊണ്ടിരുന്നവരിൽ ലുദിയാ എന്നുപേരുള്ള
ഒരു സ്ത്രീയുണ്ടായിരുന്നു. തുയത്തൈരാ
പട്ടണക്കാരിയായ അവൾ ചുവന്ന പട്ടുവസ്
ത്രങ്ങൾ വില്ക്കുന്നവളും[a] ദൈവത്തെ ആരാധി
ക്കുന്നവളും ആയിരുന്നു. പൗലൊസിൻെറ സ
ന്ദേശം സ്വീകരിക്കുവാൻതക്കവണ്ണം കർത്താവ്
അവളുടെ ഹൃദയം തുറന്നു. 15അവളും കുടും
ബാംഗങ്ങളും സ്നാനം ഏറ്റശേഷം ഞങ്ങളെ
അവളുടെ വീട്ടിലേക്കു ക്ഷണിച്ചു. "നിങ്ങൾ
എന്നെ കർത്താവിൽ വിശ്വസ്തയെന്നു കരു
തുന്നപക്ഷം വന്ന് എൻെറ വീട്ടിൽ പാർക്കണം"
എന്ന് അപേക്ഷിച്ചു ഞങ്ങളെ സമ്മതിപ്പിച്ചു.

*പൗലൊസും ശീലാസും*
*കാരാഗൃഹത്തിൽ*

16ഒരിക്കൽ ഞങ്ങൾ പ്രാർത്ഥനാസ്ഥല
ത്തേക്കു പോകുമ്പോൾ ഒരു അടിമപ്പെൺകുട്ടി
യെ കണ്ടു. അവളെ ഒരു ആത്മാവ് ബാധിച്ചി
രുന്നു; അതിൻെറ സഹായത്താൽ അവൾ ഭാവി
പ്രവചിക്കുകയും തൻെറ യജമാനന്മാർക്കു ധാ
രാളം പണം സമ്പാദിച്ചുകൊടുക്കുകയും
ചെയ്തുപോന്നു. 17ഈ പെൺകുട്ടി പൗലൊ
സിനെയും ഞങ്ങളെല്ലാവരെയും പിന്തുടരു
കയും "ഈ മനുഷ്യർ അത്യുന്നതനായ
ദൈവത്തിൻെറ ദാസന്മാരാണ്, ഇവർ നിങ്ങൾ
ക്കു രക്ഷപ്രാപിക്കുവാനുള്ള വഴി പറഞ്ഞു
തരുന്നു" എന്നിങ്ങനെ വിളിച്ചു പറയുകയും
ചെയ്തുകൊണ്ടിരുന്നു. 18അവൾ ഏറെനാൾ
ഇതു തുടർന്നു. ഒടുവിൽ, ശല്യം സഹിക്കവയ്യാ
തെ പൗലൊസ് അവളുടെ നേർക്കു തിരിഞ്ഞ്
ആ ആത്മാവിനോട്: "ഇവളിൽനിന്നു പുറത്തു
പോകുവാൻ യേശുക്രിസ്തുവിൻെറ നാമത്തിൽ
ഞാൻ നിന്നോടു കല്പിക്കുന്നു" എന്നു
പറഞ്ഞു. അത് ആ നിമിഷത്തിൽ തന്നേ അവളെ
വിട്ടുപോയി. 19തങ്ങളുടെ ധനാഗമനമാർഗ്ഗം
നഷ്ടമായി എന്നു മനസ്സിലാക്കിയ ആ അടിമ
പ്പെൺകുട്ടിയുടെ യജമാനന്മാർ പൗലൊസി
നെയും ശീലാസിനെയും പിടികൂടി; അധികാരി
കളുടെ മുമ്പിൽ നിറുത്തേണ്ടതിനു ചന്തസ്ഥല
ത്തേക്കു വലിച്ചിഴച്ചുകൊണ്ടുപോയി. 20അവ
രെ ന്യായാധിപന്മാരുടെ മുമ്പിൽ കൊണ്ടുവന്ന്:
"ഈ മനുഷ്യർ യഹൂദന്മാരാണ്, റോമാക്കാരായ
നമുക്ക് അംഗീകരിക്കാനോ ആചരിക്കാനോ
നിയമം അനുവദിക്കാത്ത സമ്പ്രദായങ്ങൾ
പ്രചരിപ്പിച്ചുകൊണ്ട് 21ഇവർ നഗരത്തിൽ
കലക്കമുണ്ടാക്കുന്നു" എന്നു പറഞ്ഞു. 22പൗ
ലൊസിനും ശീലാസിനും നേരെയുണ്ടായ
ആക്രമണത്തിൽ പുരുഷാരവും കൂട്ടുചേർന്നു.
അവരുടെ വസ്ത്രം ഉരിഞ്ഞ് അവരെ അടിക്കാൻ
ന്യായാധിപന്മാർ കല്പന നല്കി. 23അങ്ങനെ
അവരെ ചാട്ടവാറുകൊണ്ടു നിഷ്ഠൂരമായി അടി
പ്പിച്ചശേഷം കാരാഗൃഹത്തിലടയ്ക്കുകയും
കാരഗൃഹപ്രമാണിയോട് അവരെ ഭദ്രമായി
സൂക്ഷിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.
24ഉത്തരവിൻപ്രകാരം, അയാൾ അവരെ കാരാ
ഗൃഹത്തിൻെറ ഉള്ളറയിലാക്കി അവരുടെ കാൽ
ആമത്തിലിട്ടു ബന്ധിച്ചു. 25അർദ്ധരാത്രിയോടെ
പൗലൊസും ശീലാസും പ്രാർത്ഥിക്കുകയും
ദൈവത്തിനു സ്തുതിഗീതങ്ങൾ പാടുകയും
ചെയ്തുകൊണ്ടിരുന്നു. 26പെട്ടെന്ന്, ശക്തമാ
യൊരു ഭൂകമ്പം ഉണ്ടായി. കാരാഗൃഹത്തിൻെറ
അടിസ്ഥാനങ്ങൾ കുലുങ്ങി. ഉടൻതന്നേ, കാ
രാഗൃഹവാതിലുകൾ മലർക്കെ തുറന്നു. എല്ലാ
വരുടെയും ചങ്ങലകൾ അഴിഞ്ഞു. 27കാരാഗൃ
ഹപ്രമാണി ഉണർന്നു; വാതിലുകൾ തുറന്നുകി
ടക്കുന്നതു കണ്ടിട്ട്, തടവുകാർ രക്ഷപ്പെട്ടു
പോയി എന്നു വിചാരിച്ച് വാളൂരി തന്നെത്താൻ
കൊല്ലുവാൻ ഭാവിച്ചു. 28അപ്പോൾ പൗലൊസ്:
"താങ്കൾക്ക് ഒരു ദോഷവും ചെയ്യരുത്, ഞങ്ങ
ളെല്ലാവരും ഇവിടെയുണ്ട്" എന്നു വിളിച്ചു
പറഞ്ഞു. 29അയാൾ, വിളക്കു കൊണ്ടുവരുവാൻ
ആവശ്യപ്പെട്ടു; അകത്തേക്ക് ഓടിച്ചെന്ന് വിറച്ചു
കൊണ്ടു പൗലൊസിൻെറയും ശീലാസിൻെറ
യും മുമ്പാകെ വീണു. 30അനന്തരം അവരെ
പുറത്തു കൊണ്ടു വന്നിട്ട്: "യജമാനന്മാരേ, രക്ഷ
പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?" എന്ന്

[a] 14 *തുയത്തൈരാ പട്ടണത്തിൽനിന്നുള്ള പട്ടുവസ്ത്രങ്ങൾ വില്ക്കുന്നവളും എന്നുമാകാം*

അവരോടു ചോദിച്ചു. 31അതിന് അവർ:
"കർത്താവായ യേശുവിൽ വിശ്വസിക്കുക,
എന്നാൽ നീ രക്ഷ പ്രാപിക്കും; നീയും നിൻെറ
കുടുംബവും തന്നേ" എന്ന് ഉത്തരം പറഞ്ഞു.
32പിന്നീട് അവർ അയാളോടും അയാളുടെ കു
ടുംബത്തിലുള്ള എല്ലാവരോടും കർത്താവി
ൻെറ വചനം പ്രസംഗിച്ചു. 33രാത്രിയുടെ ആ
സമയത്തുതന്നേ അയാൾ അവരെ കൂട്ടി
ക്കൊണ്ടുപോയി അവരുടെ മുറിവുകൾ കഴുകി.
എത്രയുംവേഗം അയാളും കുടുംബത്തിലുള്ള
എല്ലാവരും സ്നാനമേറ്റു. 34കാരാഗൃഹപ്രമാണി
അവരെ തൻെറ വീട്ടിൽ കൊണ്ടുചെന്ന് അവർ
ക്കു ഭക്ഷണം തയ്യാറാക്കിക്കൊടുത്തു.
ദൈവത്തിൽ വിശ്വസിപ്പാൻ ഇടയായതിൽ,
അയാൾ കുടുംബാംഗങ്ങളെല്ലാവരോടും
ചേർന്ന് ആനന്ദിച്ചു.
35നേരം പുലർന്നപ്പോൾ, ന്യായാധിപന്മാർ
കാരാഗൃഹപ്രമാണിയുടെ അടുത്തേക്ക്
സേവകരെ അയച്ചു: "ആ മനുഷ്യരെ വിട്ടയ
ച്ചേക്കുക" എന്നു പറഞ്ഞു. 36 അയാൾ പൗലൊ
സിനോട്: "താങ്കളെയും ശീലാസിനെയും വി
ട്ടയയ്ക്കണമെന്നു ന്യായാധിപന്മാർ കല്പിച്ചി
രിക്കുന്നു. നിങ്ങൾക്കുപോകാം, സമാധാന
ത്തോടെ പോകുവിൻ" എന്നു പറഞ്ഞു.
37എന്നാൽ പൗലൊസ് സേവകരോട്, "റോ
മപൗരന്മാരായ ഞങ്ങളെ വിചാരണകൂടാതെ
അവർ പരസ്യമായി അടിപ്പിക്കുകയും തടവി
ലാക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ, രഹ
സ്യമായി ഞങ്ങളെ പറഞ്ഞയയ്ക്കുന്നുവോ?
അങ്ങനെയല്ല; അവർ തന്നേ വന്നു ഞങ്ങളെ
പുറത്തുകൊണ്ടുപോകട്ടെ" എന്നു പറഞ്ഞു.
38സേവകർ ഇക്കാര്യം ന്യായാധിപന്മാരെ
അറിയിച്ചു; പൗലൊസും ശീലാസും
റോമപൗരന്മാരെന്നു കേട്ടിട്ട് അവർ സംഭ്രമിച്ചു.
39അവർ വന്ന് അവരെ സമാധാനിപ്പിച്ച് കാരാ
ഗൃഹത്തിനു പുറത്തേക്ക് ആനയിക്കുകയും
നഗരം വിട്ടുപോകണമെന്ന് അവരോട് അപേ
ക്ഷിക്കുകയും ചെയ്തു. 40പൗലൊസും ശീലാ
സും കാരാഗൃഹത്തിൽ നിന്നു പുറത്തുവന്ന് ലു
ദിയായുടെ വീട്ടിലേക്കു പോയി. അവിടെ അവർ
സഹോദരരെ കണ്ട് ധൈര്യപ്പെടുത്തി. പിന്നീട്
അവർ യാത്രയായി.

*തെസ്സലൊനിക്യയിൽ*

17 അവർ അംഫിപ്പൊലിസിലും അപ്പൊ
ലോന്യയിലുംകൂടി കടന്ന് തെസ്സ
ലൊനിക്യയിലെത്തി; അവിടെ യഹൂദരുടെ ഒരു
പള്ളി ഉണ്ടായിരുന്നു. 2പൗലൊസ് തൻെറ പതി
വനുസരിച്ച് അവിടെച്ചെന്നു, മൂന്നു ശബ്ബത്തു
കളിൽ തിരുവെഴുത്തുകളെ ആധാരമാക്കി
അവരുമായി സംവാദത്തിലേർപ്പെട്ടു; 3ക്രിസ്തു
കഷ്ടമനുഭവിച്ചശേഷം മരിച്ചവരിൽനിന്ന് ഉയിർ
ത്തെഴുന്നേല്ക്കേണ്ടത് ആവശ്യമായിരുന്നു
എന്നും, ഞാൻ നിങ്ങളോടു പ്രസംഗിക്കുന്ന ഈ
യേശുതന്നെയാണ് ക്രിസ്തു എന്നും അദ്ദേഹം
അവർക്കു വിശദീകരിക്കുകയും തെളിയിക്കു
കയും ചെയ്തു. 4അവരിൽ ചിലർക്കും
ദൈവഭക്തിയുള്ള അനേകം ഗ്രീക്കുകാർക്കും
മാന്യസ്ത്രീകളിൽ പലർക്കും ഇതു
ബോധ്യമായി. അവർ പൗലൊസിനോടും ശീ
ലാസിനോടും ചേർന്നു.
5എന്നാൽ യഹൂദർ അസൂയാലുക്കളാ
യിത്തീർന്നു; അവർ മിനക്കെട്ടുനടക്കുന്ന കുറെ
നീചന്മാരെ ഒരുമിച്ചുകൂട്ടി പട്ടണത്തിൽ ഒരു
ലഹള ആരംഭിച്ചു. പൗലൊസിനെയും ശീലാ
സിനെയും കണ്ടുപിടിച്ചു ജനമധ്യത്തിലേക്കു
കൊണ്ടുവരുന്നതിനായി അവർ യാസോൻെറ
വീടു വളഞ്ഞു. 6എന്നാൽ അവരെ കണ്ടെത്താൻ
കഴിയാതെ വന്നപ്പോൾ അവർ യാസോനെയും
മറ്റു ചില സഹോദരന്മാരെയും നഗരാധികാരി
കളുടെ മുന്നിലേയ്ക്കു വലിച്ചിഴച്ചുകൊണ്ടു
വന്നു. "ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ ഇതാ
ഇവിടെയും എത്തിയിരിക്കുന്നു. 7യാസോൻ
അവരെ സ്വീകരിച്ചുമിരിക്കുന്നു. യേശു എന്നു
പേരുള്ള മറ്റൊരു രാജാവുണ്ടെന്നു പറഞ്ഞ് ഇവ
രെല്ലാവരും കൈസരുടെ നിയമങ്ങളെ ധിക്കരി
ക്കുന്നു," എന്ന് അവർ വിളിച്ചുപറഞ്ഞു. 8ഇതു
കേട്ട് ജനക്കൂട്ടവും നഗരാധിപന്മാരും അസ്വ
സ്ഥരായി, 9യാസോനോടും മറ്റുള്ളവരോടും
ജാമ്യം വാങ്ങി അവരെ വിട്ടയച്ചു.

*ബെരോവയിൽ*

10രാത്രിയായ ഉടനെ സഹോദരർ പൗലൊ
സിനെയും ശീലാസിനെയും ബെരോവയി
ലേക്കു യാത്രയാക്കി. അവിടെ എത്തിയിട്ട് അവർ
യഹൂദരുടെ പള്ളിയിൽ ചെന്നു. 11ബെരോ
വക്കാർ തെസ്സലോനിക്കയിലുള്ളവരെക്കാൾ
മേന്മയേറിയവരായിരുന്നു; അവർ വളരെ താ
ല്പര്യത്തോടെ വചനം കൈക്കൊള്ളുകയും
പൗലൊസ് പ്രസ്താവിച്ചതു ശരിയോ എന്നറി
യുവാൻ ദിനംപ്രതി തിരുവെഴുത്തുകൾ പരിശോ
ധിക്കുകയും ചെയ്തുപോന്നു. 12യഹൂദരിൽ അ
നേകരും അതുപോലെതന്നേ ഗ്രീക്കുകാരിൽ
പ്രമുഖരായ അനേകം സ്ത്രീകളും പുരുഷന്മാ
രും വിശ്വസിച്ചു. 13പൗലൊസ് ബെരോവയിൽ
ദൈവവചനം പ്രസംഗിക്കുന്നുവെന്നു കേട്ട
പ്പോൾ തെസ്സലോനിക്യയിലെ യഹൂദർ അവി
ടെയും ചെന്നു ജനക്കൂട്ടത്തെ ഇളക്കി പ്രക്ഷോ
ഭണമുണ്ടാക്കി. 14സഹോദരർ ഉടനെതന്നെ
പൗലൊ സിനെ കടൽത്തീരത്തേക്കയച്ചു; ശീ
ലാസും തിമൊഥെയോസും ബെരോവയിൽത്ത
ന്നെ പാർത്തു. 15പൗലൊസിനു തുണയായി

കൂടെപ്പോയവർ അദ്ദേഹത്തെ അഥേനയിൽ
എത്തിച്ചു. ശീലാസും തിമൊഥെയോസും കഴി
യുന്നത്ര വേഗത്തിൽ തൻെറയടുക്കൽ വന്നു
ചേരണമെന്ന പൗലൊസിൻെറ നിർദ്ദേശവും വാ
ങ്ങി അവർ മടങ്ങിപ്പോയി.

*അഥേനയിൽ*

16പൗലൊസ് അവരെ പ്രതീക്ഷിച്ച്
അഥേനയിൽ കഴിയുമ്പോൾ, നഗരം വിഗ്ര
ഹങ്ങളാൽ നിറഞ്ഞിരിക്കുന്നതു കണ്ട് വളരെ
അസ്വസ്ഥനായി. 17അതുകൊണ്ട് അദ്ദേഹം
പള്ളിയിൽവച്ച് യഹൂദരോടും ദൈവഭക്തരായ
ഗ്രീക്കുകാരോടും ചന്തയിൽവച്ച് അവിടെ
വരുന്നവരോടും ദിനംപ്രതി സംവാദം നടത്തി
പ്പോന്നു. 18എപ്പിക്കൂര്യരും സ്തോയിക്കരുമായ
ഒരുകൂട്ടം തത്വചിന്തകന്മാർ അദ്ദേഹത്തോടു
തർക്കിച്ചു. "ഈ വിടുവായൻ എന്താണു പറയു
വാനുദ്ദേശിക്കുന്നത്?" എന്നു ചിലർ ചോദിച്ചു.
"ഇയാൾ അന്യദൈവങ്ങളെ പ്രചരിപ്പിക്കു
ന്നവൻ ആണെന്നു തോന്നുന്നു" എന്നു മറ്റു
ചിലർ അഭിപ്രായപ്പെട്ടു. അദ്ദേഹം
യേശുക്രിസ്തുവിനെയും പുനരുത്ഥാന
ത്തെയും പറ്റിയുള്ള സുവിശേഷം പ്രസംഗി
ച്ചതുകൊണ്ടാണ് അവർ ഇതെല്ലാം പറഞ്ഞത്.
19പിന്നീട് അവർ അദ്ദേഹത്തെ അരയോ
പഗസ്ഥാനത്തേക്കു കൂട്ടിക്കൊണ്ടുപോയി.
അവിടെവച്ച് അവർ: "താങ്കൾ അവതരിപ്പിക്കുന്ന
ഈ പുതിയ ഉപദേശം എന്താണ്? 20താങ്കൾ
ചില വിചിത്ര ആശയങ്ങൾ ഞങ്ങളുടെ
ചെവിയിലേയ്ക്കു കടത്തിവിടുന്നു. അവയുടെ
അർത്ഥം എന്താണെന്ന് അറിയാൻ ഞങ്ങൾക്കാ
ഗ്രഹമുണ്ട്" എന്ന് അദ്ദേഹത്തോടു പറഞ്ഞു.
21അഥേനർക്കും, അവിടെ പാർത്തിരുന്ന പര
ദേശികളായ മറ്റുള്ളവർക്കും, ഏറ്റവും പുതു
മയുള്ള കാര്യങ്ങൾ കേൾക്കുന്നതിനും ചർച്ച
ചെയ്യുന്നതിനും അല്ലാതെ മറ്റൊന്നിനും
സമയമുണ്ടായിരുന്നില്ല.

22അരയോപഗസ്ഥാനത്ത് എഴുന്നേറ്റുനിന്നു
കൊണ്ട് പൗലോസ് ഇങ്ങനെ പ്രസംഗിച്ചു: "അ
ഥേനയിലെ ജനങ്ങളേ, നിങ്ങൾ എല്ലാ വിധത്തി
ലും വളരെ മതനിഷ്ഠയുള്ളവർ എന്നു ഞാൻ
കാണുന്നു. 23ഞാൻ ചുറ്റിനടന്ന് നിങ്ങളുടെ
ആരാധ്യവസ്തുക്കൾ നിരീക്ഷിച്ചുവരുമ്പോൾ,
'അജ്ഞാതദേവന്' എന്നെഴുതിയിരിക്കുന്ന ഒരു
ബലിവേദി കാണാനിടയായി. നിങ്ങൾ അറിവി
ല്ലാതെ ആരാധിക്കുന്നതിനെക്കുറിച്ചാണ് ഞാൻ
ഇപ്പോൾ നിങ്ങളെ അറിയിക്കുന്നത്.

24"പ്രപഞ്ചവും അതിലുള്ള സകലവും
സൃഷ്ടിച്ച ദൈവം ആകാശത്തിൻെറയും ഭൂമി
യുടെയും കർത്താവാകുന്നു; ദൈവം
കൈപ്പണിയായ ആലയങ്ങളിൽ വസിക്കുന്നില്ല.
25അവിടുന്ന് എല്ലാവർക്കും ജീവനും ശ്വാസവും
മറ്റുള്ള സകലവും നല്കുന്നവനാകയാൽ, എ
ന്തെങ്കിലും ആവശ്യമുള്ളവൻ എന്നപോലെ മനു
ഷ്യകരങ്ങളാൽ ശുശ്രൂഷിക്കപ്പെടുന്നവനുമല്ല.
26ഭൂമിയിൽ എല്ലായിടത്തും അധിവസിക്കുവാൻ
അവിടുന്ന് ഒരു മനുഷ്യനിൽനിന്നു
സകലജനതകളെയും ഉളവാക്കി; അവർക്കു ജീ
വിക്കുവാനുള്ള കൃത്യമായ സ്ഥലങ്ങളും കാ
ലാവധികളും നിശ്ചയിച്ചു. 27മനുഷ്യർ
ദൈവത്തെ അന്വേഷിക്കുവാനും സാധ്യ
മെങ്കിൽ തപ്പിത്തിരഞ്ഞു കണ്ടെത്തുവാനും
വേണ്ടിയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്;
എന്നാൽ അവിടുന്ന് നമ്മിൽ ആരിൽനിന്നും
അകന്നിരിക്കുന്നില്ല. 28നാം ജീവിക്കുന്നതും
ചലിക്കുന്നതും നിലനില്ക്കുന്നതും
ദൈവത്തിൽതന്നേ. നിങ്ങളുടെ കവികളിൽ
തന്നേ ചിലർ, 'നാം അവിടുത്തെ സന്താനങ്ങള
ത്രേ' എന്നു പറഞ്ഞിട്ടുണ്ടല്ലോ!

29"അങ്ങനെ നാം ദൈവത്തിൻെറ സന്താ
നങ്ങളായിരിക്കയാൽ മനുഷ്യൻ പൊന്നിലോ,
വെള്ളിയിലോ, കല്ലിലോ ശില്പചാതുരിയോടെ
രൂപകല്പനചെയ്ത ഒരു രൂപത്തോടു സദൃ
ശനാണ് ദൈവം എന്നു നാം ചിന്തിക്കരുത്.
30കഴിഞ്ഞകാലങ്ങളിൽ ദൈവം അങ്ങനെയുള്ള
അജ്ഞതയെ അവഗണിച്ചിരുന്നു; എന്നാൽ
ഇപ്പോൾ എല്ലായിടത്തുമുള്ള എല്ലാവരും മാന
സാന്തരപ്പെടണമെന്ന് അവിടുന്ന് ആജ്ഞാപി
ക്കുന്നു. 31ദൈവം, താൻ നിയോഗിച്ചിട്ടുള്ള ഒരു
മനുഷ്യൻ മുഖാന്തരം ലോകത്തെ ന്യായം വിധി
ക്കുവാൻ ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു;
അദ്ദേഹത്തെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതി
ലൂടെ, ഇതിനുള്ള തെളിവായ ഉറപ്പു നമുക്കു
നല്കിയിരിക്കുകയുമാണ്."

32മരിച്ചവരുടെ ഉയിർത്തെഴുന്നേല്പി
നെക്കുറിച്ചു കേട്ടപ്പോൾ അവരിൽ ചിലർ പരി
ഹസിച്ചു; മറ്റു ചിലരോ, "ഈ വിഷയം സംബന്ധി
ച്ച് താങ്കളുടെ വാക്കുകൾ വീണ്ടും കേൾക്കുവാൻ
ഞങ്ങളാഗ്രഹിക്കുന്നു" എന്നു പറഞ്ഞു.
33അങ്ങനെ പൗലൊസ് അവരെ വിട്ടുപോയി.
34ഏതാനും പേർ പൗലൊസിനോടു
ചേർന്നുനില്ക്കുകയും വിശ്വസിക്കുകയും
ചെയ്തു. അവരുടെ കൂട്ടത്തിൽ, അരയോ
പഗത്തിൻെറ അംഗമായിരുന്ന ദിയൊനുസ്യോ
സും ദമരിസ് എന്നുപേരുള്ള ഒരു സ്ത്രീയും
മറ്റുചിലരും ഉണ്ടായിരുന്നു.

*കൊരിന്തിൽ*

18 ഇതിനുശേഷം പൗലൊസ് അഥേന
വിട്ട് കൊരിന്തിലേക്കു പോയി. 2അവി
ടെ അദ്ദേഹം പൊന്തൊസ് സ്വദേശിയായ അക്വി
ലാസ് എന്നു പേരുള്ള ഒരു യഹൂദനെ കണ്ടു.

എല്ലാ യഹൂദരും റോം വിട്ടുപൊയ്ക്കൊള്ളണ
മെന്നു ക്ലൗദ്യൊസ് കല്പന പുറപ്പെടുവിച്ചതനു
സരിച്ച് അക്വിലാസ് തൻെറ ഭാര്യയായ
പ്രിസ്ക്കില്ലയെയുംകൂട്ടി ഇറ്റലിയിൽനിന്ന്
കൊരിന്തിൽ ആയിടയ്ക്കു വന്നതായിരുന്നു.
പൗലൊസ് അവരെ സന്ദർശിക്കാൻ ചെന്നു. 3അ
ദ്ദേഹവും അവരെപ്പോലെ ഒരു കൂടാരപ്പണിക്കാ
രനായിരുന്നതുകൊണ്ട് അവരോടുകൂടെ
പാർത്തു ജോലി ചെയ്തു. 4ശബ്ബത്തുതോറും
അദ്ദേഹം പള്ളിയിൽ ചെന്നു സംവാദിക്കുകയും
യഹൂദരെയും ഗ്രീക്കുകാരെയും സുവിശേഷം
ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.
5ശീലാസും തിമൊഥെയോസും മാസിഡോ
ണിയായിൽനിന്നു വന്നപ്പോൾ പൗലൊസ്
വചനഘോഷത്തിൽ ശുഷ്ക്കാന്തിപൂണ്ടു യേശു
തന്നേ ക്രിസ്തു എന്ന് യഹൂദരോടു സാക്ഷീ
കരിച്ചു. 6എന്നാൽ യഹൂദർ അദ്ദേഹത്തെ
എതിർക്കുകയും ദുഷിക്കുകയും ചെയ്തപ്പോൾ
അദ്ദേഹം പ്രതിഷേധിച്ചു വസ്ത്രം കുടഞ്ഞു
കൊണ്ട് അവരോട് പറഞ്ഞു: "നിങ്ങളുടെ രക്തം
നിങ്ങളുടെ തലമേൽതന്നെ ഇരിക്കട്ടെ. എൻെറ
ഉത്തരവാദിത്വം സംബന്ധിച്ച് ഞാൻ നിർമ്മലൻ,
ഇനിമേൽ ഞാൻ വിജാതീയരുടെ അടുക്ക
ലേക്കു പോകും."
7അതിനുശേഷം പള്ളി വിട്ട് അദ്ദേഹം
ദൈവാരാധകനായ തീത്തൊസ് യുസ്തൊസി
ൻെറ ഭവനത്തിൽ ചെന്നു. അതു പള്ളിയുടെ
തൊട്ടടുത്തായിരുന്നു. 8പള്ളിയുടെ അധികാരി
യായ ക്രിസ്പൊസും അയാളുടെ കുടുംബത്തി
ലുള്ള എല്ലാവരും കർത്താവിൽ വിശ്വസിച്ചു;
കൊരിന്ത്യരിൽ ഒട്ടധികം പേർ വിശ്വസിച്ചു
സ്നാനം ഏറ്റു.
9രാത്രിയിൽ കർത്താവ് പൗലൊസിനോടു ദർ
ശനത്തിൽ, "നീ ഭയപ്പെടരുത്; തുടർന്നും
പ്രസംഗിച്ചു കൊള്ളുക, മിണ്ടാതിരിക്കരുത്.
10ഞാൻ നിന്നോടുകൂടെയുണ്ട്, ആരും നിന്നെ
ആക്രമിക്കുകയോ ഹാനി വരുത്തുകയോ ഇല്ല,
എനിക്ക് ഈ പട്ടണത്തിൽ അനേകരുണ്ട്"
എന്ന് അരുളിച്ചെയ്തു. 11അങ്ങനെ പൗലൊസ്
അവരെ ദൈവവചനം പഠിപ്പിച്ചുകൊണ്ട്
ഒന്നരവർഷം അവിടെ പാർത്തു.
12ഗല്ലിയോൻ അഖായയിലെ ദേശാധിപതി
യായിരിക്കുമ്പോൾ യഹൂദന്മാർ സംഘടിതമാ
യി പൗലൊസിനെതിരെ തിരിഞ്ഞ് അദ്ദേഹ
ത്തെ ന്യായാസനത്തിൻെറ മുമ്പിൽ കൊണ്ടു
ചെന്നു: 13"ഈ മനുഷ്യൻ യഹൂദനിയമത്തിനു
വിപരീതമായ രീതിയിൽ ദൈവത്തെ ആരാധി
പ്പാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു" എന്ന് അവർ
ആരോപണം ഉന്നയിച്ചു. 14പൗലൊസ് സംസാ
രിക്കാൻ ഒരുങ്ങുമ്പോൾ ഗല്ലിയോൻ യഹൂദരോ
ട്: "എന്തെങ്കിലും അന്യായമോ ഗൗരവതരമാ
യ കുറ്റമോ സംബന്ധിച്ചാണു യഹൂദരായ നി
ങ്ങൾക്കു പരാതിയുള്ളതെങ്കിൽ ഞാൻ ക്ഷമ
യോടെ നിങ്ങളുടെ സങ്കടം കേൾക്കുമായിരുന്നു.
15എന്നാൽ ഇതു വാക്കുകളും നാമങ്ങളും നി
ങ്ങളുടെ സ്വന്തം ന്യായപ്രമാണവും സംബന്ധി
ച്ചുള്ള പ്രശ്നങ്ങളാണ് - ഇതു നിങ്ങൾതന്നേ
പരിഹരിക്കുക. ഇങ്ങനെയുള്ള കാര്യങ്ങൾക്കു
ഞാൻ ന്യായാധിപതിയായിരിക്കുകയില്ല"
എന്നു പറഞ്ഞു. 16അങ്ങനെ അദ്ദേഹം അവരെ
ന്യായാസനത്തിൽനിന്നു പുറത്താക്കി.
17അപ്പോൾ അവർ പള്ളി അധികാരിയായ സോ
സ്ഥനേസിൻെറ നേരേ തിരിഞ്ഞ് അയാളെ പി
ടിച്ചു കോടതിയുടെ മുമ്പിൽവച്ച് അടിച്ചു.
എന്നാൽ ഗല്ലിയോൻ ഇതൊന്നും ഗൗനിച്ചില്ല.

*പ്രിസ്ക്കില്ല, അക്വിലാസ്, അപ്പൊല്ലോസ്*

18പൗലൊസ് കുറെക്കാലം കൂടി കൊരിന്തിൽ
പാർത്തു. പിന്നീട് സഹോദരരെ വിട്ടു കപ്പൽ
കയറി സിറിയയിലേക്കു യാത്രയായി;
പ്രിസ്ക്കില്ലയും അക്വിലാസും അദ്ദേഹത്തോടു
കൂടെ ഉണ്ടായിരുന്നു. ഒരു നേർച്ച ഉണ്ടായിരുന്നു
തുകൊണ്ട്, യാത്രയ്ക്കുമുമ്പ് കെംക്രയയിൽ
വച്ച് അദ്ദേഹം തല ക്ഷൗരം ചെയ്യിച്ചു. 19അവർ
എഫെസോസിൽ എത്തി. പൗലോസ്
പ്രിസ്ക്കില്ലയെയും അക്വിലാസിനെയും അവി
ടെ വിട്ടു. അദ്ദേഹം തനിയേ പള്ളിയിൽ ചെന്ന്
യഹൂദരോടു സംവാദം നടത്തി. 20തങ്ങളോടു
കൂടെ കൂടുതൽ സമയം ചെലവഴിക്കണമെന്ന്
അവർ അപേക്ഷിച്ചുവെങ്കിലും അദ്ദേഹമതു നി
രസിച്ചു. 21"ദൈവഹിതമെങ്കിൽ ഞാൻ മടങ്ങി
വരും" എന്നു വിടവാങ്ങുമ്പോൾ അവർക്കു വാ
ക്കുകൊടുത്തു. അനന്തരം എഫെസോസിൽ
നിന്ന് അദ്ദേഹം കപ്പൽകയറി. 22കൈസര്യയിൽ
കരയ്ക്കിറങ്ങി സഭയെ അഭിവാദനം
ചെയ്തശേഷം അദ്ദേഹം അന്ത്യോക്യയി
ലേയ്ക്കു പോയി. 23അന്ത്യോക്യയിൽ കുറെക്കാ
ലം ചെലവഴിച്ചശേഷം പൗലൊസ് അവി
ടെനിന്നു യാത്രതിരിച്ചു. ഗലാത്യ, ഫ്രുഗ്യ
പ്രദേശങ്ങളിൽ എല്ലാം സഞ്ചരിച്ച് അവിടെയു
ള്ള ശിഷ്യരെ ശക്തിപ്പെടുത്തി.
24ആയിടയ്ക്ക് അലക്സാന്ത്രിയ സ്വദേ
ശിയും അപ്പൊല്ലോസ് എന്നുപേരുള്ളവനുമായ
ഒരു യഹൂദൻ എഫെസോസിലെത്തി. അദ്ദേഹം
വാഗ്മിയും തിരുവെഴുത്തുകളെ സംബന്ധിച്ചു
സമഗ്രമായ അറിവുള്ളവനുമായിരുന്നു. 25അ
ദ്ദേഹത്തിന് കർത്താവിൻെറ മാർഗ്ഗത്തെപ്പറ്റി
പ്രബോധനം ലഭിച്ചിരുന്നു. യോഹന്നാൻെറ
സ്നാനത്തെപ്പറ്റി മാത്രമേ അപ്പൊല്ലോസിന്
അറിവുണ്ടായിരുന്നുള്ളുവെങ്കിലും ആത്മാവിൽ
തീക്ഷ്ണതയോടെ പ്രസംഗിക്കുകയും
യേശുവിനെക്കുറിച്ചു സൂക്ഷ്മമായി പഠിപ്പിക്കു

കയും ചെയ്തു. 26അദ്ദേഹം പള്ളികളിൽ
ധൈര്യത്തോടെ പ്രസംഗിച്ചുതുടങ്ങി.
പ്രിസ്ക്കില്ലയും അക്വിലാവും അദ്ദേഹത്തിൻെറ
പ്രഭാഷണം കേട്ടപ്പോൾ അദ്ദേഹത്തെ വീട്ടി
ലേക്കു ക്ഷണിച്ചു. അവർ ദൈവത്തിൻെറ മാർ
ഗ്ഗം കൂടുതൽ വ്യക്തമായി അദ്ദേഹത്തിനു വി
ശദീകരിച്ചുകൊടുത്തു. 27അപ്പൊല്ലോസ് അഖാ
യയിലേയ്ക്കു പോകുവാൻ ആഗ്രഹിച്ചപ്പോൾ
സഹോദരന്മാർ അദ്ദേഹത്തെ പ്രോത്സാഹിപ്പി
ക്കുകയും അദ്ദേഹത്തെ സ്വാഗതം ചെയ്യണ
മെന്ന് അവിടെയുള്ള ശിഷ്യന്മാർക്ക് എഴുതു
കയും ചെയ്തു. അവിടെ എത്തിയപ്പോൾ, ദൈവ
കൃപയാൽ വിശ്വാസത്തിലേയ്ക്കു വന്നവർക്കു
അദ്ദേഹം വലിയ സഹായമായിത്തീർന്നു.
28അദ്ദേഹം പരസ്യമായി യഹൂദന്മാരുടെ വാദ
ഗതികളെ ശക്തിയായി ഖണ്ഡിക്കുകയും യേശു
തന്നേ ക്രിസ്തുവെന്നു തിരുവെഴുത്തുകളിലൂ
ടെ തെളിയിക്കുകയും ചെയ്തു.

*പൗലൊസ് എഫെസോസിൽ*

19 അപ്പൊല്ലോസ് കൊരിന്തിൽ ആയി
രുന്നപ്പോൾ, പൗലൊസ് ഉൾപ്രദേശ
ങ്ങളിലൂടെ യാത്രചെയ്ത് എഫെസോസിൽ
എത്തിച്ചേർന്നു. അവിടെ ചില ശിഷ്യന്മാരെ
കണ്ടുമുട്ടി. അദ്ദേഹം അവരോടു ചോദിച്ചു: 2"നി
ങ്ങൾ വിശ്വസിച്ചപ്പോൾ[a] പരിശുദ്ധാത്മാവിനെ
പ്രാപിച്ചുവോ?" "ഇല്ല, പരിശുദ്ധാത്മാവ് ഉണ്ടെ
ന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല" അവർ ഉത്തരം
പറഞ്ഞു. 3"എങ്കിൽ,നിങ്ങൾ സ്വീകരിച്ച സ്നാ
നം ഏതായിരുന്നു?" അദ്ദേഹം ചോദിച്ചു. "യോ
ഹന്നാൻെറ സ്നാനം" അവർ ഉത്തരം പറഞ്ഞു.
4അതിനു പൗലൊസ്, "യോഹന്നാൻെറ സ്നാ
നം മാനസാന്തരസ്നാനമായിരുന്നു. തൻെറ
പിന്നാലെ വരുന്നവനിൽ, അതായത്,
യേശുവിൽ വിശ്വസിക്കുവാൻ യോഹന്നാൻ
ജനങ്ങളെ ഉപദേശിച്ചു"എന്നു പറഞ്ഞു. 5അവർ
കർത്താവായ യേശുവിൻെറ നാമത്തിൽ സ്നാ
നമേറ്റു. 6പൗലൊസ് അവരുടെമേൽ കൈകൾ
വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ
വന്നു; അവർ അന്യഭാഷകളിൽ സംസാരിക്കു
കയും പ്രവചിക്കുകയും ചെയ്തു. 7ആ പുരുഷ
ന്മാർ ഏകദേശം പന്ത്രണ്ടുപേരായിരുന്നു.

8പൗലൊസ് സുനഗോഗിൽച്ചെന്ന് മൂന്നുമാ
സത്തോളം സധൈര്യം പ്രസംഗിക്കുകയും
ജനങ്ങൾക്ക് ബോധ്യമാകത്തക്കവണ്ണം ദൈവ
രാജ്യത്തെക്കുറിച്ച് സംവാദിക്കുകയും ചെയ്തു.
9എന്നാൽ ചിലർ കഠിനചിത്തരായി വിശ്വസി
ക്കാതെ ഈ മാർഗ്ഗത്തെ ദുഷിച്ചു. അതുകൊണ്ട്
പൗലൊസ് അവരെ വിട്ട് ശിഷ്യന്മാരെ കൂട്ടി
ക്കൊണ്ടു തുറന്നൊസിൻെറ പാഠശാലയിൽ ദി
നംപ്രതി ചർച്ചകൾ നടത്തിപ്പോന്നു. 10ഇതു
രണ്ടു വർഷത്തോളം തുടർന്നു. അതിൻെറ
ഫലമായി ഏഷ്യാപ്രവശ്യയിൽ പാർത്തിരുന്ന
എല്ലാ യഹൂദന്മാരും ഗ്രീക്കുകാരും കർത്താവി
ൻെറ വചനം കേൾക്കുവാനിടയായി. 11ദൈവം
പൗലൊസിലൂടെ അസാധാരണങ്ങളായ അത്ഭു
തപ്രവൃത്തികൾ ചെയ്തു. 12അദ്ദേഹത്തിൻെറ
സ്പർശനമേറ്റ തൂവാലയും മേൽവസ്ത്രവും
കൊണ്ടുവന്നു രോഗികളുടെമേൽ ഇടുമ്പോൾ
അവരുടെ രോഗങ്ങൾ സുഖപ്പെടുകയും
ദുരാത്മാക്കൾ വിട്ടുപോവുകയും ചെയ്തു.

13ദുഷ്ടാത്മാക്കളെ പുറത്താക്കിക്കൊണ്ട്
ചുറ്റി സഞ്ചരിച്ചിരുന്ന ചില യഹൂദർ ഭൂതബാധി
തരായ ചിലരെ യേശുവിൻെറ നാമം ഉപയോഗി
ച്ചു സൗഖ്യമാക്കുവാൻ ശ്രമിച്ചു. "പൗലൊസ്
പ്രസംഗിക്കുന്ന യേശുവിൻെറ നാമത്തിൽ ഞാൻ
നിന്നോടു പുറത്തുപോകുവാൻ കല്പിക്കുന്നു"
എന്നാണവർ പറഞ്ഞുവന്നത്. 14ഒരു മുഖ്യപു
രോഹിതനായ സ്കേവാ എന്ന യഹൂദൻെറ
ഏഴുപുത്രന്മാരായിരുന്നു ഇങ്ങനെ ചെയ്തത്.
15ദുഷ്ടാത്മാവ് അവരോട്, "യേശുവിനെ എനി
ക്കറിയാം, പൗലൊസിനെയും എനിക്കറിയാം,
എന്നാൽ നിങ്ങളാര്?" എന്നു ചോദിച്ചു.
16അനന്തരം, ദുരാത്മാവുണ്ടായിരുന്ന മനുഷ്യൻ
അവരുടെമേൽ ചാടിവീണ് അവരെ കീഴടക്കി.
അവർ നഗ്നരും മുറിവേറ്റവരുമായി ഓടിപ്പോ
കേണ്ടിവന്നു. 17എഫെസോസിൽ പാർത്തി
രുന്ന യഹൂദരും ഗ്രീക്കുകാരും ഇത് അറിഞ്ഞു.
അവർക്കെല്ലാവർക്കും ഭയം ഉണ്ടായി. കർത്താ
വായ യേശുവിൻെറ നാമം അത്യന്തം മഹി
മപ്പെട്ടു. 18വിശ്വസിച്ചവരിൽ പലരുംവന്ന് തങ്ങളു
ടെ ദുഷ്പ്രവൃത്തികൾ പരസ്യമായി ഏറ്റു
പറഞ്ഞു. 19ക്ഷുദ്രപ്രയോഗം നടത്തിവന്നവർ
തങ്ങളുടെ പുസ്തകച്ചുരുളുകൾ കൊണ്ടുവന്ന്
എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. ആ ചുരു
ളുകളുടെ വില കണക്കാക്കിയപ്പോൾ അതിൻെറ
ആകെ തുക അമ്പതിനായിരം ദ്രഹ്മയായി
രുന്നു.[b] 20ഇങ്ങനെ കർത്താവിൻെറ വചനം
എല്ലായിടത്തും പ്രചരിക്കുകയും പ്രബലപ്പെടു
കയും ചെയ്തു. 21ഇവയെല്ലാം സംഭവിച്ചതിനു
ശേഷം പൗലൊസ് യെരൂശലേമിലേയ്ക്കു
പോകുവാൻ നിശ്ചയിച്ചു. "അവിടെച്ചെന്നതി
നുശേഷം എനിക്കു റോമിലും പോകണം" എന്ന്
അദ്ദേഹം പറഞ്ഞു. 22തൻെറ സഹായികളിൽ
തിമൊഥെയോസ്, എരസ്തൊസ് എന്ന രണ്ടു
പേരെ മാസിഡോണിയായിലേക്ക് അയച്ചിട്ട് അ
ദ്ദേഹം കുറെക്കാലംകൂടി ഏഷ്യയിൽ പാർത്തു.

*എഫെസോസിലെ ലഹള*

23ആ കാലത്ത് ഈ മാർഗ്ഗത്തിൻെറ പേരിൽ

[a] 2 അഥവാ, *വിശ്വസിച്ചശേഷം* [b] 19 *ദ്രഹ്മ*, ഒരു ദിവസത്തെ കൂലിക്കു തുല്യമായ വെള്ളി നാണയമാണ്

വലിയ കലഹമുണ്ടായി. 24വെള്ളികൊണ്ട് അർ
ത്തെമിസ്ദേവിയുടെ ക്ഷേത്രരൂപങ്ങൾ ഉണ്ടാ
ക്കിയിരുന്ന ദെമെത്രിയൊസ് എന്ന
വെള്ളിപ്പണിക്കാരൻ ശില്പികൾക്കു ധാരാളം
തൊഴിൽ ഉണ്ടാക്കിക്കൊടുത്തിരുന്നു.
25അയാൾ അവരെയും അതേ തൊഴിൽ
ചെയ്തിരുന്ന മറ്റുപണിക്കാരെയും കൂട്ടിവരുത്തി
യിട്ട് അവരോടിങ്ങനെ പറഞ്ഞു: "സുഹൃത്തു
ക്കളേ, ഈ തൊഴിലിൽനിന്നു നമുക്കു നല്ല ആദാ
യം ലഭിക്കുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ!
26എന്നാൽ ഈ പൗലൊസ് ഇവിടെ എഫെ
സോസിലും ഏഷ്യാപ്രദേശത്തെല്ലായിടത്തുമു
ള്ള ഒട്ടധികം ആളുകളോട്, "മനുഷ്യൻ ഉണ്ടാ
ക്കിയ ദൈവങ്ങൾ ദൈവങ്ങളേ അല്ല" എന്നു
പറഞ്ഞ് അവർക്കു ബോധ്യം വരുത്തി. അവരെ
വഴി തെറ്റിച്ചിരിക്കുന്നത് നിങ്ങൾ കാണുകയും
കേൾക്കുകയും ചെയ്തിരിക്കുന്നുവല്ലോ.
27നമ്മുടെ തൊഴിലിനുള്ള സൽപ്പേരു നഷ്ടമാ
കും എന്നുമാത്രമല്ല മഹാദേവിയായ അർത്തെമി
സിൻെറ ക്ഷേത്രം അപമാനിതമായിത്തീരും
എന്ന അപകടംകൂടി ഇതിലുണ്ട്; ഏഷ്യാപ്രവശ്യ
യിലെല്ലായിടത്തും ലോകത്തിലും ആരാധിക്ക
പ്പെടുന്ന ഈ ദേവിയുടെ പ്രതാപം നഷ്ടപ്പെടു
വാനും ഇതുമൂലം ഇടയാകും."
28ഇതു കേട്ടപ്പോൾ അവർ ക്രോധം
നിറഞ്ഞവരായി, "എഫെസ്യരുടെ അർത്തെമി
സ് ദേവി, മഹതിയാം ദേവി!" എന്നു ഉച്ചത്തിൽ
ആർത്തുവിളിച്ചു. 29പെട്ടെന്ന് പട്ടണം മുഴുവൻ
ബഹളമായി. മാസിഡോണിയായിൽനിന്നു പൗ
ലൊസിൻെറ സഹയാത്രികരായി വന്നിരുന്ന ഗാ
യൊസിനെയും അരിസ്തർഹോസിനെയും പി
ടിച്ചുകൊണ്ട് ജനങ്ങൾ പ്രദർശനശാ
ലയിലേയ്ക്ക് ഒന്നിച്ചു പാഞ്ഞുചെന്നു. 30പൗ
ലൊസ് ജനക്കൂട്ടത്തിലേക്കു ചെല്ലുവാൻ ആ
ഗ്രഹിച്ചു. എന്നാൽ ശിഷ്യന്മാർ അത് അനുവദി
ച്ചില്ല. 31പൗലൊസിൻെറ സ്നേഹിതരായ
ഏഷ്യാപ്രവിശ്യയിലെ ചില അധികാരികൾപോ
ലും അദ്ദേഹം പ്രദർശനശാലയിലേയ്ക്കു കടന്നു
ചെല്ലുവാൻ തുനിയരുതെന്ന് അപേക്ഷിച്ചു
കൊണ്ട് സന്ദേശം കൊടുത്തയച്ചു.
32 ജനക്കൂട്ടം ആകെ കലക്കത്തിലായി. ഒരു
കൂട്ടർ ഒരുവിധത്തിലും മറ്റുചിലർ മറ്റുവിധത്തി
ലും ആർത്തുവിളിച്ചു. അവരിൽ മിക്കവർക്കും
തങ്ങൾ വന്നുകൂടിയതെന്തിനെന്നുപോലും
അറിഞ്ഞുകൂടായിരുന്നു. 33യഹൂദർ അലക്സാ
ണ്ടറെ മുന്നിലേയ്ക്കു തള്ളിക്കൊണ്ടുവന്നു.
ജനക്കൂട്ടത്തിൽ ചിലർ ഉച്ചത്തിൽ അയാളോട്
എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു.
ജനത്തിനുമുമ്പിൽ ന്യായവാദം നടത്താനാഗ്രാ
ഹിച്ചുകൊണ്ട് അയാൾ അവരോടു നിശ്ശബ്ദരാ
യിരിക്കാൻ ആംഗ്യം കാട്ടി. 34എന്നാൽ അയാൾ
ഒരു യഹൂദനാണെന്നറിഞ്ഞപ്പോൾ അവരെല്ലാ
വരുംകൂടിച്ചേർന്ന്, "എഫെസ്യരുടെ അർ
ത്തെമിസ് ദേവി, മഹതിയാം ദേവി!" എന്ന് രണ്ടു
മണിക്കൂറോളം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു
കൊണ്ടിരുന്നു.
35നഗരകാര്യദർശി ജനക്കൂട്ടത്തെ ശാന്തമാ
ക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "എഫെസൊ
സ് നിവാസികളേ, എഫെസൊസ് നഗരം
മഹതിയായ അർത്തെമിസ് മഹാദേവിയുടെ
ക്ഷേത്രത്തിൻെറയും സ്വർഗ്ഗത്തിൽനിന്നു
വീണ അർത്തെമിസ് പ്രതിമയുടെയും
സംരക്ഷകയാണെന്നുള്ളത് എല്ലാവർക്കും
അറിവുള്ള കാര്യമല്ലയോ? 36ഈ വസ്തു
തകൾ അനിഷേധ്യമായിരിക്കുന്ന സ്ഥിതിക്ക്,
നിങ്ങൾ ശാന്തരായിരിക്കുകയും തിടുക്കത്തിൽ
ഒന്നും ചെയ്യാതിരിക്കുകയും വേണം. 37ഈ മനു
ഷ്യരെ നിങ്ങൾ ഇവിടെ കൊണ്ടുവന്നിരി
ക്കുന്നു; എന്നാൽ ഇവരാകട്ടെ, ക്ഷേത്രങ്ങൾ
കവർച്ചചെയ്യുകയോ നമ്മുടെ ദേവിയെ ദുഷി
ക്കുകയോ ചെയ്തിട്ടില്ല. 38ദെമെത്രിയൊസി
നും സഹശില്പികൾക്കും ആരുടെയെങ്കിലും
നേർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ,
കോടതികൾ തുറന്നിട്ടുണ്ട്; അവിടെ
ദേശാധിപതികളുമുണ്ട്. അവിടെ അവർക്ക് ആ
രോപണങ്ങൾ ഉന്നയിക്കാവുന്നതാണ്. 39കൂ
ടുതലായി എന്തെങ്കിലും കാര്യം നിങ്ങൾക്കു
ള്ളപക്ഷം അതൊരു നിയമാനുസൃതസഭയിൽ
പരിഹരിക്കാവുന്നതാണ്. 40ഈ സ്ഥിതിയിൽ,
ഇന്നത്തെ സംഭവങ്ങൾനിമിത്തം നമ്മെ
പ്രക്ഷോഭകാരികൾ എന്നു കുറ്റപ്പെടുത്താനു
ള്ള അപകടസാധ്യതയുണ്ട്. അങ്ങനെ വന്നാൽ
ഈ ലഹളയ്ക്കു സമാധാനം ബോധിപ്പിക്കു
വാൻ നമുക്കു കഴിയാതെ പോകും; ലഹളയു
ണ്ടാക്കുവാൻ തക്ക കാരണമൊന്നും ഇല്ലല്ലോ."
41ഇത്രയും പറഞ്ഞതിനുശേഷം അയാൾ
സമ്മേളനം പിരിച്ചുവിട്ടു.

### *പൗലൊസ് മാസിഡോണിയായിലും ഗ്രീസിലും*

20 ലഹള അവസാനിച്ചപ്പോൾ പൗ
ലൊസ് ശിഷ്യന്മാരെ ആളയച്ചു
വരുത്തി; അവരെ ധൈര്യപ്പെടുത്തിയശേഷം
വിടവാങ്ങി മാസിഡോണിയായിലേക്കു യാ
ത്രതിരിച്ചു. 2ജനത്തെ പ്രോത്സാഹിപ്പിക്കുന്ന
വളരെ പ്രബോധനങ്ങൾ നല്കിക്കൊണ്ടു
സഞ്ചരിച്ച് അദ്ദേഹം ഒടുവിൽ ഗ്രീസിലെത്തി
ച്ചേർന്നു. 3അവിടെ മൂന്നുമാസം താമസിച്ചു.
അവിടെനിന്നു സിറിയായിലേക്കു കപ്പൽ
കയറാൻ തുടങ്ങുന്ന അവസരത്തിൽ യഹൂ
ദന്മാർ അദ്ദേഹത്തിനെതിരായി ഗൂഢാലോചന
നടത്തിയതുകൊണ്ട് മാസിഡോണിയാ

യിലേക്കു തിരികെപ്പോകുവാൻ അദ്ദേഹം തീരു
മാനിച്ചു. 4ബെരോവയിലെ പുറൊസിൻെറ
മകൻ സോപത്രൊസും തെസ്സലോനിക്യരായ
അരിസ്തർഹൊസും സെക്കുന്തോസും
ദെർബ്ബെക്കാരനായ ഗായൊസും തിമൊഥെ
യോസും ഏഷ്യാപ്രവിശ്യക്കാരായ തുഹിക്കൊ
സും ത്രൊഫിമൊസും അദ്ദേഹത്തെ അനു
ഗമിച്ചു. 5അവർ ഞങ്ങൾക്കു മുമ്പായി യാത്ര
ചെയ്തു ത്രോവാസിലെത്തി, അവിടെ ഞങ്ങൾ
ക്കായി കാത്തിരുന്നു. 6പുളിപ്പില്ലാത്ത അപ്പ
ത്തിൻെറ പെരുന്നാൾ കഴിഞ്ഞാണ് ഞങ്ങൾ
ഫിലിപ്പിയയിൽനിന്നു യാത്രതിരിച്ചത്. അഞ്ചു
ദിവസത്തിനുശേഷം ഞങ്ങൾ ത്രോവാസിൽ
അവരുടെ അടുക്കലെത്തി; ഏഴുദിവസം
അവിടെ താമസിച്ചു.

*യൂത്തിക്കൊസിനെ ഉയിർപ്പിക്കുന്നു*

7ആഴ്ചയുടെ ആദ്യദിവസം, അപ്പം മുറിക്കു
വാൻ ഞങ്ങൾ ഒന്നിച്ചുകൂടി. പൗലൊസ് ജനങ്ങ
ളോടു സംസാരിച്ചു; പിറ്റേന്ന് യാത്രയാകുവാൻ
ഉദ്ദേശിച്ചിരുന്നതുകൊണ്ട് അദ്ദേഹം അർദ്ധരാ
ത്രിവരെയും പ്രസംഗം ദീർഘിപ്പിച്ചു. 8 ഞങ്ങൾ
സമ്മേളിച്ച മാളികമുറിയിൽ ധാരാളം വിളക്കു
കൾ ഉണ്ടായിരുന്നു. 9യൂത്തിക്കൊസ് എന്നു
പേരുള്ള യുവാവ് ഒരു ജനൽപടിയിൽ ഇരിക്കു
കയായിരുന്നു. പൗലൊസ് തൻെറ പ്രസംഗം
ദീർഘിപ്പിച്ചപ്പോൾ, അയാൾ ഗാഢനിദ്രയി
ലായി, മൂന്നാംനിലയിൽനിന്നു താഴെ വീണു;
അയാളെ എടുത്തപ്പോൾ മരിച്ചിരുന്നു. 10പൗ
ലൊസ് ഇറങ്ങിച്ചെന്ന് അയാളുടെമേൽ കിടന്ന്
അയാളെ കെട്ടിപ്പിടിച്ചു. "പരിഭ്രമിക്കേണ്ടാ,
അയാൾക്കു ജീവനുണ്ട്!" എന്നു അദ്ദേഹം
പറഞ്ഞു. 11പിന്നീട്, അദ്ദേഹം വീണ്ടും മു
കൾത്തട്ടിലേക്കു പോയി, അപ്പം മുറിച്ചു ഭക്ഷി
ച്ചു. പ്രഭാതംവരെയും സംസാരിച്ചതിനുശേഷം
അദ്ദേഹം യാത്രയായി. 12ജനങ്ങൾ ആ യുവാ
വിനെ ജീവനുള്ളവനായി വീട്ടിൽ കൊണ്ടു
പോയി; അവർ അത്യന്തം ആശ്വസിച്ചു.

*എഫെസോസിലെ മൂപ്പന്മാരോടു പൗലൊസ് യാത്രപറയുന്നു*

13ഞങ്ങൾ കപ്പൽ കയറി നേരത്തെതന്നേ അ
സ്സൊസിലേക്കു പുറപ്പെട്ടു. അവിടെയെത്തു
മ്പോൾ പൗലൊസിനെ കപ്പലിൽ കയറ്റാൻ ഉ
ദ്ദേശിച്ചിരുന്നു. പൗലൊസ് അസ്സൊസിലേക്കു
കാൽനടയായി യാത്രചെയ്തിരുന്നതു
കൊണ്ടാണ് ഈ ക്രമീകരണം ചെയ്തത്.
14അങ്ങനെ അദ്ദേഹം ഞങ്ങളെ അസ്സൊസിൽ
വച്ചു കണ്ടുമുട്ടി. അപ്പോൾ അദ്ദേഹത്തെക്കൂടി
കയറ്റിക്കൊണ്ടു ഞങ്ങൾ മിതുലേനയിലേക്കു
പോയി. 15പിറ്റേന്ന് ഞങ്ങൾ അവിടെനിന്നും
കപ്പൽ നീക്കി ഖിയൊസ് ദ്വീപിൻെറ മറുവശ
ത്തെത്തി. അതിൻെറ പിറ്റേന്ന് സാമോസ് ദ്വീപി
ലും അതിനടുത്ത ദിവസം മിലേത്തോസിലും
എത്തിച്ചേർന്നു. 16സാധ്യമെങ്കിൽ പെന്തക്കൊ
സ്തു ദിവസമാകുമ്പോഴേക്കു യെരൂശലേമിൽ
എത്തുവാൻ പൗലൊസ് തിടുക്കം കാട്ടി; അതു
കൊണ്ട്, ഏഷ്യാപ്രവിശ്യയിൽ സമയം
ചെലവഴിക്കുന്നതൊഴിവാക്കാൻ അദ്ദേഹം
എഫെസോസിൽ ഇറങ്ങാതെ യാത്ര തുടരാൻ
തീരുമാനിച്ചു.

17മിലേത്തോസിൽനിന്ന് അദ്ദേഹം എഫെ
സോസിലേക്ക് ആളയച്ച് സഭയിലെ മൂപ്പന്മാരെ
വരുത്തി. 18അവർ വന്നപ്പോൾ അദ്ദേഹം അവ
രോട് ഇങ്ങനെ പറഞ്ഞു:

"ഞാൻ ഏഷ്യയിൽ വന്നദിവസം മുതൽ, നി
ങ്ങളോടുകൂടെ ആയിരുന്ന കാലംമുഴുവൻ
എങ്ങനെയാണു ജീവിച്ചതെന്നു നിങ്ങൾക്കറി
യാമല്ലോ! 19യഹൂദരുടെ ഗൂഢാലോചനകൾ
നിമിത്തം എനിക്കു തീക്ഷ്ണമായ പരിശോ
ധനകൾ ഉണ്ടായെങ്കിലും ഞാൻ വളരെ താഴ്മ
യോടും കണ്ണുനീരോടുംകൂടെ കർത്താവിനെ
സേവിച്ചു. 20 പ്രയോജനമുള്ളത് ഒന്നും മറച്ചു
വെയ്ക്കാതെ പരസ്യമായും വീടുകളിൽവച്ചും
നിങ്ങളെ അറിയിക്കുകയും പഠിപ്പിക്കുകയും
ചെയ്തുവെന്നു നിങ്ങൾക്കറിയാം. 21മാ
നസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിയ
ണമെന്നും നമ്മുടെ കർത്താവായ യേശുവിൽ
വിശ്വസിക്കണമെന്നും ഞാൻ യഹൂദരോടും
ഗ്രീക്കുകാരോടും പ്രസ്താവിച്ചിട്ടുണ്ട്.

22"ഇപ്പോൾ ഞാൻ ആത്മാവിനാൽ നിർ
ബ്ബന്ധിതനായി യെരൂശലേമിലേയ്ക്കു
പോകുന്നു. അവിടെ എനിക്ക് എന്താണു സം
ഭവിക്കുകയെന്നു ഞാൻ അറിയുന്നില്ല. 23കാരാ
ഗൃഹവും കഷ്ടപ്പാടുകളും എന്നെ കാത്തിരി
ക്കുന്നുവെന്നു പരിശുദ്ധാത്മാവ് ഓരോ
പട്ടണത്തിലും എനിക്കു മുന്നറിയിപ്പു തരുന്നു
വെന്നുമാത്രം എനിക്കറിയാം. 24എങ്കിലും ഞാൻ
എൻെറ ജീവനെ എനിക്കു വിലയേറിയതെന്നു
കരുതുന്നില്ല; എൻെറ ഓട്ടവും ദൈവകൃപ
യുടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കു
വാൻ കർത്താവായ യേശു എനിക്കു തന്ന
ശുശ്രൂഷയും തികയ്ക്കണം എന്നു മാത്രമേ
എനിക്കുള്ളൂ.

25"എന്നാൽ ദൈവരാജ്യം പ്രസംഗിച്ചു
കൊണ്ടു നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചിരുന്ന
എന്നെ നിങ്ങളിലാരും ഇനിമേൽ കാണുകയില്ല
എന്നു ഞാൻ അറിയുന്നു. 26അതുകൊണ്ട്,
ഞാൻ ഇന്നു നിങ്ങളോടു പ്രഖ്യാപിക്കുന്നു: നി
ങ്ങളിലാരുടെയും രക്തത്തിനു ഞാൻ കുറ്റക്കാ
രനല്ല. 27ദൈവത്തിൻെറ മുഴുവൻ ആലോ
ചനയും, ഒട്ടും മറച്ചുവയ്ക്കാതെ ഞാൻ നി

ങ്ങളെ അറിയിച്ചിട്ടുണ്ട്. 28നിങ്ങളെത്തന്നേയും
പരിശുദ്ധാത്മാവു നിങ്ങളുടെ മേല്നോട്ടത്തിൽ
ആക്കിവച്ചിട്ടുള്ള ആട്ടിൻകൂട്ടത്തെയും ഭദ്രമായി
സൂക്ഷിച്ചുകൊള്ളുവിൻ. സ്വന്തരക്തത്താൽ
കർത്താവ് വിലയ്ക്കു വാങ്ങിയ സഭയ്ക്ക്
ഇടയന്മാരായിരിപ്പിൻ. 29ഞാൻ പോയശേഷം
ആട്ടിൻകൂട്ടത്തെ നശിപ്പിക്കുവാൻ മടിയില്ലാത്ത
ക്രൂരരായ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ
കടന്നുകൂടുമെന്ന് എനിക്കറിയാം. 30ശിഷ്യരെ
തങ്ങളുടെ പിന്നാലെ വശീകരിച്ചുകൊണ്ടുപോ
കുവാനായി സത്യത്തെ വളച്ചു സംസാരിക്കുന്ന
ചിലർ നിങ്ങളുടെ കൂട്ടത്തിൽനിന്നുതന്നേ എഴു
ന്നേല്ക്കും. 31അതുകൊണ്ട് ജാഗ്രതയുള്ളവരാ
യിരിക്കുക. ഞാൻ മൂന്നു വർഷം, രാവും പകലും
കണ്ണുനീരോടെ നിങ്ങൾക്കു മുന്നറിയിപ്പു തന്നു
കൊണ്ടിരുന്നത് ഓർത്തുകൊൾവിൻ.
32"ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിലും,
നിങ്ങൾക്ക് അഭിവൃദ്ധി വരുത്തി, വിശുദ്ധീകരി
ക്കപ്പെട്ട എല്ലാവരോടുംകൂടെ അവകാശം നല്കു
വാൻ കഴിവുള്ള ദൈവകൃപയുടെ വചനത്തി
ലും ഭരമേല്പിക്കുന്നു. 33നിങ്ങളിലാരുടെയും
വെള്ളിയൊ പൊന്നോ വസ്ത്രമോ ഒന്നും ഞാൻ
മോഹിച്ചിട്ടില്ല. 34എന്റെ ഈ കൈകളാൽ പണി
യെടുത്ത് എന്റെയും എന്റെ കൂടെയുള്ളവരു
ടെയും ആവശ്യത്തിനുള്ള വക ഞാൻ സമ്പാദി
ച്ചുവെന്നു നിങ്ങൾക്കറിയാമല്ലോ! 35ഇങ്ങനെയു
ള്ള കഠിനാധ്വാനംകൊണ്ടു നാം ബലഹീനരെ
സഹായിക്കണമെന്നു ഞാൻ എന്റെ എല്ലാ
പ്രവൃത്തികളിലൂടെയും നിങ്ങൾക്കു മാതൃക കാ
ണിച്ചുതന്നിരിക്കുന്നു. "വാങ്ങുന്നതിനേക്കാൾ
കൊടുക്കുന്നതു ഭാഗ്യം" എന്നുള്ള കർത്താ
വായ യേശുവിന്റെ വാക്കുകൾ ഓർത്തു
കൊൾക."
36ഇതു പറഞ്ഞതിനുശേഷം അദ്ദേഹം അവ
രോടെല്ലാവരോടുംകൂടെ മുട്ടുകുത്തി പ്രാർ
ത്ഥിച്ചു. 37എല്ലാവരും വളരെ കരഞ്ഞ് അദ്ദേഹ
ത്തെ കെട്ടിപ്പിടിച്ചു ചുംബിച്ചു. 38"നിങ്ങൾ ഇനി
എന്റെ മുഖം കാണുകയില്ല" എന്ന അദ്ദേഹ
ത്തിന്റെ പ്രസ്താവനയാണ് അവർക്കേറ്റവു
മധികം സങ്കടമുണ്ടാക്കിയത്. പിന്നെ അവർ
കപ്പലിന്റെ അടുത്തുവരെ അദ്ദേഹത്തെ അനു
യാത്രചെയ്തു.

*യെരൂശലേമിലേക്ക്*

21 അങ്ങനെ അവരെ വിട്ടുപിരിഞ്ഞശേഷം
ഞങ്ങൾ കപ്പൽ കയറി കോസിലും
അടുത്ത ദിവസം രൊദോസിലും അവിടെനിന്നു
പത്തരയിലും എത്തി. 2ഫിനിഷ്യയിലേക്കു
പോകുന്ന ഒരു കപ്പൽ കണ്ടു ഞങ്ങൾ അതിൽ
കയറി യാത്ര തുടർന്നു. 3സൈപ്രസ്ദ്വീപു ദൃ
ഷ്ടിയിൽപ്പെട്ടു. അതിനുശേഷം അതിന്റെ
തെക്കു വശത്തുകൂടെ സിറിയയിലേക്കുപോയി.
സോരിൽവന്ന് ഞങ്ങൾ കരയിൽ ഇറങ്ങി; അവി
ടെ ആ കപ്പലിലെ ചരക്ക് ഇറക്കേണ്ടിയിരുന്നു.
4അവിടെ ശിഷ്യന്മാരെ കണ്ടെത്തി ഞങ്ങൾ ഏഴു
ദിവസം അവിടെ പാർത്തു. യെരൂശലേമിലേക്കു
പോകരുതെന്ന് അവർ പൗലൊസിനോട് ആത്മ
പ്രേരണയാൽ നിർബ്ബന്ധിച്ചുപറഞ്ഞു. 5എ
ന്നാൽ അവിടെയുള്ള താമസം കഴിഞ്ഞപ്പോൾ
ഞങ്ങൾ അവിടം വിട്ടു യാത്ര തുടർന്നു. സകല
ശിഷ്യന്മാരും അവരുടെ ഭാര്യമാരും കുഞ്ഞു
ങ്ങളും ഞങ്ങളോടുകൂടെ നഗരത്തിനു പുറ
ത്തേക്കുവന്നു; കടൽത്തീരത്തു ഞങ്ങൾ മുട്ടു
കുത്തി പ്രാർത്ഥിച്ചു; 6അന്യോന്യം യാത്ര
പറഞ്ഞു പിരിഞ്ഞു. ഞങ്ങൾ കപ്പൽ കയറു
കയും, അവർ വീട്ടിലേക്ക് മടങ്ങുകയും ചെയ്തു.
7സോരിൽനിന്നുള്ള കപ്പൽയാത്ര അവസാ
നിപ്പിച്ചു ഞങ്ങൾ പ്തൊലെമായിസിൽ വന്നു
കരയ്ക്കിറങ്ങി സഹോദരരെ അഭിവാദനം
ചെയ്ത് അവരോടുകൂടെ ഒരുദിവസം പാർത്തു.
8പിറ്റേദിവസം ഞങ്ങൾ അവിടംവിട്ട് കൈസര്യ
യിൽ എത്തി; അവിടെ ഞങ്ങൾ സുവിശേഷ
കനായ ഫിലിപ്പൊസിന്റെ വീട്ടിൽ പാർത്തു.
അദ്ദേഹം ഏഴുപേരിൽ ഒരുവനായിരുന്നു. 9അ
ദ്ദേഹത്തിനു പ്രവചനവരമുള്ള അവിവാഹി
തകളായ നാലു പുത്രിമാരുണ്ടായിരുന്നു.
10ഞങ്ങൾ അവിടെവന്നു ചില ദിവസങ്ങൾ
കഴിഞ്ഞപ്പോൾ യഹൂദ്യയിൽനിന്ന് അഗബൊ
സ് എന്നു പേരുള്ള ഒരു പ്രവാചകൻ അവിടെ
വന്നു. 11അദ്ദേഹം ഞങ്ങളുടെ അടുക്കൽവന്ന്,
പൗലൊസിന്റെ അരക്കച്ച എടുത്ത് സ്വന്തം
കൈകളും കാലുകളും കെട്ടിയശേഷം ഇങ്ങനെ
പറഞ്ഞു: "ഈ അരക്കച്ചയുടെ ഉടമസ്ഥനെ
യെരൂശലേമിലെ യഹൂദർ ഇതേവിധത്തിൽ
ബന്ധിക്കുകയും വിജാതീയരുടെ കയ്യിൽ
ഏല്പിച്ചുകൊടുക്കുകയും ചെയ്യുമെന്ന് പരിശു
ദ്ധാത്മാവ് അരുളിച്ചെയ്യുന്നു."
12ഇതുകേട്ടപ്പോൾ ഞങ്ങളും അവിടെയുണ്ടാ
യിരുന്ന ആളുകളും പൗലൊസിനോട് യെരൂശ
ലേമിലേക്കു പോകരുതെന്ന് അപേക്ഷിച്ചു. 13അ
പ്പോൾ പൗലൊസ്: "നിങ്ങൾ ഇങ്ങനെ കരഞ്ഞ്
എന്റെ ഹൃദയം തകർക്കുന്നതെന്ത്? ബന്ധിക്ക
പ്പെടുവാൻ മാത്രമല്ല, കർത്താവായ യേശു വി
ന്റെ നാമത്തിനുവേണ്ടി യെരൂശലേമിൽ മരി
ക്കുവാനും ഞാൻ ഒരുക്കമാണ്" എന്നു മറുപടി
പറഞ്ഞു. 14അദ്ദേഹത്തെ ഒരുവിധത്തിലും
പിന്തിരിപ്പിക്കുവാൻ സാധ്യമല്ല എന്നു കണ്ടിട്ട്,
"കർത്താവിന്റെ ഇഷ്ടം നടക്കട്ടെ" എന്നു
പറഞ്ഞുകൊണ്ട് ഞങ്ങൾ പിന്മാറി.
15ഇതിനുശേഷം ഞങ്ങൾ യാത്രയ്ക്കു
തയ്യാറാകുകയും യെരൂശലേമിലേക്കു പോവു
കയും ചെയ്തു. 16കൈസര്യയിൽനിന്നുള്ള

ഏതാനും ശിഷ്യന്മാർ ഞങ്ങളുടെകൂടെ വരു
കയും മ്നാസോൻെറ ഭവനത്തിൽ ഞങ്ങളെ
എത്തിക്കുകയും ചെയ്തു; അവിടെയായിരുന്നു
ഞങ്ങൾ താമസിക്കേണ്ടിയിരുന്നത്. മ്നാസോൻ
സൈപ്രസുകാരനും പഴയശിഷ്യന്മാരിൽ ഒരു
വനുമായിരുന്നു.

*പൗലൊസ് യെരൂശലേമിൽ എത്തുന്നു*

17യെരൂശലേമിൽ എത്തിയപ്പോൾ സഹോ
ദരന്മാർ ഞങ്ങളെ സന്തോഷത്തോടെ സ്വീകരി
ച്ചു. 18അടുത്തദിവസം പൗലൊസും ഞങ്ങ
ളെല്ലാവരുംകൂടി യാക്കോബിനെ കാണുവാൻ
പോയി. മൂപ്പന്മാർ എല്ലാവരും അവിടെ ഉണ്ടായി
രുന്നു. 19പൗലൊസ് അവരെ അഭിവാദനം
ചെയ്തിട്ട്, തൻെറ ശുശ്രൂഷയിലൂടെ ദൈവം വി
ജാതീയരുടെ ഇടയിൽ ചെയ്ത കാര്യങ്ങൾ വി
ശദീകരിച്ചു പറഞ്ഞു.

20അവർ ഇതു കേട്ടു ദൈവത്തെ സ്തുതിച്ചു;
പിന്നീട് പൗലൊസിനോട് ഇങ്ങനെ പറഞ്ഞു:
"സഹോദരാ, വിശ്വസിച്ചവരായ അനേകായിരം
യഹൂദർ ഉണ്ടെന്നു താങ്കൾക്ക് അറിയാമല്ലോ.
അവരെല്ലാവരും ന്യായപ്രമാണത്തിൽ തീ
ക്ഷ്ണതയുള്ളവരാണ്. 21എന്നാൽ മോശെയു
ടെ ന്യായപ്രമാണം ഉപേക്ഷിക്കുവാനും
തങ്ങളുടെ മക്കളെ പരിച്ഛേദനം നടത്തുന്നതും
നമ്മുടെ ആചാരങ്ങളനുഷ്ഠിച്ചു ജീവിക്കുന്നതു
വിട്ടുകളയുവാനും അന്യജാതിക്കാരുടെ
ഇടയിൽ പാർക്കുന്ന യഹൂദരെ താങ്കൾ ഉപ
ദേശിക്കുന്നതായി അവർ ധരിച്ചിരിക്കുന്നു.
22ഇനി നാം എന്താണു ചെയ്യേണ്ടത്? താങ്കൾ
വന്നിട്ടുണ്ടെന്നു തീർച്ചയായും അവർ കേൾക്കും;
23അതുകൊണ്ടു ഞങ്ങൾ പറയുന്നതുപോലെ
താങ്കൾ ചെയ്യുക. ഒരു നേർച്ച നേർന്നിട്ടുള്ള
നാല് ആളുകൾ ഇവിടെ ഞങ്ങളോടുകൂ
ടെയുണ്ട്. 24അവരെ കൂട്ടിക്കൊണ്ടുപോയി
അവരുടെ ശുദ്ധീകരണ ചടങ്ങുകളിൽ പ
ങ്കെടുത്ത് അതിൻെറയും അവരുടെ തലക്ഷൗ
രം ചെയ്യിക്കുന്നതിൻെറയും ചെലവു താങ്കൾ
വഹിക്കുക. അപ്പോൾ താങ്കളെക്കുറിച്ചു കേട്ട
കാര്യങ്ങൾ സത്യമല്ല എന്നും താങ്കൾ ന്യായ
പ്രമാണം അനുസരിച്ചാണു ജീവിക്കുന്നതെന്നും
എല്ലാവരും അറിഞ്ഞുകൊള്ളും. 25വിജാതീയരാ
യ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർ
വിഗ്രഹാർപ്പിത ഭക്ഷണം, രക്തം, ശ്വാസംമുട്ടി
ച്ചുകൊന്നവ, ലൈംഗികമായ അധർമ്മം എന്നി
വയിൽനിന്ന് അകന്നു ജീവിച്ചുകൊള്ളണ
മെന്നു നാം അവർക്ക് എഴുതിയിട്ടുണ്ടല്ലോ!"

26അടുത്തദിവസം പൗലൊസ് ആ പുരുഷന്മാ
രെ കൂട്ടിക്കൊണ്ട് അവരോടൊപ്പം തന്നെ ശുദ്ധീ
കരിച്ച് അവരിൽ ഓരോരുത്തനും വേണ്ടി വഴി
പാടുകഴിക്കാനുള്ള ശുദ്ധീകരണകാലം തി
കഞ്ഞു എന്നു ബോധിപ്പിക്കുവാൻ ദൈവാ
ലയത്തിൽ പ്രവേശിച്ചു.

*പൗലൊസ് ബന്ധനസ്ഥനാകുന്നു*

27ഏഴുദിവസം കഴിയാറായപ്പോൾ ഏഷ്യ
യിൽനിന്നുള്ള ചില യഹൂദർ പൗലൊസിനെ
ദൈവാലയത്തിൽവച്ചു കണ്ടു. അവർ ജനക്കൂട്ട
ത്തെ മുഴുവൻ ഇളക്കി അദ്ദേഹത്തെ പിടികൂടി.
28"യിസ്രായേൽജനമേ, ഞങ്ങളെ സഹായി
പ്പിൻ! നമ്മുടെ ജനങ്ങൾക്കും ന്യായപ്രമാണത്തി
നും ഈ സ്ഥലത്തിനും എതിരായി എല്ലായി
ടത്തും എല്ലാവരെയും പഠിപ്പിക്കുന്നവൻ ഇയാ
ളാണ്. മാത്രമല്ല, ഇയാൾ ഗ്രീക്കുകാരെ ദൈവാ
ലയത്തിനുള്ളിൽ കൊണ്ടുവന്ന് ഈ വിശു
ദ്ധസ്ഥലം അശുദ്ധമാക്കുകയും ചെയ്തിരി
ക്കുന്നു!" എന്ന് അവർ വിളിച്ചു പറഞ്ഞു. 29എ
ഫെസ്യനായ ത്രോഫിമോസിനെ അവർ
നേരത്തേ നഗരത്തിൽവച്ചു പൗലൊസിനോടൊ
പ്പം കണ്ടിരുന്നു. പൗലൊസ് അയാളെ ദൈവാ
ലയത്തിലേക്കു കൂട്ടിക്കൊണ്ടുവന്നിരിക്കു
മെന്നു അവർ അനുമാനിച്ചു.

30നഗരം മുഴുവൻ ഇളകി; ജനങ്ങൾ ഓടിക്കൂ
ടി. അവർ പൗലൊസിനെ ദൈവാലയത്തിൽ
നിന്നു പിടിച്ചിഴച്ചു കൊണ്ടുപോയി. ഉടൻതന്നേ
വാതിലുകൾ അടച്ചുകളയുകയും ചെയ്തു.
31അവർ അദ്ദേഹത്തെ കൊല്ലുവാൻ
ശ്രമിക്കുമ്പോൾ, യെരൂശലേംനഗരം മുഴുവൻ
പ്രക്ഷുബ്ധമായിരിക്കുന്നുവെന്ന് റോമൻ
സൈന്യാധിപന് അറിവു ലഭിച്ചു. 32അയാൾ
പെട്ടെന്ന് ചില സേവകരെയും പടയാളികളെയും
കൂട്ടിക്കൊണ്ട് ജനക്കൂട്ടത്തിനിടയിലേക്ക് ഓടി
ച്ചെന്നു. സൈന്യാധിപനെയും പട്ടാളക്കാരെയും
കണ്ടപ്പോൾ അവർ പൗലൊസിനെ അടി
ക്കുന്നതു നിർത്തി.

33സൈന്യാധിപൻ ചെന്ന് അദ്ദേഹത്തെ പിടി
ച്ചു രണ്ടു ചങ്ങലകൊണ്ടു ബന്ധിക്കുവാൻ
കല്പിച്ചു. അദ്ദേഹം ആരാണെന്നും എന്താണു
ചെയ്തതെന്നും പിന്നീട് അയാൾ ചോദിച്ചു.
34ജനക്കൂട്ടത്തിൽ ഓരോരുത്തരും ഓരോവി
ധത്തിൽ വിളിച്ചുകൂവിക്കൊണ്ടിരുന്നു. ബഹളം
നിമിത്തം സൈന്യാധിപനു സത്യാവസ്ഥ
മനസ്സിലാക്കാൻ സാധിക്കാതെവന്നതുകൊണ്ട്
പൗലൊസിനെ പാളയത്തിലേക്കു കൊണ്ടു
പോകുവാൻ അയാൾ ആജ്ഞാപിച്ചു. 35പൗ
ലൊസ് പടിക്കെട്ടിൽ എത്തിയപ്പോഴേയ്ക്കും
ജനക്കൂട്ടം വല്ലാതെ അക്രമാസക്തമായിരുന്നു;
അതുകൊണ്ടു പട്ടാളക്കാർക്ക് അദ്ദേഹത്തെ
എടുത്തു കൊണ്ടുപോകേണ്ടിവന്നു. 36അവരു
ടെ പിന്നാലെ ചെന്ന ജനസമൂഹം, "അവനെ
കൊന്നുകളയുക" എന്നു വിളിച്ചുപറഞ്ഞു

കൊണ്ടിരുന്നു.

*പൗലൊസ് ജനസമൂഹത്തോടു*
*പ്രസംഗിക്കുന്നു*

37പടയാളികൾ പൗലൊസിനെ പാളയത്തി
ലേക്കു കൊണ്ടുപോകുമ്പോൾ അദ്ദേഹം
സൈന്യാധിപനോട്: "അങ്ങയോടു ചില കാര്യ
ങ്ങൾ പറയുവാൻ അനുവദിക്കുമോ?" എന്നു
ചോദിച്ചു. അതുകേട്ട് അയാൾ, "നിങ്ങൾക്കു
ഗ്രീക്കുഭാഷ അറിയാമോ? 38കുറെ നാൾ മുമ്പ്
ഒരു വിപ്ളവം തുടങ്ങുകയും നാലായിരം ഭീകര
ന്മാരെ മരുഭൂമിയിലേക്കു നയിക്കുകയും ചെയ്ത
ഈജിപ്റ്റുകാരനല്ലേ നിങ്ങൾ" എന്നു ചോദിച്ചു.
39അപ്പോൾ പൗലൊസ് മറുപടി പറഞ്ഞു:
"ഞാൻ കിലിക്യയിലെ തർസോസിൽനിന്നുള്ള
ഒരു യഹൂദനാണ്; ഒരു പ്രധാന നഗരത്തിലെ
പൗരൻ. ദയവായി ജനങ്ങളോടു സംസാരി
ക്കാൻ എന്നെ അനുവദിക്കണം."
40സൈന്യാധിപൻെറ അനുമതി ലഭിച്ചപ്പോൾ
പൗലൊസ് പടിക്കെട്ടിൽ നിന്നുകൊണ്ടു
ജനങ്ങൾക്കു നേരേ ആംഗ്യംകാട്ടി; അവർ
നിശ്ശബ്ദരായപ്പോൾ അദ്ദേഹം അരാമ്യഭാ
ഷയിൽ [a] ഇപ്രകാരം പറഞ്ഞു:

22 "സഹോദരന്മാരേ, പിതാക്കന്മാരേ,
എനിക്കു ബോധിപ്പിക്കുവാനുള്ള
ന്യായം കേൾപ്പിൻ"
2അരാമ്യഭാഷയിൽ അവരെ അഭിസംബോ
ധന ചെയ്തതു കേട്ടപ്പോൾ അവർ വളരെ
ശാന്തരായി. പൗലൊസ് ഇങ്ങനെ തുടർന്നു:
3"കിലിക്യയിലെ തർസോസിൽ ജനിച്ച ഒരു
യഹൂദനാണു ഞാൻ. എന്നാൽ വളർന്നത് ഈ
നഗരത്തിലാണ്. ഗമാലിയേലിൻെറ കീഴിൽ
നമ്മുടെ പിതാക്കന്മാരുടെ ന്യായപ്രമാണം
സംബന്ധിച്ച് എനിക്ക് സമഗ്രമായ ശിക്ഷണം
ലഭിച്ചു. ഇന്നു നിങ്ങളിൽ ഏതൊരാളും ആയിരി
ക്കുന്നതുപോലെതന്നേ ഞാനും ദൈവത്തി
നുവേണ്ടി വളരെ തീക്ഷ്ണതയുള്ളവനായി
രുന്നു. 4ഈ മാർഗ്ഗത്തെ നശിപ്പിച്ച് ഇല്ലാതെയാ
ക്കുവാനായി ഞാൻ പുരുഷന്മാരെയും സ്ത്രീക
ളെയും പിടികൂടി ജയിലിലടയ്ക്കുകയും കൊ
ല്ലുവാൻപോലും മടിക്കാതെ പീഡിപ്പിക്കുകയും
ചെയ്തു. 5ഇതിനു മഹാപുരോഹിതനും ന്യായാ
ധിപസംഘത്തിലെ എല്ലാവരും സാക്ഷികളാണ്.
അവരിൽനിന്നു ദമസ്കോസിലുള്ള അവരുടെ
സഹോദരന്മാരുടെപേർക്ക് എഴുത്തുകളും വാ
ങ്ങി, ഈ മാർഗ്ഗക്കാരെ തടവുകാരാക്കി യെരൂ
ശലേമിൽ കൊണ്ടുവന്നു ശിക്ഷിക്കുവാൻ ഞാൻ
അവിടേക്കു പോയി.
6അങ്ങനെ യാത്രചെയ്തു ദമസ്കോസി
നടുത്തെത്തിയപ്പോൾ, ഏകദേശം ഉച്ചയ്ക്ക്
ആകാശത്തുനിന്ന് അത്യുജ്ജ്വലമായ ഒരു പ്രകാ
ശം പെട്ടെന്ന് എൻെറ ചുറ്റും മിന്നി. 7ഞാൻ നി
ലത്തുവീണു. "ശൗലേ, ശൗലേ, നീ എന്നെ പീ
ഡിപ്പിക്കുന്നതെന്തിന്?" എന്ന് എന്നോടു ചോ
ദിക്കുന്ന ഒരു ശബ്ദം ഞാൻ കേട്ടു.
8"അങ്ങ് ആരാകുന്നു കർത്താവേ?" എന്നു
ഞാൻ ചോദിച്ചു. "നീ ഉപദ്രവിക്കുന്ന നസറാ
യനായ യേശുവാണു ഞാൻ" അവിടുന്ന് ഉത്തരം
പറഞ്ഞു. 9എൻെറ കൂടെയിരുന്നവർ വെളിച്ചം
കണ്ടുവെങ്കിലും എന്നോടു സംസാരിച്ചയാ
ളിൻെറ ശബ്ദം കേട്ടില്ല.
10"കർത്താവേ, ഞാൻ എന്തു ചെയ്യണം"
എന്നു ചോദിച്ചു. അതിനു കർത്താവ് എന്നോട്,
"എഴുന്നേറ്റു ദമസ്കോസിലേക്കു പോകുക, നീ
ചെയ്യേണ്ടതെല്ലാം അവിടെവച്ചു നിന്നോടു
പറയും." എന്നു പറഞ്ഞു. 11ആ പ്രകാശ
ത്തിൻെറ തേജസ്സ് എനിക്ക് അന്ധത വരുത്തി
യിരുന്നതുകൊണ്ട് എൻെറ കൂട്ടുകാർ എന്നെ
കൈക്കുപിടിച്ചു ദമസ്കോസിലേക്കു നടത്തി.
12അനന്യാസ് എന്നു പേരുള്ള ഒരാൾ എന്നെ
കാണാനെത്തി. അദ്ദേഹം ഭക്തിയോടെ ന്യായ
പ്രമാണം പാലിക്കുന്നവനും ആ സ്ഥലത്തു
പാർത്തിരുന്ന എല്ലാ യഹൂദന്മാരാലും ബഹുമാ
നിക്കപ്പെടുന്നവനുമായിരുന്നു. 13അദ്ദേഹം എ
ൻെറ അടുക്കൽ നിന്നുകൊണ്ട് "ശൗലേ, സ
ഹോദരാ, കാഴ്ച പ്രാപിക്കുക" എന്നു പറഞ്ഞു.
ആ നിമിഷംതന്നേ ഞാൻ കാഴ്ച പ്രാപിച്ച് അ
ദ്ദേഹത്തെ കണ്ടു.
14പിന്നെ അദ്ദേഹം എന്നോട് ഇപ്രകാരം
പറഞ്ഞു: "നമ്മുടെ പിതാക്കന്മാരുടെ ദൈവം
നിന്നെ, തൻെറ ഇഷ്ടം അറിവാനും, നീതിമാ
നായവനെ കാണ്മാനും അദ്ദേഹത്തിൻെറ വാ
യിൽനിന്നുള്ള വചനങ്ങൾ കേൾപ്പാനും തിര
ഞ്ഞെടുത്തിരിക്കുന്നു. 15നീ കാണുകയും കേൾ
ക്കുകയും ചെയ്തിരിക്കുന്നതിനെക്കുറിച്ച്, നീ
സകലമനുഷ്യർക്കും മുമ്പാകെ അദ്ദേഹ
ത്തിൻെറ സാക്ഷിയായിത്തീരും. 16ഇനി താമസി
ക്കുന്നതെന്തിന്? എഴുന്നേറ്റ് അവിടുത്തെ നാമം
വിളിച്ചപേക്ഷിച്ച്, സ്നാനമേറ്റു നിൻെറ പാപ
ങ്ങൾ കഴുകിക്കളയുക."
17ഞാൻ യരൂശലേമിൽ തിരിച്ചെത്തി ദൈവാ
ലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ
ആത്മവിവശതയിലായി; എന്നോടു സംസാരി
ക്കുന്ന കർത്താവിനെ കണ്ടു. 18അവിടുന്ന് എ
ന്നോട്: "നീ ഉടൻതന്നേ യെരൂശലേം വിട്ടുപോ
കുക; എന്നെക്കുറിച്ചുള്ള നിൻെറ സാക്ഷ്യം
അവർ സ്വീകരിക്കുകയില്ല" എന്നു പറഞ്ഞു.
19അതിനു ഞാൻ, "കർത്താവേ, ഞാൻ പള്ളി
കൾതോറും ചെന്ന്, അങ്ങയിൽ വിശ്വസി
ക്കുന്നവരെ തടവിലാക്കുകയും അടിക്കുകയും

[a] 40 അഥവാ, *എബ്രായഭാഷയിൽ*, 22:2 കാണുക.

ചെയ്തുവെന്ന് ഇവർക്കു നന്നായി അറിയാം.
20അങ്ങേയ്ക്കുവേണ്ടി രക്തസാക്ഷിയായ [a]
സ്തെഫാനോസിൻെറ രക്തം ചൊരിയുന്ന
സമയം ഞാൻ അതിനു സമ്മതം നല്കിക്കൊണ്ട്
അദ്ദേഹത്തെ കല്ലെറിയുന്നവരുടെ വസ്ത്രം
സൂക്ഷിച്ച് അവിടെ നില്ക്കുകയായിരുന്നു"
എന്നു മറുപടി പറഞ്ഞു.
21കർത്താവ് എന്നോട്: "നീ പോക, ഞാൻ
നിന്നെ ദൂരെ വിജാതീയരുടെ അടുത്തേക്ക്
അയയ്ക്കും" എന്നരുളിച്ചെയ്തു.

*പൗലൊസ് എന്ന റോമാപൗരൻ*

22ഇതു പറയുന്നതുവരെ ജനക്കൂട്ടം പൗലൊ
സിൻെറ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു.
പിന്നെ, അവർ അത്യുച്ചത്തിൽ " ഇവനെ ഭൂമി
യിൽനിന്നു നീക്കിക്കളയുക, ഇവൻ ജീവിച്ചിരി
ക്കാൻ യോഗ്യനല്ല" എന്നു വിളിച്ചു പറഞ്ഞു.
23അവർ ഒച്ചപ്പാടുണ്ടാക്കുകയും കുപ്പായം
ഊരി എറിഞ്ഞുകളയുകയും പൂഴിവാരി മേല്
പോട്ടെറിയുകയും ചെയ്തുകൊണ്ടിരിക്കുന്നതി
നിടയിൽ, 24സൈന്യാധിപൻ പൗലൊസിനെ
പാളയത്തിലേക്കു കൊണ്ടുപോകുവാൻ കല്പി
ച്ചു. ജനങ്ങൾ അദ്ദേഹത്തിനെതിരേ എന്തു
കൊണ്ട് ഇങ്ങനെ വിളിച്ചുകൂവുന്നു എന്നു കണ്ടു
പിടിക്കുന്നതിന് അദ്ദേഹത്തെ ചാട്ടവാറുകൊണ്ട്
അടിച്ച് ചോദ്യം ചെയ്യുവാൻ ഉത്തരവിട്ടു.
25അവർ അദ്ദേഹത്തെ അടിക്കാൻ പിടിച്ചു
കെട്ടുമ്പോൾ, പൗലൊസ് അടുത്തുനിന്നിരുന്ന
ശതാധിപനോട്: "ഒരു റോമാപൗരനെ, കുറ്റക്കാ
രനെന്നു തെളിയിക്കാതെ, അടിക്കുന്നതു നിയമാ
നുസൃതമോ?" എന്നു ചോദിച്ചു.
26ശതാധിപൻ ഇതു കേട്ടിട്ട് സൈന്യാ
ധിപൻെറ അടുക്കൽ ചെന്നു വിവരം ധരിപ്പിച്ചു.
"അങ്ങെന്താണു ചെയ്യാൻ പോകുന്നത്? ഈ
മനുഷ്യൻ ഒരു റോമാപൗരനാണ്" അയാൾ
സൈന്യാധിപനോടു പറഞ്ഞു.
27സൈന്യാധിപൻ പൗലൊസിൻെറ
അടുത്തെത്തി. "താങ്കൾ ഒരു റോമാപൗരനോ?
എന്നോടു പറയൂ" എന്നു പറഞ്ഞു.
"അതേ, ഞാൻ ആകുന്നു" പൗലൊസ്
മറുപടി പറഞ്ഞു.
28"ഞാൻ വലിയൊരു വിലകൊടുത്താണ്
ഈ പൗരത്വം സമ്പാദിച്ചിരിക്കുന്നത്" എന്നു
സൈന്യാധിപൻ പറഞ്ഞതിനു പൗലൊ
സ്,"എന്നാൽ ഞാൻ ഒരു റോമാപൗരനായി
ജനിച്ചവനാണ്" എന്നു മറുപടി പറഞ്ഞു.
29അദ്ദേഹത്തെ ചോദ്യം ചെയ്യാൻ ഭാവിച്ചവർ
ഉടൻതന്നേ പിൻവാങ്ങി. പൗലൊസ് എന്ന റോ
മൻപൗരനെയാണ് താൻ ചങ്ങലകളാൽ
ബന്ധിച്ചതെന്നു മനസ്സിലാക്കിയ സൈന്യാ
ധിപൻ പരിഭ്രാന്തനായിത്തീർന്നു.

*ന്യായാധിപസംഘത്തിനു മുമ്പിൽ*

30യഹൂദർ പൗലൊസിൻെറമേൽ ചുമത്തുന്ന
കുറ്റത്തെക്കുറിച്ചു സൂക്ഷ്മമായി മനസ്സിലാക്കു
വാൻ ആഗ്രഹിച്ചുകൊണ്ട്, സൈന്യാധിപൻ
പിറ്റേന്ന് അദ്ദേഹത്തെ സ്വതന്ത്രനാക്കി, മുഖ്യ
പുരോഹിതന്മാരും ന്യായാധിപസംഘവും കൂ
ടിവരുവാൻ കല്പിച്ചു. പിന്നീട് അയാൾ പൗലൊ
സിനെ കൊണ്ടുവന്ന് അവരുടെ മുമ്പിൽ
നിറുത്തി.

23 പൗലൊസ് ന്യായാധിപസംഘത്തെ
ഉറ്റുനോക്കിക്കൊണ്ട്, "സഹോദര
ന്മാരേ, ഇന്നുവരെ ഞാൻ നല്ല മനസ്സാക്ഷിയോടു
കൂടെ ദൈവമുമ്പാകെ ജീവിച്ചു" എന്നു പറഞ്ഞു.
2അപ്പോൾ മഹാപുരോഹിതനായ അനന്യാസ്
പൗലൊസിൻെറ അടുത്തു നില്ക്കുന്നവരോട്, അ
ദ്ദേഹത്തിൻെറ മുഖത്ത് അടിക്കുവാൻ ആജ്ഞാ
പിച്ചു. 3അപ്പോൾ പൗലൊസ്: "വെള്ള തേച്ച ചുവ
രേ, ദൈവം നിന്നെ അടിക്കും. ന്യായപ്രമാണമനു
സരിച്ച് എന്നെ വിധിക്കുവാൻ നീ അവിടെ ഇരി
ക്കുന്നു; എന്നാൽ എന്നെ അടിക്കുവാൻ കല്പി
ക്കുന്നതിലൂടെ നീ ന്യായപ്രമാണത്തെ ലംഘി
ക്കുന്നു" എന്നു പറഞ്ഞു.
4പൗലൊസിൻെറ അടുത്തുനിന്നവർ അദ്ദേഹ
ത്തോട്: "നിങ്ങൾ ദൈവത്തിൻെറ മഹാപുരോ
ഹിതനെ അധിക്ഷേപിക്കുന്നുവോ?" എന്നു ചോ
ദിച്ചു.
5"സഹോദരരേ, അദ്ദേഹം മഹാപുരോഹി
തനാണെന്നു ഞാൻ അറിഞ്ഞില്ല;'നിൻെറ
ജനത്തിൻെറ ഭരണകർത്താവിനെ നീ ദുഷി
ക്കരുത്'[b] എന്നെഴുതിയിട്ടുണ്ടല്ലോ" എന്നു
പൗലൊസ് മറുപടി പറഞ്ഞു.
6ന്യായാധിപസംഘത്തിൽ ചിലർ സദൂക്യരും
മറ്റുള്ളവർ പരീശരും ആകുന്നുവെന്നു മനസ്സി
ലാക്കിയിട്ട് പൗലൊസ്, "എൻെറ സഹോദര
ന്മാരേ, ഞാനൊരു പരീശനും പരീശൻെറ മകനു
മത്രേ. മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള
എൻെറ പ്രത്യാശനിമിത്തമാണ് ഞാനിപ്പോൾ
വിസ്തരിക്കപ്പെടുന്നത്" എന്നു വിളിച്ചു
പറഞ്ഞു, 7അദ്ദേഹം ഇതു പറഞ്ഞപ്പോൾ
പരീശരും സദൂക്യരും തമ്മിൽ അഭിപ്രായ
ഭിന്നതയുണ്ടായി. ജനക്കൂട്ടം ചേരിതിരിഞ്ഞു.
8പുനരുത്ഥാനം ഇല്ല, ദൈവദൂതരും ആത്മാ
ക്കളും ഇല്ല എന്നു സദൂക്യർ പറയുന്നു, എന്നാൽ
പരീശർ ഇവയിലെല്ലാം വിശ്വസിക്കുന്നു.
9വലിയ കോലാഹലമായി. പരീശരുടെ
കൂട്ടത്തിലെ ചില വേദജ്ഞർ എഴുന്നേറ്റുനിന്നു
വാദിച്ചു: "ഞങ്ങൾ ഈ മനുഷ്യനിൽ ഒരു

*a* 20 അഥവാ, *അങ്ങയുടെ സാക്ഷിയായ* *b* 5 പുറപ്പാട് 22:28

കുറ്റവും കാണുന്നില്ല. ഒരു ആത്മാവോ, ഒരു
ദൂതനോ അയാളോടു സംസാരിച്ചുവെന്നു വരാ
മല്ലോ!" എന്ന് അവർ പറഞ്ഞു. 10അവരുടെ
തർക്കം അക്രമാസക്തമായപ്പോൾ പൗലൊ
സിനെ അവർ പിച്ചിച്ചീന്തിക്കളഞ്ഞേക്കുമെന്നു
സൈന്യാധിപൻ പേടിച്ചു. അയാൾ സൈന്യ
ത്തോട് അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നു
ബലം പ്രയോഗിച്ച് അദ്ദേഹത്തെപ്പിടിച്ചു
പാളയത്തിലെത്തിക്കുവാൻ ആജ്ഞാപിച്ചു.

11ആ രാത്രിയിൽ കർത്താവ് പൗലൊ
സിന്റെ അടുക്കൽ നിന്നുകൊണ്ട്: "ധൈര്യമാ
യിരിക്ക, യെരൂശലേമിൽ നീ എന്നെക്കുറിച്ചു
സാക്ഷ്യം വഹിച്ചതുപോലെ റോമിലും എന്റെ
സാക്ഷിയാകും" എന്ന് അരുളിച്ചെയ്തു.

*പൗലൊസിനെ കൊല്ലുവാൻ*
*ഗൂഢാലോചന*

12 പ്രഭാതമായപ്പോൾ യഹൂദന്മാർ ഒന്നിച്ചു
കൂടി ഒരു ഗൂഢാലോചന നടത്തി. പൗലൊ
സിനെ കൊന്നുകഴിഞ്ഞിട്ടല്ലാതെ തിന്നുകയോ
കുടിക്കുകയോ ഇല്ല എന്ന് അവർ ശപഥം
ചെയ്തു. 13ഈ ദ്രോഹപദ്ധതിയിൽ നാല്പതി
ലധികംപേർ പങ്കെടുത്തിരുന്നു. 14അവർ മുഖ്യ
പുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടു
ക്കൽച്ചെന്ന്, "പൗലൊസിനെ വധിച്ചിട്ടല്ലാതെ
ഞങ്ങൾ ആഹാരം കഴിക്കുകയില്ല എന്നു ദൃഢ
പ്രതിജ്ഞയെടുത്തിരിക്കുകയാണ്. 15ആക
യാൽ അയാളെ സംബന്ധിച്ചുള്ള വിവരങ്ങൾ
കൂടുതൽ സൂക്ഷ്മമായി അന്വേഷിക്കേണ്ടതുണ്ട്
എന്നുള്ള ഭാവത്തിൽ അയാളെ നിങ്ങളുടെ
മുമ്പാകെ കൊണ്ടുവരുന്നതിന് നിങ്ങളും ന്യാ
യാധിപസംഘവും സൈന്യാധിപനോട് അപേ
ക്ഷിക്കണം. അയാൾ ഇവിടെയെത്തുന്നതിനു
മുമ്പുതന്നേ അയാളെ കൊല്ലുവാൻ ഞങ്ങളൊ
രുങ്ങിയിരിക്കുകയാണ്" എന്നു പറഞ്ഞു.

16എന്നാൽ പൗലൊസിന്റെ പെങ്ങളുടെ
മകൻ ഈ പതിയിരിപ്പിനെപ്പറ്റി കേട്ടു. അയാൾ
പാളയത്തിൽ ചെന്നു പൗലൊസിനെ വിവരം
ധരിപ്പിച്ചു.

17അപ്പോൾ പൗലൊസ് ശതാധിപന്മാരിൽ
ഒരാളെ വിളിച്ച്, "ഈ ചെറുപ്പക്കാരനെ സൈന്യാ
ധിപന്റെ അടുക്കലെത്തിക്കണം. ഇയാൾക്ക് അ
ദ്ദേഹത്തോട് ചിലതു പറയാനുണ്ട്" എന്നു
പറഞ്ഞു. 18ശതാധിപൻ അയാളെ സൈന്യാധി
പന്റെ അടുത്തു കൊണ്ടുപോയി, ഇപ്രകാരം
പറഞ്ഞു: "തടവുകാരനായ പൗലൊസ് എന്നെ
വിളിപ്പിച്ച് ഈ യുവാവിനെ താങ്കളുടെ
അടുത്തെത്തിക്കുവാൻ ആവശ്യപ്പെട്ടു. ഇയാൾ
ക്ക് താങ്കളോട് എന്തോ പറയാനുണ്ട്."

19സൈന്യാധിപൻ ആ ചെറുപ്പക്കാരന്റെ
കൈക്കുപിടിച്ചു മാറ്റിനിർത്തി: "നിനക്ക് എ
ന്നോടു പറയാനുള്ളത് എന്താണ്?" എന്നു
രഹസ്യമായി ചോദിച്ചു.

20അതിന് അയാൾ, "പൗലൊസിനെപ്പറ്റി കൂ
ടുതൽ സൂക്ഷ്മവിവരങ്ങൾ അന്വേഷിക്കുന്നതി
നെന്ന ഭാവത്തിൽ അദ്ദേഹത്തെ നാളെ ന്യായാ
ധിപസംഘത്തിന്റെ മുമ്പിൽ കൊണ്ടുവരണ
മെന്ന് അങ്ങയോട് അപേക്ഷിക്കുവാൻ യഹൂ
ദർ തമ്മിൽ പറഞ്ഞൊത്തിരിക്കുകയാണ്.
21അങ്ങ് അവർക്കു വഴങ്ങിക്കൊടുക്കരുത്.
അവരിൽ നാല്പതിലധികംപേർ അദ്ദേഹത്തി
നായി പതിയിരിക്കുന്നുണ്ട്. അദ്ദേഹത്തെ
കൊന്നതിനുശേഷം മാത്രമേ തിന്നുകയോ
കുടിക്കുകയോ ചെയ്യുകയുള്ളൂ എന്ന് അവർ
ഉഗ്രശപഥം ചെയ്തിരിക്കുകയാണ്. തങ്ങളുടെ
അപേക്ഷയ്ക്ക് അങ്ങയുടെ അനുമതി
കാത്തുകൊണ്ട് അവർ ഇപ്പോൾ തയ്യാറായി
രിക്കുന്നു" എന്നു പറഞ്ഞു.

22"നീ ഈ വിവരം എന്നെ ധരിപ്പിച്ചുവെന്ന്
ആരോടും പറയരുത്" എന്നു താക്കീതു കൊ
ടുത്തിട്ട് സൈന്യാധിപൻ ആ ചെറുപ്പക്കാരനെ
പറഞ്ഞയച്ചു.

*പൗലൊസിനെ*
*കൈസര്യയിലേയ്ക്കു മാറ്റുന്നു*

23അനന്തരം അയാൾ തന്റെ ശതാധിപന്മാ
രിൽ രണ്ടുപേരെ വിളിച്ച് അവരോട് ഇങ്ങനെ
ആജ്ഞാപിച്ചു: "ഇന്നുരാത്രി ഒമ്പതുമണിക്ക്
കൈസര്യയിലേക്കു പോകുവാൻ ഇരുനൂറു
കാലാൾപ്പട്ടാളക്കാരെയും എഴുപതു കുതിരപ്പട
യാളികളെയും ഇരുനൂറു കുന്തക്കാരെയും
തയ്യാറാക്കി നിർത്തുക. 24പൗലൊസിനെ
ദേശാധിപതിയായ ഫേലിക്സിന്റെ അടുക്കൽ
സുരക്ഷിതമായി എത്തിക്കുവാൻ അദ്ദേഹത്തി
നു യാത്ര ചെയ്യുന്നതിനു വാഹനമൃഗങ്ങളെയും
കരുതണം."

25താഴെപ്പറയുന്ന പ്രകാരം അദ്ദേഹം
ഒരെഴുത്തും എഴുതി:

26അഭിവന്ദ്യനായ ദേശാധിപതി ഫേലി
ക്സിന്:

ക്ലൗദ്യോസ് ലുസിയാസിന്റെ അഭിവാ
ദനങ്ങൾ.

27ഈ മനുഷ്യനെ യഹൂദർ പിടിച്ചു
കൊല്ലുവാൻ ഭാവിക്കുകയായിരുന്നു.
എന്നാൽ അയാൾ റോമാപൗരൻ എന്നു
മനസ്സിലാക്കിയപ്പോൾ ഞാൻ എന്റെ
പടയാളികളുമായി ചെന്ന് അയാളെ
രക്ഷപ്പെടുത്തി. 28അവർ അയാളുടെ
മേൽ ആരോപിക്കുന്ന കുറ്റമെന്തെന്നറി
യുവാൻ ഞാനാഗ്രഹിച്ചു; അയാളെ
അവരുടെ ന്യായാധിപസംഘത്തിനു
മുമ്പാകെ ഞാൻ കൊണ്ടുവന്നു.

29അവരുടെ ആരോപണങ്ങൾ,
തങ്ങളുടെ ന്യായപ്രമാണസംബന്ധമാ
യ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി
യുള്ളവ ആയിരുന്നു എന്നും മരണശി
ക്ഷയ്ക്കോ തടവിനോ അർഹമായ
കുറ്റങ്ങൾ ഒന്നുമില്ല എന്നും ഞങ്ങൾ
മനസ്സിലാക്കി. 30അയാൾക്കെതിരായി
ഒരു ഗൂഢാലോചന നടക്കുന്നുവെന്ന്
എനിക്ക് അറിവു ലഭിച്ച ഉടൻതന്നെ
ഞാൻ അയാളെ അങ്ങയുടെ
അടുത്തേക്കയയ്ക്കുകയാണ്. വാദിക
ളോട്, അവരുടെ പരാതി അങ്ങയോടു
ബോധിപ്പിക്കുവാൻ ഞാൻ ഉത്തരവിടു
കയും ചെയ്തു.

31തങ്ങൾക്കു ലഭിച്ച കല്പനയനുസരിച്ചു
പടയാളികൾ പൗലൊസിനെ രാത്രിയിൽ
കൂട്ടിക്കൊണ്ട് അന്തിപത്രിസ്‌വരെ എത്തിച്ചു.
32പിറ്റേന്നു കുതിരപ്പട്ടാളത്തെ അദ്ദേഹത്തി
നോടൊപ്പം അയച്ചിട്ട് അവർ താവളത്തിലേക്കു
മടങ്ങി. 33കുതിരപ്പട്ടാളംകൈസര്യയിൽ എത്തി;
അവർ എഴുത്തു ദേശാധിപതിക്കു കൊടുത്തു;
പൗലൊസിനെ അദ്ദേഹത്തിന്റെ മുമ്പിൽ
ഹാജരാക്കി. 34ദേശാധിപതി എഴുത്തു വായി
ച്ചിട്ട്, അദ്ദേഹം ഏതു സംസ്ഥാനത്തിൽനിന്നു
ള്ളവനാണ് എന്നു ചോദിച്ചു. കിലിക്യക്കാ
രനാണെന്നു മനസ്സിലാക്കിയിട്ട് 35“വാദികളും
കൂടെ വന്നതിനുശേഷം ഞാൻ നിന്നെ വിസ്
തരിക്കാം” എന്ന് അദ്ദേഹം പറഞ്ഞു. അനന്തരം,
ഹെരോദാവിന്റെ കൊട്ടാരത്തിൽ, പൗലൊ
സിനെ കാവലിൽ സൂക്ഷിക്കുവാൻ അദ്ദേഹം
ഉത്തരവിട്ടു.

*ഫെലിക്സിന്റെ മുമ്പാകെയുള്ള വിചാരണ*

24 അഞ്ചുദിവസം കഴിഞ്ഞ് മഹാപുരോ
ഹിതനായ അനന്യാസ് മൂപ്പന്മാരിൽ ചി
ലരെയും തെർത്തുല്ലോസ് എന്നുപേരുള്ള ഒരു
അഭിഭാഷകനെയും കൂട്ടികൈസര്യയിൽ വന്നു.
അവർ പൗലൊസിനെതിരായി തങ്ങൾക്കുണ്ടാ
യിരുന്ന ആരോപണങ്ങൾ ദേശാധിപതിയെ
ബോധിപ്പിച്ചു. 2പൗലൊസിനെ അകത്തേക്കു
വിളിച്ചുവരുത്തിയശേഷം ഫെലിക്സിന്റെ
മുമ്പിൽ തെർത്തുല്ല്യോസ് ആരോപണങ്ങൾ
സമർപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു:
“അങ്ങയുടെ ഭരണത്തിൻകീഴിൽ ഞങ്ങൾ ഏ
റെക്കാലമായി സമാധാനമനുഭവിച്ചുപോരുന്നു;
അങ്ങയുടെ ദീർഘദൃഷ്ടി നിമിത്തം ഈ
ദേശത്തിന് വളരെ പുരോഗതി ഉണ്ടായിട്ടുണ്ട്.
3അഭിവന്ദ്യനായ ഫെലിക്സേ, എല്ലായിടത്തും
എല്ലാവിധത്തിലും ഈ അഭ്യുന്നതി നിമിത്തം
അങ്ങയോട് ഞങ്ങൾ തികഞ്ഞ കൃതജ്ഞതയു
ള്ളവരാണ്. 4താങ്കളെ കൂടുതൽ അസഹ്യ
പ്പെടുത്താതെ ഞങ്ങൾക്കു പറയുവാനുള്ളതു
ചുരുക്കിപ്പറയാം, ദയവായി കേട്ടാലും:
5“ഈ മനുഷ്യൻ ഒരു കലാപകാരിയാണ്,
ലോകമെങ്ങുമുള്ള യഹൂദരുടെ ഇടയിൽ
ഇയാൾ പ്രക്ഷോഭമുണ്ടാക്കിക്കൊണ്ടിരിക്കുന്നു.
6നസറായപക്ഷക്കാരുടെ ഒരു നേതാവായ ഈ
മനുഷ്യൻ ദൈവാലയം അശുദ്ധമാക്കുന്നതിനു
ശ്രമിക്കുകയുണ്ടായി; അതു കൊണ്ടു ഞങ്ങൾ
ഇയാളെ പിടികൂടി; ഞങ്ങളുടെ ന്യായപ്രമാ
ണമനുസരിച്ച് ഞങ്ങൾ ഇയാളെ വിസ്തരിക്കു
മായിരുന്നു. 7എന്നാൽ സഹസ്രാധിപനായ ലു
സിയാസ് ബലം പ്രയോഗിച്ച് അയാളെ
ഞങ്ങളിൽനിന്നും പിടിച്ചു കൊണ്ടുപോയി.
വാദികൾ നിന്റെ മുമ്പാകെ ഹാജരാകുവാൻ
ഉത്തരവിട്ടു. 8താങ്കൾ ഇയാളെ നേരിട്ടു വിസ്തരി
ക്കുമ്പോൾ, ഞങ്ങൾ ഇയാൾക്കെതിരായി
കൊണ്ടുവന്നിരിക്കുന്ന ആരോപണങ്ങളുടെ
സത്യാവസ്ഥ ഗ്രഹിക്കാൻ കഴിയുന്നതാണ്.”

9ഈ കാര്യങ്ങളെല്ലാം സത്യമാണെന്ന് ഉറപ്പി
ച്ചുകൊണ്ട് യഹൂദർ കുറ്റാരോപണങ്ങളോടു
യോജിച്ചു.

10സംസാരിക്കുവാൻ ദേശാധിപതി ആംഗ്യം
കാട്ടിയപ്പോൾ പൗലൊസ് ഇങ്ങനെ പറഞ്ഞു:
“അവിടുന്ന് അനേകം വർഷങ്ങളായി ഈ
ദേശത്തിന്റെ ന്യായാധിപനായിരിക്കുന്നു
വെന്ന് എനിക്കറിയാം; അതുകൊണ്ട് ഞാൻ സ
ന്തോഷത്തോടുകൂടി എന്റെ പ്രതിവാദം നടത്തു
കയാണ്. 11ഞാൻ ആരാധനയ്ക്കായി യെരൂശ
ലേമിലേക്കു പോയിട്ട് പന്ത്രണ്ടു ദിവസത്തിൽ
അധികമായിട്ടില്ല എന്ന് അങ്ങേയ്ക്ക് അന്വേ
ഷിച്ച് ഉറപ്പുവരുത്താവുന്നതാണ്. 12ഞാൻ
ദൈവാലയത്തിൽ ആരോടെങ്കിലും തർക്കി
ക്കുന്നതായോ പള്ളിയിലോ നഗരത്തിൽ മറ്റെ
വിടെയെങ്കിലുമോ ജനക്കൂട്ടത്തെ ഇളക്കിവി
ടുന്നതായോ ഈ കുറ്റാരോപണം നടത്തു
ന്നവരിൽ ആരും കണ്ടിട്ടില്ല. 13എനിക്കു നേരേ
ഉന്നയിക്കുന്ന കുറ്റങ്ങൾ അങ്ങയുടെ മുമ്പാകെ
തെളിയിക്കാൻ ഇവർക്കു സാധ്യവുമല്ല.14ഏതാ
യാലും ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. ഇവർ
മതഭേദം എന്നു പറയുന്ന ഈ മാർഗ്ഗത്തിന്റെ
അനുഗാമി എന്ന നിലയ്ക്കു ഞാൻ പിതാക്കന്മാ
രുടെ ദൈവത്തെ ആരാധിക്കുന്നു. ന്യായപ്രമാ
ണത്തിനു ചേരുന്ന എല്ലാക്കാര്യങ്ങളും പ്രവാ
ചകപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതും
ഞാൻ വിശ്വസിക്കുന്നു. 15നീതിമാന്മാർക്കും
ദുഷ്ടന്മാർക്കും പുനരുത്ഥാനം ഉണ്ടാകുമെന്ന്
ഇവർക്കു ദൈവത്തിലുള്ള അതേ പ്രത്യാശ
എനിക്കും ഉണ്ട്. 16അതുകൊണ്ട്, ദൈവ
ത്തിന്റെയും മനുഷ്യന്റെയും മുമ്പിൽ എന്റെ
മനസ്സാക്ഷിയെ നിർമ്മലമായി സൂക്ഷിക്കുവാൻ

ഞാൻ പരമാവധി ശ്രമിക്കുന്നു.
17“പലവർഷങ്ങൾക്കുശേഷം ഞാൻ സ്വന്ത
ജനത്തിൽപ്പെട്ട ദരിദ്രർക്കുവേണ്ടി ദാനങ്ങൾ
കൊണ്ടുവരുന്നതിനും വഴിപാട് അർപ്പിക്കുന്നതി
നുമായി യെരൂശലേമിൽ വന്നതാണ്. 18അതിൽ
ഏർപ്പെട്ടിരിക്കെ ദൈവാലയാങ്കണത്തിൽവച്ച്
അവരെന്നെ കാണുമ്പോൾ ഞാൻ ആചാരപര
മായി ശുദ്ധിയുള്ളവനായിരുന്നു; എന്നോടൊപ്പം
ഒരു ജനക്കൂട്ടവും ഉണ്ടായിരുന്നുമില്ല. 19എന്നാൽ
ഏഷ്യാപ്രവിശ്യക്കാരായ ചില യഹൂദർ എന്നോ
ടൊപ്പം ഉണ്ടായിരുന്നു. അവർക്ക് എൻെറ നേ
രെ അന്യായമുണ്ടായിരുന്നെങ്കിൽ അവർ അത്
അങ്ങയുടെ മുമ്പിൽ വന്നു ബോധിപ്പിക്കേണ്ടതാ
യിരുന്നു. 20അല്ലെങ്കിൽ ന്യായാധിപസംഘത്തി
നു മുമ്പിൽ നിന്നപ്പോൾ എന്നിൽ എന്തെങ്കിലും
കുറ്റം കണ്ടെത്തിയോ എന്ന് ഇവിടെയുള്ളവർ
പറയട്ടെ. 21“മരിച്ചവരുടെ പുനരുദ്ധാനത്തെപ്പറ്റി
യാണ് ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വിസ്
തരിക്കപ്പെടുന്നത്” എന്ന് അവരുടെ ഇടയിൽ
നിന്നപ്പോൾ വിളിച്ചുപറഞ്ഞതൊഴിച്ചു മറ്റൊന്നും
ഞാൻ ചെയ്തിട്ടില്ലല്ലോ?”
22ഈ മാർഗ്ഗത്തെക്കുറിച്ച് നല്ല അറിവ് ഉണ്ടാ
യിരുന്നിട്ടും, “സൈന്യാധിപനായ ലൂസിയാസ്
വരുമ്പോൾ ഞാൻ നിങ്ങളുടെ കാര്യം തീരുമാ
നിക്കാം” എന്ന് പറഞ്ഞ് ഫെലിക്സ് നടപടി
കൾ മാറ്റിവച്ചു. 23പൗലൊസിനെ കാവലിൽ സൂ
ക്ഷിക്കണമെന്നും അതേസമയം അദ്ദേഹത്തിനു
കുറെ സ്വാതന്ത്ര്യം കൊടുക്കണമെന്നും, അദ്ദേ
ഹത്തെ ശുശ്രൂഷിക്കുവാൻ സ്നേഹിതരെ അനു
വദിക്കണമെന്നും ശതാധിപനോടു കല്പിച്ചു.
24കുറേദിവസങ്ങൾക്കുശേഷം ഫേലിക്സ്,
യഹൂദസ്ത്രീയായ തൻെറ ഭാര്യ ദ്രുസില്ലയോ
ടുകൂടി വന്നു. അദ്ദേഹം പൗലൊസിനെ വരുത്തി.
ക്രിസ്തുയേശുവിലുള്ള വിശ്വാസത്തെക്കുറിച്ച്
അദ്ദേഹത്തിൻെറ പ്രസംഗം കേട്ടു. 25എന്നാൽ
നീതി, ആത്മനിയന്ത്രണം, വരാനിരിക്കുന്ന
ന്യായവിധി എന്നിവയെപ്പറ്റി പൗലൊസ് വിശ
ദമായി പ്രതിപാദിച്ചപ്പോൾ ഫേലിക്സിനു
ഭയമായി; “ഇപ്പോൾ ഇത്രയും മതി, നിങ്ങൾ
ക്കുപോകാം, സൗകര്യമുള്ളപ്പോൾ ഞാൻ നി
ങ്ങൾക്ക് ആളയയ്ക്കാം” എന്ന് അയാൾ
പറഞ്ഞു. 26അതേസമയം പൗലൊസ് അയാൾ
ക്കു കൈക്കൂലി കൊടുക്കുമെന്ന് അയാൾ
ആശിച്ചിരുന്നു; അതിനാൽ കൂടെക്കൂടെ അദ്ദേഹ
ത്തെ ആളയച്ചുവരുത്തി അദ്ദേഹത്തോടു
സംഭാഷണം നടത്തുമായിരുന്നു.
27രണ്ടുവർഷം കഴിഞ്ഞപ്പോൾ ഫേലി
ക്സിൻെറ പിൻഗാമിയായി പൊർക്യൊസ്
ഫെസ്തൊസ് സ്ഥാനമേറ്റു; യഹൂദന്മാരോട്
ആനുകൂല്യം കാണിക്കുവാൻ ആഗ്രഹി
ച്ചതുകൊണ്ട് ഫേലിക്സ് പൗലൊസിനെ തടവു
കാരനായി വിട്ടിട്ടു പോയി.

### *ഫെസ്തൊസൻെറ മുമ്പിൽ ന്യായവിസ്താരം*

25 സംസ്ഥാനത്തുവന്ന് മൂന്നുദിവസം
കഴിഞ്ഞപ്പോൾ ഫെസ്തൊസ്
കൈസര്യയിൽനിന്നു യെരൂശലേമിലേക്കു പോ
യി. 2അവിടെ മുഖ്യപുരോഹിതന്മാരും യഹൂദ
നേതാക്കന്മാരും അയാളുടെ മുമ്പിൽ ഹാജരാ
യി പൗലൊസിനെതിരെയുള്ള ആരോ
പണങ്ങൾ ഉന്നയിച്ചു. 3തങ്ങൾക്കുള്ള ഒരു ആനു
കൂല്യമെന്ന നിലയിൽ പൗലൊസിനെ യെരൂശ
ലേമിലേക്കു വരുത്തണമെന്ന് അവർ നിർ
ബ്ബന്ധമായി അഭ്യർത്ഥിച്ചു: അദ്ദേഹത്തെ വഴി
ക്കുവച്ച് കൊന്നുകളയുവാൻ അവർ ഒരു പതി
യിരുപ്പിനു വട്ടംകൂട്ടുന്നുണ്ടായിരുന്നു. 4ഫെസ്
തൊസ് അവരോട്: “പൗലൊസിനെ കൈസര്യ
യിൽ സൂക്ഷിച്ചിരിക്കുകയാണ്, ഞാൻ ഉടനേത
ന്നേ അവിടേയ്ക്കു പോകുന്നുണ്ട്. 5നിങ്ങളുടെ
നേതാക്കന്മാരിൽ ചിലർക്ക് എൻെറകൂടെ വന്ന്
അവിടെവച്ച് അയാൾക്കെതിരെയുള്ള ആരോ
പണങ്ങൾ ഉന്നയിക്കാവുന്നതാണ്” എന്നു മറു
പടി പറഞ്ഞു.
6അവരോടുകൂടെ എട്ടുപത്തുദിവസം താമ
സിച്ചശേഷം അയാൾ കൈസര്യയിലേക്കു പോ
യി; പിറ്റേദിവസം അയാൾ കോടതി വിളിച്ചുകൂ
ട്ടി പൗലൊസിനെ തൻെറ മുമ്പിൽ ഹാജരാക്കു
വാൻ ആജ്ഞാപിച്ചു. 7പൗലൊസ് ഹാജരായ
പ്പോൾ, യെരൂശലേമിൽനിന്നു വന്നിരുന്ന
യഹൂദർ അദ്ദേഹത്തിനുചുറ്റും നിന്നുകൊണ്ട്
ഗുരുതരമായ അനവധി ആരോപണങ്ങൾ അ
ദ്ദേഹത്തിന്നെതിരേ ഉന്നയിച്ചു: എന്നാൽ അവ
തെളിയിക്കുവാൻ അവർക്കു കഴിഞ്ഞില്ല.
8അനന്തരം പൗലൊസ് തൻെറ പ്രതിവാ
ദത്തിൽ: “ഞാൻ യഹൂദരുടെ ന്യായപ്രമാണത്തി
നും ദൈവാലയത്തിനും വിപരീതമായോ
കൈസർക്കു വിരോധമായോ ഒരു തെറ്റും
ചെയ്തിട്ടില്ല” എന്നു പ്രസ്താവിച്ചു.
9യഹൂദർക്ക് ഒരു ആനുകൂല്യം ചെയ്തുകൊ
ടുക്കണമെന്ന ആഗ്രഹത്തോടെ ഫെസ്തൊസ്
പൗലൊസിനോട്: “നിങ്ങൾക്ക് യെരൂശലേ
മിൽപോയി അവിടെ എൻെറ മുമ്പാകെ ഈ
ആരോപണങ്ങൾ സംബന്ധിച്ചു വിസ്തരിക്ക
പ്പെടാൻ സമ്മതമാണോ?” എന്നു ചോദിച്ചു.
10അതിനു പൗലൊസ്: “ഞാൻ ഇപ്പോൾ
കൈസരുടെ കോടതിയുടെ മുമ്പാകെ നി
ല്ക്കുന്നു, അവിടെയാണ് എന്നെ വിസ്ത
രിക്കേണ്ടത്. അങ്ങേയ്ക്കുതന്നേ നന്നായി അറി
യാവുന്നതുപോലെ ഞാൻ യഹൂദർക്ക് ഒരു
തെറ്റും ചെയ്തിട്ടില്ല. 11മരണത്തിന് അർഹമാ
യ എന്തെങ്കിലും കുറ്റം ഞാൻ ചെയ്തി

ട്ടുണ്ടെങ്കിൽ, മരണശിക്ഷ ഏല്ക്കുന്നതിന്
എനിക്ക് ഒരു വിസമ്മതവുമില്ല. എന്നാൽ എനി
ക്കു വിരോധമായി ഈ യഹൂദന്മാർ കൊണ്ടു
വന്നിരിക്കുന്ന ആരോപണങ്ങൾ സത്യമല്ലെ
ങ്കിൽ, എന്നെ അവരുടെ കൈയിൽ ഏല്പി
ച്ചുകൊടുക്കാൻ ആർക്കും അവകാശമില്ല..
കൈസരുടെ മുമ്പാകെ ഉപരിവിചാരണയ്ക്ക്
ഞാൻ അപേക്ഷിക്കുന്നു!" എന്നു മറുപടി
പറഞ്ഞു.
12അപ്പോൾ ഫെസ്തൊസ് തന്റെ ഉപ
ദേശകസമിതിയുമായി കൂടിയാലോചന നടത്തി
യിട്ട്: "കൈസരുടെ മുമ്പാകെ ഉപരിവിചാ
രണയ്ക്ക് അപേക്ഷിച്ചിരിക്കുന്ന നിങ്ങൾ
കൈസരുടെ അടുത്തേക്കുതന്നേ പോകും"
എന്നു പ്രഖ്യാപിച്ചു.

*ഫെസ്തൊസ് അഗ്രിപ്പാരാജാവിന്റെ ഉപദേശം തേടുന്നു*

13ഏതാനും ദിവസം കഴിഞ്ഞപ്പോൾ അഗ്രി
പ്പാരാജാവും ബർന്നീക്കയുംകൂടി ഫെസ്തൊ
സിന് അഭിവാദനം അർപ്പിക്കുവാൻ കൈസര്യ
യിൽ എത്തി. 14അവർ കുറെ അധികം
ദിവസങ്ങൾ അവിടെ ചെലവഴിച്ചതിനാൽ
ഫെസ്തൊസ് പൗലൊസിന്റെ കേസ് അഗ്രി
പ്പാരാജാവുമായി ചർച്ച ചെയ്തു. അദ്ദേഹം
ഇങ്ങനെ പറഞ്ഞു: "ഫേലിക്സ് തടവുകാ
രനായി വിട്ടേച്ചുപോയ ഒരു മനുഷ്യൻ
ഇവിടെയുണ്ട്. 15ഞാൻ യെരൂശലേമിൽ
ചെന്നപ്പോൾ, യഹൂദന്മാരുടെ മുഖ്യപുരോഹി
തന്മാരും പ്രമാണികളും അയാൾക്കെതിരേ
ആരോപണങ്ങൾ ഉന്നയിക്കുകയും അയാളെ
ശിക്ഷയ്ക്കു വിധിക്കണമെന്ന് അപേക്ഷി
ക്കുകയും ചെയ്തു.
16എന്നാൽ തനിക്കെതിരേ ആരോപണം
നടത്തുന്നവരെ മുഖാമുഖം കണ്ട് അവരുടെ ആ
രോപണങ്ങൾക്കെതിരായി പ്രതിവാദം നടത്തു
വാൻ അവസരം ലഭിക്കുന്നതിനുമുമ്പ് ഒരു മനു
ഷ്യനെ ഏല്പിച്ചുകൊടുക്കുന്നതു റോമാക്കാ
രുടെ സമ്പ്രദായമല്ല എന്നു ഞാൻ അവരോടു
പറഞ്ഞു. 17അവർ എന്നോടുകൂടെ ഇവിടെ
യെത്തിയപ്പോൾ ഞാൻ പ്രശ്നം വൈകിക്കാ
തെ പിറ്റേന്നുതന്നേ കോടതി വിളിച്ചുകൂട്ടുകയും
ആ മനുഷ്യനെ കൊണ്ടുവരാൻ കല്പിക്കുകയും
ചെയ്തു. 18എന്നാൽ വാദികൾ സംസാരിക്കാ
ൻ എഴുന്നേറ്റപ്പോൾ, ഞാൻ പ്രതീക്ഷിച്ചിരുന്നതു
പോലുള്ള ഒരു കുറ്റവും അവർ അയാളുടെമേൽ
ആരോപിച്ചില്ല. 19അവരുടെ മതത്തെയും മരി
ച്ചുപോയവനെങ്കിലും ജീവിച്ചിരിക്കുന്നുവെന്ന്
പൗലൊസ് അവകാശപ്പെടുന്ന യേശു എന്ന മനു
ഷ്യനെയും സംബന്ധിച്ചുള്ള ചില തർക്കങ്ങൾ
മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. 20ഇത്തരം
കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തേണ്ട
തെങ്ങനെയെന്ന് എനിക്കറിവില്ലായിരുന്നതി
നാൽ ഞാൻ അയാളോടു യെരൂശലേമിലേക്കു
പോകുവാനും അവിടെ ഈ ആരോപണങ്ങൾ
സംബന്ധിച്ച് വിസ്തരിക്കപ്പെടുവാനും ഒരു
ക്കമാണോ എന്നു ചോദിച്ചു. 21എന്നാൽ
ചക്രവർത്തിയുടെ തീരുമാനത്തിനായി തന്നെ
തടവിൽ സൂക്ഷിക്കണമെന്ന് പൗലൊസ്
അപേക്ഷിക്കയാൽ കൈസരുടെ അടുത്തേക്ക്
അയയ്ക്കുവാൻ കഴിയുന്നതുവരെ, അയാളെ
തടവിൽ വയ്ക്കുവാൻ ഞാൻ ആജ്ഞ
കൊടുത്തു."
22പിന്നീട് അഗ്രിപ്പാ ഫെസ്തൊസിനോട്:
"എനിക്ക് ആ മനുഷ്യന്റെ വാക്കുകൾ നേരിട്ടു
കേൾക്കാൻ താത്പര്യമുണ്ട്" എന്നു പറഞ്ഞു.
"അയാൾക്കു പറയുവാനുള്ളത് നാളെ അ
ങ്ങേയ്ക്കു കേൾക്കാം" ഫെസ്തൊസ് മറുപടി
പറഞ്ഞു.

*പൗലൊസ് അഗ്രിപ്പാവിന്റെ മുമ്പിൽ*

23പിറ്റേന്ന് അഗ്രിപ്പാവും ബർന്നീക്കയും
ഉയർന്ന ഉദ്യോഗസ്ഥന്മാരോടും നഗരത്തിലെ
പ്രമുഖന്മാരോടുംകൂടെ, ആഡംബരപൂർവ്വം
സമ്മേളനമുറിയിലേക്കു പ്രവേശിച്ചു.
ഫെസ്തൊസിന്റെ ആജ്ഞപ്രകാരം
പൗലൊസിനെ അകത്തേക്കു കൊണ്ടുവന്നു.
24അപ്പോൾ ഫെസ്തൊസ് ഇങ്ങനെ
പ്രസ്താവിച്ചു: "അഗ്രിപ്പാരാജാവേ, ഞങ്ങ
ളോടൊപ്പം സന്നിഹിതരായിരിക്കുന്ന ഏവരുമേ,
നിങ്ങൾ ഈ മനുഷ്യനെ കാണുന്നുവല്ലോ!
യഹൂദസമൂഹം ഒന്നടങ്കം യെരൂശലേമിലും
ഇവിടെ കൈസര്യയിലും ഇയാളെക്കുറിച്ചാണ്
എന്നോടു പരാതിപ്പെടുകയും ഇയാൾ ഒരു നി
മിഷംപോലും ജീവിച്ചിരുന്നുകൂടാ എന്ന് ഒച്ചപ്പാ
ടുണ്ടാക്കുകയും ചെയ്തത്. 25 മരണത്തിനർ
ഹമായതൊന്നും ഇയാൾ ചെയ്തിട്ടില്ല എന്നു
ഞാൻ മനസ്സിലാക്കി; എന്നാൽ ഇയാൾ ചക്ര
വർത്തിക്കു മുമ്പിൽ മേൽവിചാരണയ്ക്ക്
അപേക്ഷിച്ചിരിക്കയാൽ ഇയാളെ റോമിലേ
ക്കയയ്ക്കാൻ ഞാൻ തീരുമാനിച്ചു. 26എങ്കിലും
ഇയാളെക്കുറിച്ചു തിരുമനസ്സിലേക്ക് എഴുതു
വാൻ വ്യക്തമായ കാര്യമൊന്നും ഞാൻ കാ
ണുന്നില്ല. അതുകൊണ്ട് ഞാൻ ഇയാളെ നിങ്ങ
ളുടെ എല്ലാവരുടെയും മുമ്പാകെ, വിശിഷ്യ, അ
ഗ്രിപ്പാരാജാവേ, അങ്ങയുടെ മുമ്പിൽ കൊണ്ടു
വന്നിരിക്കുകയാണ്; ഈ വിചാരണയുടെ
ഫലമായി എഴുതുവാനുള്ള വക ലഭിക്കു
മെന്നാണെന്റെ പ്രതീക്ഷ. 27ആരോപണങ്ങൾ
വ്യക്തമാക്കാതെ തടവുകാരനെ അയയ്ക്കു
ന്നതു യുക്തമല്ല എന്നു ഞാൻ കരുതുന്നു."

26 അഗ്രിപ്പാ പൗലൊസിനോട്: "നിന്റെ
കാര്യം പറയുവാൻ നിനക്ക് അനുവാ
ദമുണ്ട്" എന്നു പറഞ്ഞു. പൗലൊസ് കൈ
നീട്ടിക്കൊണ്ട് പ്രതിവാദം ആരംഭിച്ചു:
2"അഗ്രിപ്പാരാജാവേ, യഹൂദരുടെ എല്ലാ ആ
രോപണങ്ങൾക്കും എതിരായി, അങ്ങയുടെ
മുമ്പിൽനിന്നുകൊണ്ട് എന്റെ പ്രതിവാദം
നടത്തുവാനിടയായതിൽ, ഞാൻ എന്നെത്തന്നേ
ഭാഗ്യവാൻ എന്നു കരുതുന്നു. 3പ്രത്യേകിച്ചും
യഹൂദ ആചാരങ്ങളെയും തർക്കങ്ങളെയുംപറ്റി
അങ്ങേയ്ക്കു നല്ല പരിചയമുണ്ടല്ലോ.
ആകയാൽ എനിക്കു പറയുവാനുള്ളതു ക്ഷമ
യോടെ കേൾക്കണമെന്നു ഞാൻ
അപേക്ഷിക്കുന്നു.
4"ജീവിതാരംഭം മുതൽ, ബാല്യത്തിൽ സ്വന്ത
ജനതയുടെ മധ്യത്തിലും പിന്നീട് യെരൂശ
ലേമിലും, ഞാൻ ജീവിച്ചുപോന്നിട്ടുള്ളത് ഏതു
വിധമെന്ന് എല്ലാ യഹൂദർക്കും അറിവു
ള്ളതാണ്. 5ഞങ്ങളുടെ മതത്തിൽ ഏറ്റവുമധികം
നിഷ്ഠ പുലർത്തുന്ന വിഭാഗത്തിൽ ഒരു പരീ
ശനായിട്ടാണ് ഞാൻ ജീവിച്ചതെന്ന് അവർക്കു
മനസ്സുണ്ടെങ്കിൽ എന്നെക്കുറിച്ചു സാക്ഷ്യം
പറയാം, ദീർഘകാലമായി അവർക്കെന്നെ അറി
യാമല്ലോ! 6ദൈവം ഞങ്ങളുടെ പിതാക്കന്മാർ
ക്കു നല്കിയ വാഗ്ദാനത്തിലുള്ള എന്റെ
പ്രത്യാശ നിമിത്തമത്രേ എന്നെ ഇന്നു വിസ്തരി
ക്കുന്നത്. 7ഞങ്ങളുടെ പന്ത്രണ്ടു ഗോത്രങ്ങളും
രാപ്പകൽ ശ്രദ്ധയോടെ ദൈവത്തെ ആരാധിച്ചു
പോരുന്നത് ഈവാഗ്ദാനം പ്രാപിക്കാമെന്ന
പ്രത്യാശയോടെയാണ്. അല്ലയോ രാജാവേ, ഈ
പ്രത്യാശ നിമിത്തമാണ് യഹൂദർ എന്റെമേൽ
ആരോപണം നടത്തുന്നത്. 8ദൈവം മരിച്ചവരെ
ഉയിർപ്പിക്കുന്നുവെങ്കിൽ അതു വിശ്വാസയോ
ഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നത് എന്തു
കൊണ്ട്?
9"അങ്ങനെ നസറായനായ യേശുവിന്റെ
നാമത്തിനു വിരോധമായി പലതും പ്രവർത്തി
ക്കണമെന്നു ഞാനും ചിന്തിച്ചിരുന്നു.
എങ്ങനെയും എതിർക്കേണ്ടതാണെന്നായി
രുന്നു എന്റെയും ബോധ്യം. 10യെരൂശലേമിൽ
ഞാൻ ചെയ്തതും അതുതന്നേ; മുഖ്യപുരോ
ഹിതന്മാരുടെ അധികാരപത്രം വാങ്ങി ഞാൻ
അനേകം വിശുദ്ധരെ തടവിലാക്കുകയും
അവരെ നിഗ്രഹിക്കുമ്പോൾ എന്റെ സമ്മതം
നല്കുകയും ചെയ്തിട്ടുണ്ട്. 11ഞാൻ പല
തവണ പള്ളികൾതോറും ചെന്ന് അവരെ ശിക്ഷി
ക്കുകയും ദൈവദൂഷണത്തിനു നിർബ്ബന്ധി
ക്കുകയും ചെയ്തു. അവർക്കെതിരേ ഭ്രാന്തു
പിടിച്ച്, അവരെ പീഡിപ്പിക്കുവാൻ ഞാൻ അന്യ
നഗരങ്ങളിലും പോയിരുന്നു.
12"അങ്ങനെയുള്ള ഒരു യാത്രയിൽ, ഞാൻ
മുഖ്യപുരോഹിതന്മാരിൽനിന്ന് അധികാരവും
ആജ്ഞയും വാങ്ങി ദമസ്കോസിലേക്കു
പോവുകയായിരുന്നു. 13അല്ലയോ രാജാവേ,
ഉച്ചയോടടുത്ത സമയം, ഞാൻ വഴിയിലൂടെ
പോകുമ്പോൾ ആകാശത്തുനിന്നു സൂര്യ
നേക്കാൾ ഉജ്ജ്വലമായ ഒരു പ്രകാശം എന്റെ
യും എന്റെ സഹയാത്രികരുടെയും ചുറ്റും
മിന്നുന്നതുകണ്ടു. 14ഞങ്ങളെല്ലാവരും നിലത്തു
വീണു; "ശൗലേ, ശൗലേ, നീ എന്നെ പീഡിപ്പി
ക്കുന്നതെന്ത്? മുള്ളാണിയിൽ തൊഴിക്കുന്നതു
നിനക്കു വിഷമം" എന്ന് എബ്രായഭാഷയിൽ
പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു.
15"അപ്പോൾ ഞാൻ 'അങ്ങ് ആരാകുന്നു,
കർത്താവേ?' എന്നു ചോദിച്ചു. 'നീ ഉപദ്രവി
ക്കുന്ന യേശുവാണു ഞാൻ' കർത്താവ് ഉത്തരം
പറഞ്ഞു. 16'നീ എഴുന്നേറ്റ് നിവിർന്നു നി
ല്ക്കുക; നീ കണ്ടതിനും ഇനി ഞാൻ നിനക്കു
കാണിച്ചുതരാനുള്ളതിനും നിന്നെ ഒരു ശുശ്രൂ
ഷകനും സാക്ഷിയുമാക്കേണ്ടതിനാണു ഞാൻ
നിനക്കു പ്രത്യക്ഷനായത്. 17നിന്റെ
സ്വന്തജനങ്ങളിൽനിന്നും വിജാതീയരിൽ
നിന്നും ഞാൻ നിന്നെ രക്ഷിക്കും. 18അവരുടെ
കണ്ണുകൾ തുറക്കുവാനും അവരെ ഇരുട്ടിൽ
നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ
അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്കും
തിരിക്കുവാനും അങ്ങനെ എന്നിലുള്ള വിശ്വാ
സത്താൽ അവർക്കു പാപക്ഷമയും വിശുദ്ധീ
കരിക്കപ്പെടുന്നവരുടെ ഇടയിൽ സ്ഥാനവും
ലഭിക്കുവാനും ഞാൻ നിന്നെ അവരുടെ അടു
ക്കലേക്ക് അയയ്ക്കുന്നു.'
19"അതുകൊണ്ട് അഗ്രിപ്പാരാജാവേ, ഞാൻ
സ്വർഗ്ഗീയദർശനത്തിന് അനുസരണക്കേടു
കാണിച്ചില്ല. 20ഒന്നാമത് ദമസ്കോസിലുള്ള
വരോടും പിന്നെ യെരൂശലേമിലും യഹൂദ്യ
യിലെങ്ങുമുള്ളവരോടും വിജാതീയരോടും,
അവർ മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു
തിരിയണമെന്നും അവരുടെ മാനസാന്തരം
പ്രവൃത്തികളിലൂടെ തെളിയിക്കണമെന്നും
ഞാൻ പ്രസംഗിച്ചു. 21 അതുകൊണ്ടാണ് യഹൂദ
ന്മാർ ദൈവാലയത്തിൽവച്ച് എന്നെ പിടിച്ചു
കൊല്ലാൻ ശ്രമിച്ചത്. 22ദൈവത്തിന്റെ സഹാ
യം ലഭിക്കുക നിമിത്തം ഞാൻ ഈ ദിവസം വ
രെയും ഉറച്ചു നില്ക്കയും ചെറിയവരോടും വലി
യവരോടും സാക്ഷ്യം പറകയും ചെയ്തു പോരു
ന്നു. 23ക്രിസ്തു കഷ്ടമനുഭവിക്കുമെന്നും മരി
ച്ചവരിൽനിന്നും ആദ്യനായി ഉയിർത്തെഴുന്നേറ്റ്
സ്വന്ത ജനത്തിനും വിജാതീയർക്കും വെളിച്ചം
വിളമ്പരം ചെയ്യുമെന്നും പ്രവാചകന്മാരും മോ
ശെയും ഭാവികാലത്തെക്കുറിച്ചു പ്രസ്താവിച്ച
തൊഴികെ മറ്റൊന്നും ഞാൻ പറയുന്നില്ല."
24പൗലൊസ് ഇങ്ങനെ പ്രതിവാദിച്ചുകൊണ്ടി

രിക്കുമ്പോൾ ഫെസ്തോസ് ഉച്ചത്തിൽ
പറഞ്ഞു," പൗലൊസേ, നീനക്കു ഭ്രാന്താണ്.
വിദ്യാബഹുത്വത്താൽ നിനക്കു ഭ്രാന്തു
പിടിച്ചിരിക്കുന്നു."

25അതിനു പൗലൊസ്: "ബഹുമാന്യനായ
ഫെസ്തൊസേ, എനിക്കു ഭ്രാന്തില്ല; ഞാൻ
പറയുന്നത് സത്യവും യുക്തവുമാണ്. 26രാജാ
വിന് ഈ കാര്യങ്ങൾ നന്നായി അറിയാ
വുന്നതുകൊണ്ട്, എനിക്ക് അദ്ദേഹത്തോടു
സ്വതന്ത്രമായി സംസാരിക്കാം. ഇത് ഏതോ ഒരു
കോണിൽ നടന്ന കാര്യമല്ല. അതുകൊണ്ട് ഇത്
അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ പോ
യിട്ടില്ല എന്ന് എനിക്കുറപ്പുണ്ട്. 27അഗ്രിപ്പാ
രാജാവേ, അങ്ങു പ്രവാചകന്മാരെ വിശ്വസി
ക്കുന്നുവോ? വിശ്വസിക്കുന്നുവെന്ന് എനി
ക്കറിയാം." 28അപ്പോൾ അഗ്രിപ്പാ പൗലൊസി
നോട്: "ഈ അല്പസമയത്തിനുള്ളിൽ എന്നെ
ഒരു ക്രിസ്ത്യാനിയാക്കാമെന്നാണോ നീ ചിന്തി
ക്കുന്നത്?" എന്നു ചോദിച്ചു. 29അതിനു
പൗലൊസ്, "അല്പസമയത്തിനുള്ളിലോ അധി
കസമയത്തിനുള്ളിലോ, എങ്ങനെയായാലും,
അങ്ങുമാത്രമല്ല, ഇന്ന് എന്റെ വാക്കു കേൾ
ക്കുന്ന എല്ലാവരും, ഈ ചങ്ങലയൊഴികെ,
എന്നെപ്പോലെ ആയിത്തീരണം എന്നു ഞാൻ
ദൈവത്തോടു പ്രാർത്ഥിക്കുന്നു" എന്നു മറുപടി
പറഞ്ഞു.

30രാജാവും ദേശാധിപതിയും ബർന്നീക്കയും
അവരോടുകൂടെ ഇരുന്നവരും എഴുന്നേറ്റു.
31അവർ മുറി വിട്ടുപോകുമ്പോൾ, "ഈ മനു
ഷ്യൻ മരണത്തിനോ തടവിനോ അർഹമായ
തൊന്നും ചെയ്തിട്ടില്ല" എന്ന് അന്യോന്യം
പറഞ്ഞു. 32 അഗ്രിപ്പാ ഫെസ്തൊസിനോട്:
"ഇയാൾ കൈസരുടെ മുമ്പാകെ മേൽവിചാ
രണയ്ക്ക് അഭ്യർത്ഥിച്ചിരുന്നില്ലെങ്കിൽ ഇയാളെ
വിട്ടയയ്ക്കാമായിരുന്നു" എന്നു പറഞ്ഞു.

*റോമിലേയ്ക്കുള്ള കപ്പൽയാത്ര*

27 ഞങ്ങൾ ഇറ്റലിയിലേക്കു കപ്പൽ
യാത്ര ചെയ്യണമെന്നു തീരുമാനമായ
പ്പോൾ അവർ പൗലൊസിനെയും മറ്റു ചില
തടവുകാരെയും ഔഗുസ്ത്യ സേനാവിഭാഗ
ത്തിൽപ്പെട്ട, യൂലിയൊസ് എന്ന ശതാധിപനെ
ഏല്പിച്ചു. 2ഏഷ്യയുടെ തീരത്തുള്ള
സ്ഥലങ്ങൾക്കു സമീപേകൂടി യാത്ര ചെയ്യു
വാൻപുറപ്പെടുന്ന ഒരു അദ്രമുത്ത്യക്കപ്പലിൽ
ഞങ്ങൾ യാത്രയാരംഭിച്ചു. തെസ്സലോനിക്ക
യിൽ നിന്നുള്ള മാസിഡോണിയക്കാരനായ
അരിസ്തർഹോസും ഞങ്ങളോടുകൂടെയു
ണ്ടായിരുന്നു.

3പിറ്റേദിവസം ഞങ്ങൾ സീദോനിൽ ഇറങ്ങി:
യൂലിയൊസ് പൗലൊസിനോടുള്ള ദയ നിമി
ത്തം അദ്ദേഹത്തിനു തന്റെ സ്നേഹിതന്മാരുടെ
അടുക്കൽ പോകുവാനും ആവശ്യമുള്ള സൽ
ക്കാരങ്ങൾ സ്വീകരിക്കുവാനും അനുവാദം
നല്കി. 4അവിടെനിന്നും ഞങ്ങൾ കപ്പൽയാത്ര
തുടർന്നു; കാറ്റു പ്രതികൂലമായിരുന്നതുകൊണ്ട്
സൈപ്രസ്ദ്വീപിന്റെ മറ പറ്റിയാണ് ഓടിയത്.
5കിലിക്യയുടെയും പംഫുല്യയുടെയും തീര
ത്തോടുചേർന്ന്, യാത്ര ചെയ്ത് ഞങ്ങൾ ലു
ക്കിയയിലെ മുറായിൽ എത്തി. 6അവിടെ
ഇറ്റലിയിലേയ്ക്കു പോകുന്ന ഒരു
അലക്സാന്ത്രിയാക്കപ്പൽ കണ്ടിട്ടു ശതാധിപൻ
ഞങ്ങളെ അതിൽ കയറ്റി. 7ഞങ്ങളുടെ യാത്ര
പല ദിവസങ്ങളോളം തീരെ മന്ദഗതിയിലായി
രുന്നു; വളരെ പ്രയാസപ്പെട്ട് ഞങ്ങൾ ക്നീദോ
സിനു സമീപത്തെത്തി. മുമ്പോട്ടുപോകുവാൻ
കാറ്റനുവദിക്കാതിരുന്നതുകൊണ്ട് ഞങ്ങൾ
സാല്മോനെതിരേയുള്ള ക്രീറ്റ് ദ്വീപിന്റെ
മറവിലേക്കു കപ്പലോടിച്ചു. 8തീരത്തോടു
ചേർന്നു ക്ലേശിച്ചു മുമ്പോട്ടുനീങ്ങി, ലസയ്യ
പട്ടണത്തിനടുത്തുള്ള 'ശുഭതുറമുഖം' എന്നറി
യപ്പെടുന്ന സ്ഥലത്തെത്തി.

9ഇതിനോടകം ഞങ്ങൾക്കു വളരെ സമയം
നഷ്ടമായി. ഉപവാസകാലം കഴിഞ്ഞിരുന്നു.
അപ്പോഴേക്കും, സമുദ്രയാത്ര ആപൽക്കരമാ
യിത്തീർന്നിരുന്നതിനാൽ 10പൗലൊസ് അവർ
ക്കു മുന്നറിയിപ്പു നല്കിക്കൊണ്ടു പറഞ്ഞു:
"പുരുഷന്മാരേ, നമ്മുടെ സമുദ്രയാത്ര വിനാ
ശകരമാവും. അതു കപ്പലിനും ചരക്കിനും
നമ്മുടെ ജീവനുപോലും നഷ്ടം വരുത്തുവാൻ
പോകുന്നതായി ഞാൻ കാണുന്നു." 11എന്നാൽ
ശതാധിപൻ പൗലൊസിന്റെ വാക്കുകളെ
ക്കാൾ കപ്പിത്താന്റെയും കപ്പലുടമയുടെയും
ഉപദേശമാണു കൂടുതൽ ശ്രദ്ധിച്ചത്.

12ആ തുറമുഖം ശീതകാലം ചെലവഴിക്കാൻ
യോജിച്ചതല്ലായിരുന്നതുകൊണ്ട്, ഫൊയ്നീക്യ
യിലെത്തി ശീതകാലത്ത് അവിടെ പാർ
ക്കാമെന്ന പ്രതീക്ഷയിൽ യാത്ര തുടരണമെന്നു
ഭൂരിപക്ഷം ആളുകളും അഭിപ്രായപ്പെട്ടു. തെക്കു
പടിഞ്ഞാറോട്ടും വടക്കു പടിഞ്ഞാറോട്ടും
കടലിലേക്കു ദർശനമുള്ള ക്രേത്തയിലെ
തുറമുഖമാണു ഫൊയ്നീക്യ.

*കൊടുങ്കാറ്റ്*

13തെക്കൻകാറ്റു മന്ദമായി വീശിത്തുടങ്ങിയ
പ്പോൾ, തങ്ങളുടെ ഉദ്ദേശ്യം സാധിച്ചു എന്ന്
അവർ വിചാരിച്ചു. അതുകൊണ്ടു നങ്കൂരം
ഉയർത്തി, ക്രേത്തയുടെ തീരംചേർന്ന് അവർ
യാത്ര തുടർന്നു. 14എന്നാൽ അധികം സമയം
ആകുന്നതിനു മുമ്പുതന്നേ, 'വടക്കു കിഴക്കൻ'
എന്ന കൊടുങ്കാറ്റു ദ്വീപിൽനിന്ന് ആഞ്ഞടിച്ചു.
15കപ്പൽ കൊടുങ്കാറ്റിൽ അകപ്പെട്ടു; കാറ്റിനെ

തിരായി മുമ്പോട്ടുപോകുവാൻ സാധ്യമല്ലാ
തായി. അതുകൊണ്ട് ഞങ്ങൾ കാറ്റിനു വിധേയ
പ്പെടുകയും അതു ഞങ്ങളെ ഒഴുക്കിക്കൊ
ണ്ടുപോവുകയും ചെയ്തു. 16ക്ലൗദ എന്ന
കൊച്ചുദ്വീപിന്റെ മറപറ്റി ഞങ്ങൾ ഓടിക്കൊണ്ടി
രുന്നപ്പോൾ, പ്രാണരക്ഷയ്ക്കുപയോഗിക്കുന്ന
തോണി സുരക്ഷിതമായി വയ്ക്കുവാൻ ഞങ്ങൾ
വളരെ പ്രയാസപ്പെട്ടു. 17അതു വലിച്ചുപൊക്കി
കപ്പലിനോടു ചേർത്തുകെട്ടി ഉറപ്പിച്ചു. അതിനു
ശേഷം, കപ്പൽ സിർതീസിലെ മണൽത്തി
ട്ടകളിൽ ചെന്നുകയറുമെന്നു പേടിച്ച് കപ്പൽപ്പാ
യ്കൾ താഴ്ത്തി, കപ്പലിനെ അതിന്റെ ഗതി
ക്കുവിട്ടു. 18പിറ്റേന്ന് ഉഗ്രമായ കൊടുങ്കാ
റ്റിൽപ്പെട്ട് കപ്പൽ ആടിയുലഞ്ഞതിനാൽ, അവർ
ചരക്കുകൾ കടലിലേക്ക് എറിഞ്ഞുകളയാൻ
തുടങ്ങി. 19മൂന്നാം ദിവസം അവർ സ്വന്തകൈ
കൊണ്ടു കപ്പലിന്റെ ഉപകരണങ്ങളും എറി
ഞ്ഞുകളഞ്ഞു. 20അനേകം ദിവസങ്ങൾ സൂര്യ
നെയോ നക്ഷത്രങ്ങളെയോ കാണാൻ കഴി
ഞ്ഞില്ല; കൊടുങ്കാറ്റ് തുടരെയടിച്ചുകൊണ്ടി
രുന്നു; രക്ഷപ്പെടുമെന്നുള്ള സകല പ്രതീക്ഷയും
ഒടുവിൽ ഞങ്ങൾക്കു നഷ്ടമായി.

21അവർ ദിവസങ്ങളായി ഭക്ഷണം കഴിക്കാ
തിരുന്നപ്പോൾ, പൗലൊസ് അവരുടെ മുമ്പിൽ
എഴുന്നേറ്റു നിന്നുകൊണ്ട് ഇങ്ങനെ പറഞ്ഞു:
"മാന്യരേ, ക്രേത്തയിൽനിന്നു യാത്ര പുറപ്പെ
ടരുതെന്നുള്ള എന്റെ ഉപദേശം നിങ്ങൾ സ്വീ
കരിക്കേണ്ടതായിരുന്നു; എങ്കിൽ ഈ നാശ
നഷ്ടങ്ങൾ ഒഴിവാക്കാമായിരുന്നു. 22എങ്കിലും
ഇപ്പോൾ ധൈര്യത്തോടെയിരിപ്പാൻ ഞാൻ നി
ങ്ങളോടു നിർബ്ബന്ധമായി പറയുന്നു. നിങ്ങളി
ലാർക്കും ജീവഹാനി സംഭവിക്കുകയില്ല, കപ്പൽ
മാത്രമേ നശിക്കുകയുള്ളു. 23ഞാൻ സേവി
ക്കുന്ന എന്റെ ഉടയവനായ ദൈവത്തിന്റെ
ഒരു ദൂതൻ കഴിഞ്ഞ രാത്രിയിൽ എന്റെ അടു
ക്കൽ വന്നുനിന്ന് 24എന്നോടു, "പൗലൊസേ,
ഭയപ്പെടേണ്ടാ, നീ കൈസറുടെ മുമ്പിൽ വി
സ്താരത്തിനു നില്ക്കേണ്ടവനാകുന്നു.
നിന്നോടൊപ്പം യാത്രചെയ്യുന്നവരെ ദൈവം
നിനക്കു നല്കിയിരിക്കുന്നു" എന്നു പറഞ്ഞു.
25ആകയാൽ മാന്യരേ, ധൈര്യപ്പെട്ടിരിപ്പിൻ,
എന്നോട് അരുളിച്ചെയ്തതുപോലെതന്നേ
സംഭവിക്കുമെന്ന് ദൈവത്തിൽ എനിക്കു വി
ശ്വാസമുണ്ട്. 26എങ്കിലും നാം ഒരു ദ്വീപിന്റെ
കരയ്ക്കടിയേണ്ടതാകുന്നു."

*കപ്പൽച്ചേതം*

27പതിന്നാലാം രാത്രിയിൽ, ഞങ്ങൾ അദ്രിയ
ക്കടലിലൂടെ [a] ഒഴുക്കിൽപ്പെട്ടു പോകുമ്പോൾ,
ഏതാണ്ട് അർദ്ധരാത്രിക്ക്, തങ്ങൾ കരയോടടു
ക്കുന്നുവെന്നു നാവികർക്കു തോന്നി 28അവിടെ
വെള്ളത്തിന്റെ ആഴം അളന്നു നോക്കിയപ്പോൾ
ഏകദേശം നൂറ്റിയിരുപത് അടിയെന്നു [b] മനസ്സി
ലാക്കി. അല്പംകൂടി കഴിഞ്ഞിട്ടു വീണ്ടും
അളന്നു; ആഴം ഏകദേശം തൊണ്ണൂറ് അടി
യെന്നു [c] കണ്ടു. 29ഞങ്ങൾ പാറക്കെട്ടുകളിൽ
തട്ടിത്തകരുമെന്നുള്ള ഭയത്താൽ അവർ നാലു
നങ്കൂരങ്ങൾ അമരത്തുനിന്നു താഴ്ത്തി, നേരം
പുലരുന്നതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടി
രുന്നു. 30അണിയത്തുനിന്നു നങ്കൂരം ഇറക്കുന്നു
എന്ന ഭാവത്തിൽ പ്രാണരക്ഷയ്ക്കുപയോഗി
ക്കുന്ന തോണി കടലിലിറക്കി നാവികർ
കപ്പലിൽനിന്നു രക്ഷപ്പെടാൻ ശ്രമിച്ചു. 31അ
പ്പോൾ പൗലൊസ് ശതാധിപനോടും പട്ടാളക്കാ
രോടും: "ഈ ആളുകൾ കപ്പലിൽത്തന്നേ
നിന്നില്ലെങ്കിൽ നിങ്ങൾക്കു രക്ഷപ്പെടാൻ കഴി
യുകയില്ല എന്നു പറഞ്ഞു. 32അപ്പോൾ പട്ടാ
ളക്കാർ കയർ മുറിച്ചു തോണി കടലിൽ തള്ളി.

33പുലർച്ചയ്ക്ക് അല്പംമുമ്പ് പൗലൊസ്
അവരെയെല്ലാവരെയും ആഹാരം കഴിക്കുവാൻ
നിർബ്ബന്ധിച്ചു. "കഴിഞ്ഞ പതിന്നാലു ദിവസമാ
യി നിങ്ങൾ നിരന്തരമായ അനിശ്ചിതത്വംമൂലം
ആഹാരംവെടിഞ്ഞു കഴിയുകയായിരുന്നുവ
ല്ലോ. 34അല്പം ആഹാരം കഴിക്കണമെന്ന്
ഞാനിപ്പോൾ നിങ്ങളോടു നിർബ്ബന്ധപൂർവ്വം അ
പേക്ഷിക്കുന്നു. നിങ്ങളുടെ ജീവരക്ഷയ്ക്ക് അത്
ആവശ്യമാണ്. നിങ്ങളിൽ ആരുടെയും ഒരു
തലമുടിപോലും നഷ്ടമാവുകയില്ല" എന്ന്
അദ്ദേഹം അവരോടു പറഞ്ഞു. 35ഇതു
പറഞ്ഞതിനുശേഷം അദ്ദേഹം അപ്പമെടുത്ത്
എല്ലാവരും കാൺകെ ദൈവത്തിനു സ്തോത്രം
ചെയ്തു മുറിച്ചു തിന്നുതുടങ്ങി. 36അപ്പോൾ
അവർക്കെല്ലാവർക്കും ധൈര്യമായി; അവരും
ഭക്ഷണം കഴിച്ചു. 37കപ്പലിൽ ഞങ്ങളെല്ലാവരും
കൂടി ഇരുനൂറ്റിയെഴുപത്തിയാറു പേരുണ്ടായി
രുന്നു. 38എല്ലാവരും വേണ്ടുവോളം ഭക്ഷിച്ചതി
നുശേഷം ധാന്യം കടലിലേക്കു കളഞ്ഞ്
കപ്പലിന്റെ ഭാരം കുറച്ചു.

39നേരം വെളുത്തപ്പോൾ, സ്ഥലം ഏതെന്നു
തിരിച്ചറിയാൻ അവർക്കു കഴിഞ്ഞില്ല. എങ്കിലും
മണൽത്തീരമുള്ള ഒരു ഉൾക്കടൽ കണ്ടിട്ട്,
കഴിയുമെങ്കിൽ കപ്പൽ അവിടെ അടുപ്പിക്കാൻ
അവർ നിശ്ചയിച്ചു.

40 അവർ നങ്കൂരങ്ങൾ മുറിച്ചു കടലിൽത്തള്ളു
കയും ചുക്കാൻ ബന്ധിച്ചിരുന്ന കയർ അഴിച്ചു
വിടുകയും ചെയ്തു. പിന്നീട് കാറ്റിനെതിരേ
പായ നിവർത്തി കരയ്ക്കു നേരേ നീങ്ങി.
41എന്നാൽ കപ്പൽ ഇരുകടൽസന്ധിയിലെ ഒരു

[a] 27 പുരാതനകാലത്ത് ഇറ്റലിക്കു തെക്കുവശത്തേക്കു വ്യാപിച്ചിരുന്ന മേഖല [b] 28 ഗ്രീക്കിൽ, *20 ഒർഗ്വസ്* ( ഏകദേശം 37 മീറ്റർ ) [c] 28 ഗ്രീക്കിൽ *15 ഒർഗ്വസ്* (ഏകദേശം 27 മീറ്റർ)

മണൽത്തിട്ടയിൽ കയറി ഉറച്ചുപോയി. അണി
യം അനക്കമില്ലാതാവുകയും അമരം തിരകളു
ടെ ആഘാതത്തിൽ തകർന്നുപോവുകയും
ചെയ്തു.
42തടവുകാരിൽ ആരും നീന്തി രക്ഷപ്പെടാതി
രിക്കാൻ അവരെ കൊന്നുകളയണമെന്നു പടയാ
ളികൾ ആലോചിച്ചു. 43എന്നാൽ ശതാധിപൻ
പൗലൊസിൻെറ ജീവൻ രക്ഷിക്കാൻ ആഗ്രഹി
ച്ചതുകൊണ്ട് ആ ആലോചനയിൽ നിന്ന് അവ
രെ തടഞ്ഞു. നീന്താൻ കഴിവുള്ളവർ കപ്പലിൽ
നിന്ന് ആദ്യം ചാടി നീന്തി കരയ്ക്കെത്തിക്കൊ
ള്ളുവാനും 44ശേഷമുള്ളവർ പലകകളിലോ
കപ്പലിൻെറ അവശിഷ്ടങ്ങളിലോ പിടിച്ചു
കരയിൽ എത്തുവാനും അദ്ദേഹം ഉത്തരവിട്ടു.
ഇങ്ങനെ എല്ലാവരും സുരക്ഷിതരായി കരയ്
ക്കെത്തി.

*മാൾട്ടാദ്വീപിൽ*

28 രക്ഷപ്പെട്ടുകഴിഞ്ഞപ്പോൾ, അത്
മാൾട്ടാ എന്നു പേരുള്ള ഒരു ദ്വീ
പാണെന്ന് ഞങ്ങൾ മനസ്സിലാക്കി. 2ദ്വീപുനി
വാസികൾ ഞങ്ങളോട് അസാധാരണമായ കനി
വു കാണിച്ചു. മഴയും തണുപ്പും ഉണ്ടായി
രുന്നതുകൊണ്ട് അവർ തീ കൂട്ടി ഞങ്ങളെ എല്ലാ
വരെയും സ്വാഗതം ചെയ്തു. 3പൗലൊസ് ഒരു
കെട്ട് ചുള്ളിക്കമ്പുകൾ ശേഖരിച്ചു തീയിലേക്കി
ടുമ്പോൾ ഒരണലി ചൂടുകൊണ്ടു പുറത്തുചാടി
അദ്ദേഹത്തിൻെറ കയ്യിൽ ചുറ്റി. 4ഇങ്ങനെ
പൗലൊസിൻെറ കയ്യിൽ പാമ്പു തൂങ്ങിക്കിട
ക്കുന്നതു കണ്ടിട്ട് ദ്വീപുനിവാസികൾ, "ഈ മനു
ഷ്യൻ തീർച്ചയായും ഒരു കൊലപാതകനാണ്;
കടലിൽനിന്നു രക്ഷപ്പെട്ടിട്ടും നീതിദേവി
ഇയാളെ ജീവിക്കാൻ അനുവദിക്കുന്നില്ലല്ലോ!"
എന്നു തമ്മിൽ പറഞ്ഞു. 5എന്നാൽ, പൗലൊസ്
ആ പാമ്പിനെ തീയിലേക്കു കുടഞ്ഞുകളഞ്ഞു;
ദോഷമൊന്നും സംഭവിച്ചില്ല. 6അദ്ദേഹം നീരു
വച്ചു വീങ്ങുകയോ പൊടുന്നനെ മരിച്ചുവീഴു
കയോ ചെയ്യുമെന്നു ജനങ്ങൾ പ്രതീക്ഷിച്ചു;
എന്നാൽ ഏറെനേരം കാത്തിരുന്നിട്ടും അനർത്ഥ
മൊന്നും സംഭവിക്കുന്നില്ല എന്നു കണ്ടപ്പോൾ
അവർ മനസ്സുമാറ്റി, അദ്ദേഹം ഒരു ദേവൻതന്നേ
എന്നു പറഞ്ഞു.
7ദ്വീപു പ്രമാണിയായിരുന്ന പുബ്ലിയൊസി
ന് അവിടെയടുത്ത് കുറെ സ്ഥലം ഉണ്ടായി
രുന്നു. അദ്ദേഹം ഞങ്ങളെ വീട്ടിലേക്കു ക്ഷണി
ച്ചു മൂന്നുദിവസം ആദരവോടെ സൽക്കരിച്ചു.
8അവൻെറ പിതാവ് പനിയും അതിസാരവും
പിടിപെട്ടു കിടപ്പിലായിരുന്നു. പൗലൊസ് അ
ദ്ദേഹത്തെ കാണാൻ അകത്തേക്കു ചെന്നു;
പ്രാർത്ഥിച്ച് അദ്ദേഹത്തിൻെറമേൽ കൈവച്ചു
സൗഖ്യമാക്കി. 9ഈ സംഭവത്തെ ത്തുടർന്നു
ദ്വീപിലെ മറ്റു രോഗികളും വന്നു സൗഖ്യം
പ്രാപിച്ചു. 10അവർ പല സമ്മാനങ്ങൾ നല്കി
ഞങ്ങളെ ബഹുമാനിച്ചു. യാത്ര പുറപ്പെട്ടപ്പോൾ,
ഞങ്ങൾക്കാവശ്യമായിരുന്നതെല്ലാം കൊണ്ടു
വന്നു തന്നു.

*റോമിൽ എത്തുന്നു*

11മൂന്നു മാസത്തിനുശേഷം, ആ ദ്വീപിൽ ശീ
തകാലം കഴിയുന്നതുവരെ നങ്കൂരമടിച്ചു കിട
ന്നിരുന്ന അശ്വിനിചിഹ്നമുള്ള[a] ഒരു അലക്സ
ന്ത്രിയാ കപ്പലിൽ ഞങ്ങൾ യാത്ര പുറപ്പെട്ടു.
12ഞങ്ങൾ സുറക്കൂസയിലെത്തി മൂന്നുദിവസം
അവിടെ പാർത്തു. 13അവിടെനിന്നു യാത്രതിരി
ച്ച് രെഗ്യൊനിൽ എത്തി. പിറ്റേന്ന് തെക്കൻകാറ്റു
വീശിയതിനാൽ അതിൻെറ അടുത്തദിവസം
ഞങ്ങൾ പുത്യൊലിയിൽ എത്തി. 14അവിടെ
ഏതാനും സഹോദരരെ കാണുകയും അവർ
ഞങ്ങളെ ഒരാഴ്ചത്തേക്ക് അവരോടുകൂടെ
പാർക്കുവാൻ ക്ഷണിക്കുകയും ചെയ്തു. പിന്നെ
ഞങ്ങൾ റോമിലേക്കു പോയി. 15അവിടെയു
ള്ള സഹോദരർ, ഞങ്ങൾ വരുന്നുവെന്നു കേട്ടി
രുന്നു; അവർ ഞങ്ങളെ സ്വീകരിക്കുവാൻ
അപ്യപുരവും ത്രിമണ്ഡപവും വരെ വന്നു. അവ
രെ കണ്ടപ്പോൾ പൗലൊസ് ദൈവത്തിനു നന്ദി
പറയുകയും ധൈര്യപ്പെടുകയും ചെയ്തു.
16ഞങ്ങൾ റോമിലെത്തിയശേഷം പൗലൊ
സിന്, തൻെറ കാവലിനു നിയോഗിക്കപ്പെട്ട
പടയാളിയോടൊപ്പം വേറിട്ടു താമസിക്കുവാൻ
അനുവാദം കിട്ടി.

*പൗലൊസ് റോമിൽ പ്രസംഗിക്കുന്നു*

17മൂന്നുദിവസം കഴിഞ്ഞ് അദ്ദേഹം യഹൂദ
നേതാക്കളെ വിളിച്ചുകൂട്ടി. അവർ വന്നുകൂടിയ
പ്പോൾ പൗലൊസ് അവരോടു പ്രസ്താവിച്ചു:
"എൻെറ സഹോദരന്മാരേ, ഞാൻ നമ്മുടെ
ജനങ്ങൾക്കോ നമ്മുടെ പിതാക്കന്മാരുടെ
ആചാരങ്ങൾക്കോ എതിരായി ഒന്നും പ്രവർത്തി
ച്ചിട്ടില്ല. എങ്കിലും യെരൂശലേമിൽവച്ച് എന്നെ
തടവുകാരനാക്കി റോമാക്കാരുടെ കയ്യിൽ
ഏല്പിച്ചു. 18മരണശിക്ഷയ്ക്ക് അർഹമായ
കുറ്റകൃത്യമൊന്നും ഞാൻ ചെയ്തിട്ടില്ലായി
രുന്നതുകൊണ്ട് അവരെന്നെ വിചാരണ
ചെയ്ത ശേഷം സ്വതന്ത്രനായി വിടാൻ ആ
ഗ്രഹിച്ചു. 19എന്നാൽ യഹൂദർ എതിർത്തപ്പോൾ
ഞാൻ കൈസറുടെ മുമ്പാകെ മേൽവിചാ
രണയ്ക്ക് അപേക്ഷിക്കുവാൻ നിർബ്ബന്ധിതനാ
യി. സ്വജനങ്ങൾക്കെതിരേ എന്തെങ്കിലും പരാ
തിയുണ്ടായിരുന്നതുകൊണ്ടല്ല ഇങ്ങനെ
ചെയ്തത്. 20ഇക്കാരണത്താൽ, നിങ്ങളെ കാ

a 11 അല്ലെങ്കിൽ, *കാസ്റ്റർ, പൊലക്സ് എന്നീ ഇരട്ട ദേവന്മാരുടെ ചിഹ്നമുള്ള*

ണണമെന്നും നിങ്ങളോടു സംസാരിക്കണ
മെന്നും ഞാൻ ആവശ്യപ്പെട്ടു. യിസ്രായേലിൻെറ
പ്രത്യാശ നിമിത്തമത്രേ ഞാൻ ഈ ചങ്ങലയാൽ
ബന്ധിതനായിരിക്കുന്നത്."

21"താങ്കളെ സംബന്ധിച്ച് ഞങ്ങൾക്കു യഹൂ
ദ്യയിൽനിന്ന് കത്തുകളൊന്നും ലഭിച്ചിട്ടില്ല;
അവിടെനിന്നു വന്ന സഹോദരങ്ങളിലാരും
താങ്കളെപ്പറ്റി ദോഷമായ വിവരങ്ങൾ അറിയി
ക്കുകയോ സംസാരിക്കുകയോ ചെയ്തിട്ടുമില്ല.
22എന്നാൽ എല്ലായിടത്തുമുള്ള ജനങ്ങൾ ഈ
മതവിഭാഗത്തെ എതിർത്തു സംസാരി
ക്കുന്നതായി അറിയുന്നതുകൊണ്ട്, താങ്കളുടെ
അഭിപ്രായം കേൾക്കാൻ ഞങ്ങളാഗ്രഹിക്കുന്നു.

23അവർ ഒരു ദിവസം നിശ്ചയിച്ചു; അന്നു
നിരവധി ആളുകൾ അദ്ദേഹം താമസിച്ചിരുന്ന
സ്ഥലത്തു വന്നെത്തി. രാവിലെമുതൽ സന്ധ്യ
വരെ അദ്ദേഹം അവരോടു ദൈവരാജ്യത്തെപ്പറ്റി
വിശദീകരിച്ചു പ്രസംഗിക്കുകയും മോശെയുടെ
ന്യായപ്രമാണത്തിൽനിന്നും പ്രവാചകപു
സ്തകങ്ങളിൽനിന്നും യേശുവിനെപ്പറ്റി അവരെ
ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയും
ചെയ്തു. 24അദ്ദേഹം പറഞ്ഞതു ചിലർക്കു
ബോധ്യപ്പെട്ടു; മറ്റുചിലർ വിശ്വസിച്ചില്ല. 25അവർ
തമ്മിൽ യോജിപ്പിലെത്താതെ സ്ഥലംവിടാൻ
തുടങ്ങിയപ്പോൾ പൗലൊസ് ഇങ്ങനെ
പ്രസ്താവിച്ചു:

26"ഈ ജനത്തിൻെറ അടുത്തുചെന്ന്
അവരോടു പറയേണ്ടത്: 'നിങ്ങൾ ചെവി
കൊണ്ടു കേട്ടിട്ടും ഗ്രഹിക്കുകയില്ല; കണ്ണു
കൊണ്ടു കണ്ടിട്ടും മനസ്സിലാക്കുകയില്ല,
അവർ കണ്ണുകൊണ്ടു കാണുകയോ ചെവി
കൊണ്ടു കേൾക്കുകയോ, ഹൃദയംകൊണ്ടു
ഗ്രഹിക്കുകയോ മനം തിരിയുകയോ ഞാ
നവരെ സൗഖ്യമാക്കുകയോ ചെയ്യാതിരി
ക്കേണ്ടതിന് ഈ ജനത്തിൻെറ ഹൃദയം
തടിച്ചിരിക്കുന്നു. അവരുടെ ചെവികേൾ
ക്കാതെ മന്ദമായിരിക്കുന്നു; അവരുടെ കണ്ണ്
അടഞ്ഞിരിക്കുന്നു എന്ന് ഈ ജനത്തിൻെറ
അടുക്കൽ പോയിപ്പറയുക'[a] എന്ന് പരിശു
ദ്ധാത്മാവ് യെശയ്യാപ്രവാചകനിലൂടെ നി
ങ്ങളുടെ പിതാക്കന്മാരോട് പറഞ്ഞിട്ടുള്ളത്
സത്യം തന്നേ."

28ആകയാൽ ദൈവം തൻെറ രക്ഷ വിജാതീ
യർക്ക് അയച്ചിരിക്കുന്നു, അവർ ശ്രദ്ധിക്കും എ
ന്നു നിങ്ങളറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു."

29പൗലൊസ് രണ്ടുവർഷം മുഴുവൻ താൻ വാ
ടകയ്ക്കെടുത്ത വീട്ടിൽ പാർത്തുകൊണ്ട്,
തന്നെ കാണാൻ വന്ന എല്ലാവരെയും സ്വീ
കരിച്ചു. 30ധൈര്യത്തോടെയും തടസ്സംകൂടാ
തെയും അദ്ദേഹം ദൈവരാജ്യം പ്രസംഗിച്ചും
കർത്താവായ യേശുക്രിസ്തുവിനെപ്പറ്റി പഠി
പ്പിച്ചുംകൊണ്ടിരുന്നു.